## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിമൂന്നാമത് റിപ്പോർട്ട്

(2021 നവംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09, 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിമൂന്നാമത് റിപ്പോർട്ട്

(2021 നവംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09, 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

38/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 57 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 77 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി. , ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീനശിവദാസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09, 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്.

2-11-2021-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 2.

# റിപ്പോർട്ട്

## ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച്

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09, 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

ഓഡിറ്റ് ഖണ്ഡിക

**ക്ഷേമനിധി ബോർഡുകൾ**

18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെയും നിയമങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓഫീസ് നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെ അഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിനും ഐക്യരൂപമില്ല. വിവിധ ക്ഷേമനിധികളിലെ അംശാദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു:

| ക്രമ നമ്പർ | ക്ഷേമനിധി ബോർഡ് | ഓഡിറ്റ് റിപ്പോർട്ട് വർഷം | അംശാദായ തുക (കുടിശ്ശിക) |
|---|---|---|---|
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി | 2000-01 മുതൽ 2004-05 വരെ | 1.19 ലക്ഷം |

വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നതിലും, യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഓരോ ക്ഷേമനിധിക്കും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

കൈത്തറി തൊഴിലാളികളിൽ ആകെയുള്ള 2.34 ലക്ഷം തൊഴിലാളികളിൽ 1.86 ലക്ഷം പേരും പദ്ധതിയ്ക്ക് പുറത്താണ്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈത്തറി മേഖലയിലെ മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.16]

ഓഡിറ്റ് ഖണ്ഡിക

**അംശാദായത്തുക അനധികൃതമായി കൈവശം വയ്ക്കുന്നത് - കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

(2000-01 - 2004-05 ഓഡിറ്റ് റിപ്പോർട്ട് ഭാഗം II ഖണ്ഡിക 12)

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് സെക്ഷൻ 4(2) അനുസരിച്ച് ഓരോ തൊഴിലാളിയുടെയും പേരിൽ പ്രതിമാസം 7 രൂപ നിരക്കിൽ തൊഴിലുടമ അടയ്ക്കേണ്ട അംശാദായം കേരളാ ബാംബൂ കോർപ്പറേഷൻ യഥാസമയം അടയ്ക്കുന്നില്ല. തൊഴിലുടമ അംശാദായമായ 1.19 ലക്ഷം രൂപയും, തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും ബാംബൂ കോർപ്പറേഷനിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. കെ. എൻ. രാജൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1.6]

ഓഡിറ്റ് പരാമർശങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ടതായ തൊഴിലുടമ വിഹിതം യഥാസമയം അടയ്ക്കുന്നതിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചുവെന്ന് നിരീക്ഷിച്ച സമിതി ബാംബൂ കോർപ്പറേഷൻ അനധികൃതമായി കൈവശംവച്ച തൊഴിലാളികളുടെ അംശാദായ തുക 1.19 ലക്ഷം രൂപയും കോർപ്പറേഷന്റെ തുല്യ തൊഴിലുടമ വിഹിതമായ 1.19 ലക്ഷം രൂപയും ചേർത്ത് ആകെ 2,38,000 രൂപ ആയിനത്തിൽ ബാംബൂ കോർപ്പറേഷന് കുടിശ്ശികയുണ്ടെന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു.

2. ബാംബൂ കോർപ്പറേഷൻ തൊഴിലാളികളിൽനിന്നും അംശാദായമായി പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും തൊഴിലുടമ വിഹിതമായ 1.19 ലക്ഷം രൂപയും ഉൾപ്പെടെ 2.38 ലക്ഷം രൂപ അടയ്ക്കുന്നതിന് കുടിശ്ശികക്കാരുടെ ലിസ്റ്റ് സഹിതം കേരള

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാംബൂ കോർപ്പറേഷന് കത്ത് നല്കിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ 2000-2001 വർഷം മുതൽ 2004-2005 സാമ്പത്തിക വർഷംവരെ തൊഴിലാളികളുടെ അംശാദായം, പലിശയുൾപ്പെടെ 4,75,062 രൂപ ബാംബൂ കോർപ്പറേഷൻ അടച്ചിട്ടുണ്ടെന്നുമാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ബാംബൂ കോർപ്പറേഷൻ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംശാദായമിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്ന 2.38 ലക്ഷം രൂപ 9% വാർഷിക പലിശ സഹിതം ഒടുക്കിയതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ബോർഡിൽ അംഗങ്ങളായി നിലവിൽ ഏകദേശം 93000 തൊഴിലാളികളുണ്ടെന്നും അതിൽ കുറച്ചുപേർ ബാംബൂ കോർപ്പറേഷൻ തൊഴിലാളികളാണെന്നും ശേഷിക്കുന്നവർ മറ്റ് അസംഘടിത മേഖലയിലുള്ളവരാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നല്കി.

4. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ലെന്നും ബാംബൂ കോർപ്പറേഷനിലെ മുഴുവൻ തൊഴിലാളികൾപോലും നിലവിലും ക്ഷേമനിധിയിൽ ചേർന്നിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന് അതത് മേഖലകളിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളാണ് ക്യാമ്പയിനുകൾ നടത്തി തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്നതെന്നും യൂണിയനുകൾ അംഗത്വത്തിനായി നല്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കാറുണ്ടെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി.

5. ക്ഷേമനിധിയിലെ അംഗത്വത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്താത്തതിനാലാണ് പ്രസ്തുത മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് ബോർഡിന് സാധിക്കാത്തതെന്നും ഇടുക്കി ജില്ലയിലും മറ്റുമുള്ള ഈറ്റവെട്ട് തൊഴിലാളികളിൽ കൂടുതലും ആദിവാസികളാണെന്നും അവർക്ക് ഇത്തരത്തിലൊരു ക്ഷേമനിധിയെ സംബന്ധിച്ച് യാതൊരു അറിവും ഉണ്ടാകുവാൻ സാധ്യതയില്ലെന്നും അഭിപ്രായപ്പെട്ട സമിതി കൂടുതൽ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനായി ബോർഡ് സ്വീകരിച്ച് വരുന്ന നടപടികൾ സംബന്ധിച്ച് ആരാഞ്ഞു.

6. ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഓരോ മേഖലയിലും പരിപാടികൾ സംഘടിപ്പിച്ച് എല്ലാ ട്രേഡ് യൂണിയൻ തൊഴിലാളികളെയും വിളിച്ചുകൂട്ടി വിശദമായി ചർച്ച ചെയ്യാറുണ്ടെന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി നടപ്പ് വർഷം കയ്പമംഗലത്തും നിലമ്പൂരിലും പരിപാടികൾ സംഘടിപ്പിച്ചിരുന്നുവെന്നും ഇടുക്കി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ ബോധവത്കരണം നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ടെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നല്കി.

7. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ കണക്ക് ക്ഷേമനിധി ബോർഡിൽ ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇനം തിരിച്ച് തയ്യാറാക്കണമെന്ന് ബോർഡ് അധികൃതരോട് നിർദ്ദേശിച്ചു. കൂടാതെ, ക്ഷേമനിധി ബോർഡുകളിലെ അംഗത്വത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്തിയും ട്രേഡ് യൂണിയനുകൾ അംഗത്വത്തിനായി നല്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയും ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ബോർഡ് അധികൃതരോട് നിർദ്ദേശിച്ചു.

8. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൈത്തറി തൊഴിലാളികളെ അംഗമാക്കുന്നതിന് ബോർഡ് അധികൃതർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിനെ പ്രസ്തുത ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

**നിഗമനങ്ങളും ശിപാർശകളും**

9. **കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൈത്തറി തൊളിലാളികളെ അംഗങ്ങളാക്കുന്നതിന് ബോർഡ് അധികൃതർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

10. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ടതായ തൊഴിലുടമ വിഹിതം യഥാസമയം അടയ്ക്കുന്നതിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. ബാംബൂ കോർപ്പറേഷൻ തൊഴിലാളികളിൽനിന്നും അംശാദായമായി പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും തൊഴിലുടമ വിഹിതമായ 1.19 ലക്ഷം രൂപയും ഉൾപ്പെടെ 2.38 ലക്ഷം രൂപ അടയ്ക്കുന്നതിന് കുടിശ്ശികക്കാരുടെ ലിസ്റ്റ് സഹിതം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ബാംബൂ കോർപ്പറേഷനിലേയ്ക്ക് കത്ത് അയച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ 2000-2001 വർഷം മുതൽ 2004-2005 സാമ്പത്തിക വർഷം വരെ തൊഴിലാളികളുടെ അംശാദായം, പലിശയുൾപ്പെടെ 4,75,062 രൂപ ബാംബൂ കോർപ്പറേഷൻ അടച്ചിട്ടുണ്ടെന്നുമാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളും ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലെന്നും, ബാംബൂ കോർപ്പറേഷനിലെ മുഴുവൻ തൊഴിലാളികൾപോലും നിലവിലും ക്ഷേമനിധിയിൽ ചേർന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഇടുക്കി ജില്ലയിലും മറ്റുമുള്ള ആദിവാസി വിഭാഗക്കാരായ ഈറ്റവെട്ട് തൊഴിലാളികൾക്ക് ഇത്തരത്തിലൊരു ക്ഷേമനിധിയെ സംബന്ധിച്ച് യാതൊരു അറിവും ഉണ്ടാകുവാൻ സാധ്യതയില്ലെന്നും ക്ഷേമനിധിയിലെ അംഗത്വത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്താത്തതാണ് ഇതിന് പ്രധാന കാരണമെന്നും സമിതി വിലയിരുത്തുന്നു. ക്ഷേമനിധി ബോർഡിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്തിയും ട്രേഡ് യൂണിയനുകൾ അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയും സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ക്ഷേമനിധി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു.

12. **സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ കണക്ക് നിലവിലും ക്ഷേമനിധി ബോർഡിൽ ലഭ്യമല്ലെന്ന് സമിതിക്ക് ബോദ്ധ്യമാകുന്നു. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇനം തിരിച്ച് അടിയന്തരമായി തയ്യാറാക്കണമെന്ന് സമിതി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അംശാദായ തുക ക്ഷേമനിധിയിലടയ്ക്കാതെ അപഹരിച്ചത് - കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

(2000-2004 ഓഡിറ്റ് റിപ്പോർട്ട് ഭാഗം - III; ഖണ്ഡിക സി.2)

ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ ഓഫീസിൽ അംശാദായമായി ശേഖരിക്കപ്പെട്ട 47,404 രൂപ ക്ഷേമനിധിയിലടയ്ക്കാതെ അപഹരിക്കപ്പെട്ടതായി കണ്ടു. പിരിവുദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുപയോഗിച്ച് ശേഖരിക്കുന്ന തുക ക്ഷേമനിധിയിലടയ്ക്കുന്നുണ്ടോ എന്നുറപ്പാക്കാൻ ഉത്തരവാദിത്തമുള്ള ഓഫീസ് മേധാവികളുടെ കൃത്യവിലോപമാണ് ധനാപഹരണത്തിന് ഇടയാക്കിയിട്ടുള്ളത്. ടി തുകയും ആയതിന്മേൽ 18% പിഴപ്പലിശയുമുൾപ്പെടെ 80,285 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ: 1. ശ്രീ. ബി. വിശ്വനാഥൻ, പ്യൂൺ

2. ശ്രീ. പി. എസ്. രതീഷ്കുമാർ, എൽ.ഡി.സി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ സബ് ഓഫീസിൽ ധനാപഹരണം നടത്തിയ ടി ഓഫീസിലെ പ്യൂണായിരുന്ന ബി. വിശ്വനാഥനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി ആരാഞ്ഞു. ബി.വിശ്വനാഥനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിരുന്നുവെന്നും പിന്നീട് കുറ്റക്കാരനെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സർവ്വീസിൽനിന്നും പിരിച്ചുവിട്ടതായും, ടിയാളുടെ ഡി.സി.ആർ.ജി.-യിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി റിക്കവറി നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ അതിനെതിരെ നിലവിൽ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുകയാണെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

14. പ്രസ്തുത വിഷയത്തിൽ കുറ്റക്കാരനായ വ്യക്തി ബി.വിശ്വനാഥൻ റിക്കവറിക്കെതിരെ സ്റ്റേ സമ്പാദിച്ച സാഹചര്യത്തിൽ മേൽനോട്ട ചുമതലയിൽ വീഴ്ച വരുത്തിയെന്ന കാരണത്താൽ അക്കാലത്ത് ബോർഡിലെ ഓഫീസർമാരുടെ അധികച്ചുമതല വഹിച്ചിരുന്ന എൽ. ഡി. ക്ലാർക്കുമാരായിരുന്ന ശ്രീ. പി. എസ്. രതീഷ് കുമാർ, ശ്രീ. ജി. ബാലചന്ദ്രൻ പിള്ള, ശ്രീമതി ഡി. മിനി, ശ്രീ. ബി. ജയരാജ് എന്നിവരിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബോർഡ് തീരുമാനിച്ചിരുന്നുവെന്നും സർവ്വീസിൽനിന്നും വിരമിച്ച ശ്രീ. ബി. ജയരാജ് ഒഴികെയുള്ളവരെ അച്ചടക്ക നടപടിയുടെ ഭാഗമായി സെൻഷ്വർ ചെയ്തിട്ടുണ്ടെന്നും ശ്രീ. ബി. ജയരാജ് ഒഴികെയുള്ള മറ്റ് ജീവനക്കാർ നഷ്ടം 9% പലിശ സഹിതം ഒടുക്കിയിട്ടുണ്ടെന്നും, ശ്രീ. ബി. ജയരാജിന്റെ വിരമിക്കൽ ആനുകൂല്യത്തിൽനിന്നും ശേഷിക്കുന്ന തുകയായ 53,992 രൂപ ഈടാക്കുവാനാണ് നിലവിൽ ബോർഡ് തീരുമാനിച്ചിരിക്കുന്നതെന്നും ധനാപഹരണത്തിൽ യാതൊരു പങ്കുമില്ലാത്ത മേൽ പരാമർശിച്ച 4 ഉദ്യോഗസ്ഥരിൽനിന്നും നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിനുള്ള ബോർഡിന്റെ തീരുമാനം ഇതേ വിഷയത്തിൽ തന്നെ അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ തീർത്തും ന്യായരഹിതമാണെന്നും സ്റ്റേ വെക്കേറ്റ് ചെയ്ത് കുറ്റക്കാരനായ വ്യക്തിയിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്നാണ് തന്റെ അഭിപ്രായമെന്നും വ്യവസായ(കയർ) വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

15. ധനാപഹരണവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കാരണത്താൽ മേൽപരാമർശിച്ച 4 എൽ.ഡി. ക്ലാർക്കുമാർക്കെതിരെ ബോർഡ് അച്ചടക്ക നടപടി സ്വീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ, നഷ്ടത്തുകകൂടി അവരിൽ നിന്നുതന്നെ തിരിച്ചുപിടിക്കുന്നതിനുള്ള ബോർഡിന്റെ തീരുമാനം തീർത്തും ന്യായരഹിതമാണെന്നും കുറ്റക്കാരനായ ബി. വിശ്വനാഥൻ റവന്യൂ റിക്കവറിക്കെതിരെ കോടതിയിൽനിന്നും സമ്പാദിച്ച സ്റ്റേ വെക്കേറ്റ് ചെയ്ത് നഷ്ടത്തുക പൂർണ്ണമായും ടിയാളിൽനിന്നും ഈടാക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

16. റവന്യൂ റിക്കവറിക്കെതിരെ കുറ്റക്കാരനായ വ്യക്തി ബി. വിശ്വനാഥൻ സമ്പാദിച്ച കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനായും ടിയാനെതിരെ രജിസ്റ്റർ ചെയ്തിരുന്ന ക്രിമിനൽ കേസിന്റെ ഫലപ്രദമായ നടത്തിപ്പിനായും ബോർഡ് അധികൃതർ നാളിതുവരെയായി കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി. അതിനാൽ പരാമർശവിധേയമായ ധനാപഹരണത്തിന് ഉത്തരവാദിയായ ബി. വിശ്വനാഥനെതിരെയുള്ള റിക്കവറി കേസിന്റെയും ക്രിമിനൽ കേസിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

17. **കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ സബ് ഓഫീസിൽ ധനാപഹരണം നടത്തിയ ടി ഓഫീസിലെ പ്യൂണായിരുന്ന ബി. വിശ്വനാഥനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിരുന്നുവെന്നും ടിയാളുടെ ഡി.സി.ആർ.ജി.-യിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടി ആരംഭിച്ചിരുന്നുവെങ്കിലും അതിനെതിരെ ടിയാൻ നിലവിൽ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. ധനാപഹരണവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കാരണത്താൽ ടി ഓഫീസിലെ നാല് എൽ.ഡി. ക്ലാർക്കുമാർക്കെതിരെ ബോർഡ് അച്ചടക്ക നടപടി സ്വീകരിച്ചിരുന്നുവെന്നും, നഷ്ടത്തുകകൂടി അവരിൽ നിന്നുതന്നെ തിരിച്ച് പിടിക്കുവാനാണ് ബോർഡ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നാല് എൽ.ഡി. ക്ലാർക്കുമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് കഴിഞ്ഞ സാഹചര്യത്തിൽ നഷ്ടത്തുക കൂടി അവരിൽ നിന്നുതന്നെ ഈടാക്കുവാനുള്ള ബോർഡിന്റെ തീരുമാനം തീർത്തും ന്യായരഹിതമായതിനാൽ, കുറ്റക്കാരനായ ബി. വിശ്വനാഥൻ റവന്യൂ റിക്കവറിക്കെതിരെ സമ്പാദിച്ച കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിച്ച് നഷ്ടത്തുക പൂർണ്ണമായും ടിയാനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

18. **റവന്യൂ റിക്കവറിക്കെതിരെ കുറ്റക്കാരനായ വ്യക്തി ബി. വിശ്വനാഥൻ സമ്പാദിച്ച കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനായും ടിയാനെതിരെ രജിസ്റ്റർ ചെയ്തിരുന്ന ക്രിമിനൽ കേസിന്റെ ഫലപ്രദമായ നടത്തിപ്പിനായും ബോർഡ് അധികൃതർ നാളിതുവരെയായി കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബോർഡ് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പരാമർശവിധേയമായ ധനാപഹരണത്തിന് ഉത്തരവാദിയായ ബി. വിശ്വനാഥനെതിരെയുള്ള റിക്കവറി കേസ്, ക്രിമിനൽ കേസ് എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആസ്ഥാനമന്ദിര നിർമ്മാണം: ക്രമവിരുദ്ധമായ ചെലവുകൾ - കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-2004 (2000-01 മുതൽ 2003-04 വരെ ഭാഗം II ഖണ്ഡിക I)]

ക്ഷേമനിധി ബോർഡിന് ആസ്ഥാനമന്ദിരം നിർമ്മിച്ചതിൽ തെറ്റായ വിവരങ്ങളെ അടിസ്ഥാനമാക്കി ബേസ്മെന്റിന്റെ ഉൾവശം നിറയ്ക്കാനുപയോഗിച്ച മണ്ണിന്റെ അളവ് കൂട്ടിക്കാണിച്ചും ശാസ്ത്ര-സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗണിച്ച് ഫൗണ്ടേഷൻ കെട്ടിയതായി രേഖപ്പെടുത്തിയും ആവശ്യമായതിലധികം സ്റ്റീൽ വിനിയോഗിച്ചതായി രേഖപ്പെടുത്തിയും 3,18,001 രൂപ ക്രമവിരുദ്ധമായി ചെലവ് ചെയ്തു. ടി തുക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിന് വിരുദ്ധമായി നടത്തിയ പ്രവൃത്തിക്കും ശാസ്ത്ര സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗണിച്ച് നടത്തിയ പ്രവൃത്തിക്കും പണമനുവദിച്ച ചീഫ് എക്സിക്യൂട്ടീവിൽനിന്നും ഈടാക്കേണ്ടതാണ്.

നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. ടി. എസ്. ശശിധരൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
2. ശ്രീ. കെ. ശ്യാമപ്രസാദ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.5.15]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് 3,18,001 രൂപ ക്രമരഹിതമായി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പ്രസ്തുത പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതും പ്രവൃത്തിയുടെ മേൽനോട്ട ചുമതല നിർവ്വഹിച്ചതും ജില്ലാ നിർമ്മിതി കേന്ദ്രമായിരുന്നുവെന്നും പ്രവൃത്തിയുടെ ആദ്യഘട്ടത്തിൽ എൽ.ബി.എസ്.-ന്റെ നിർദ്ദേശപ്രകാരം ബേസ്മെന്റിനായി 9 മീറ്റർ ആഴത്തിൽ കുഴിയെടുത്ത അവസരത്തിൽ മണ്ണിന് ഉറപ്പില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് നിർമ്മിതി കേന്ദ്രത്തിലെ എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ആഴം 11 മീറ്ററായി വർദ്ധിപ്പിക്കുകയായിരുന്നുവെന്നും ഇത്തരത്തിൽ ആഴം കൂട്ടിയപ്പോൾ ഉണ്ടായ അധിക ചെലവാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നും കെട്ടിടനിർമ്മാണ പ്രവൃത്തിയെ സംബന്ധിച്ച് യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്ത രണ്ട് ഓഫീസർമാരുടെ പേരിലാണ് ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട നഷ്ടത്തുകയുടെ ബാദ്ധ്യത ചുമത്തിയിരിക്കുന്നതെന്നും അതിലൊരാൾ മരണപ്പെട്ടുപോയെന്നും മറ്റേയാൾ പ്രവൃത്തി നടന്ന കാലയളവിൽ അവിടെ ജോലി ചെയ്തിട്ടില്ലാത്തതുമാണെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

20. പരാമർശവിധേയമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിരുന്നോയെന്ന് സമിതി ആരാഞ്ഞപ്പോൾ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെയും മേൽനോട്ടത്തിന്റെയും ചുമതല മാത്രമാണുണ്ടായിരുന്നതെന്നും പ്രവൃത്തികൾ ബോർഡ് പി.ഡബ്ല്യു.ഡി. റേറ്റിൽ ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു കോൺട്രാക്ടർ ആയത് ഏറ്റെടുത്ത് നിർവ്വഹിക്കുകയായിരുന്നുവെന്നും ഓരോ നിർമ്മാണ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ബോർഡ് ഒരു സബ് കമ്മിറ്റിയെ നിയമിച്ചിരുന്നുവെന്നും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രവൃത്തികൾ നടത്തുകയും തുക കൈമാറുകയും ചെയ്തതെന്നും വ്യവസായ(കയർ) വകുപ്പ് സെക്രട്ടറി മറുപടി നൽകി.

21. നിർമ്മിതി കേന്ദ്രവും ബോർഡ് ഏർപ്പെടുത്തിയ സബ് കമ്മിറ്റിയും പരിശോധിച്ച ഒരു പദ്ധതിയിലാണ് പിഴവുകൾ സംഭവിച്ചിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ബേസ്മെന്റിനായി എൽ.ബി.എസ്. നിർദ്ദേശിച്ചിരുന്നത് 9 മീറ്റർ ആഴമായിരുന്നുവെങ്കിലും മണ്ണിന് ഉറപ്പ് കുറവാണെന്ന് പിന്നീട് കണ്ടെത്തിയതിനെത്തുടർന്ന് നിർമ്മിതി കേന്ദ്രത്തിലെ എഞ്ചിനീയറുടെ നിർദ്ദേശപ്രകാരമാണ് 11 മീറ്ററായി ആഴം കൂട്ടിയതെന്നും ആഴം കൂട്ടിയതിന്റെ ഫലമായി വാങ്ങിയ അധിക മണ്ണും സ്റ്റീലുമെല്ലാം പൂർണ്ണമായും ഉപയോഗപ്പെടുത്തിയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും അല്ലായിരുന്നുവെങ്കിൽ കെട്ടിടം തകർന്നുവീഴുന്ന സ്ഥിതിയുണ്ടാകുമായിരുന്നുവെന്നും അതിനാൽത്തന്നെ പരാമർശവിധേയമായ പ്രവൃത്തിയിൽ നഷ്ടം സംഭവിച്ചതായി കണക്കാക്കുവാൻ സാധിക്കുകയില്ലെന്നും വ്യവസായ(കയർ) വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

22. കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി നിർവ്വഹിച്ച 3.18 ലക്ഷം രൂപയുടെ അധിക ജോലികൾ കെട്ടിടനിർമ്മാണം നല്ലരീതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായിരുന്നുവെന്നും കൂടാതെ ക്ഷേമനിധി ബോർഡിന്റെ അംഗീകാരത്തോടെയാണ് പ്രസ്തുത അധിക ജോലികൾ നിർവ്വഹിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളതെന്നും സമിതി നിരീക്ഷിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നഷ്ടോത്തരവാദികളായി പരാമർശിക്കപ്പെട്ട രണ്ട് ഉദ്യോഗസ്ഥരിൽ ഒരാൾ മരണപ്പെട്ടുവെന്നും മറ്റേയാൾ പരാമർശവിധേയമായ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനത്തിനുശേഷമാണ് ക്ഷേമനിധി ബോർഡിൽ സി.ഇ.ഒ. ആയി ചാർജ് എടുത്തിട്ടുള്ളതുമെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മേലിൽ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൃത്യത ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

## **നിഗമനങ്ങളും ശിപാർശകളും**

23. **കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് 3,18,001 രൂപ ക്രമരഹിതമായി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നിർവ്വഹിച്ച 3.18 ലക്ഷം രൂപയുടെ അധിക പ്രവൃത്തികൾ കെട്ടിടനിർമ്മാണം നല്ല രീതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായിരുന്നുവെന്നും കൂടാതെ ക്ഷേമനിധി ബോർഡിന്റെ അംഗീകാരത്തോടെയാണ് പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നഷ്ടോത്തരവാദികളായി പരാമർശിക്കപ്പെട്ട രണ്ട് ഉദ്യോഗസ്ഥരിൽ ഒരാൾ മരണപ്പെട്ടുവെന്നും മറ്റേയാൾ പരാമർശവിധേയമായ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനത്തിനുശേഷമാണ് ക്ഷേമനിധി ബോർഡിൽ സി.ഇ.ഒ. ആയി ചാർജ്ജ് എടുത്തിട്ടുള്ളതുമെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മേലിൽ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൃത്യത ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വിവിധ ക്ഷേമനിധികൾ**

* **കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നില്ല.**
* **സ്പെഷ്യൽ റൂൾസ് അംഗീകരിക്കാത്തതുകാരണം ക്ഷേമനിധി ബോർഡുകളിൽ ക്രമരഹിത നിയമനങ്ങൾ നടത്തുന്നു.**
* **വ്യാപാരി ക്ഷേമനിധി ബോർഡിനും നിയമങ്ങളും ചട്ടങ്ങളും ഇല്ല.**

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിലവിൽ 16 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചെയ്യുന്നുണ്ട്. 2010-11 കാലയളവിൽ ക്ഷേമനിധി ഓഡിറ്റിൽ നിന്ന് 6 ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള കേരള കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ

തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചതുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കേരള കെട്ടിടവും മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കേന്ദ്ര നിയമം വരികയും ആയതിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിക്കുകയും ചെയ്തതിനാൽ 1998-നുശേഷം അവർ വാർഷിക കണക്കുകൾ നൽകുന്നില്ല.

ഇപ്പോൾ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽനിന്നും തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട അംശാദായ കുടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്കുപ്രകാരമുള്ള അംശാദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഇതുസംബന്ധിച്ചുള്ള ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശാദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശാദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽനിന്നും അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.

വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു.

അംശാദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്.

സ്ഥിര നിക്ഷേപങ്ങൾ പിൻവലിച്ച് ഭരണച്ചെലവുകൾ നടത്തുന്ന സ്ഥിതി വിശേഷമാണ് ഖാദി, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുകളിലുള്ളത്. ഖാദി ക്ഷേമനിധിയിൽ ആക്ടിലെയും ചട്ടങ്ങളിലെയും വകുപ്പുകൾ അനുസരിച്ച് നാളിതുവരെ ബഡ്ജറ്റും വാർഷിക റിപ്പോർട്ടും തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

കേരള റേഷൻ വ്യാപാരി ആശ്വാസ ക്ഷേമനിധി ബോർഡ് ബഡ്ജറ്റ് തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിൽ നിരന്തരമായി വീഴ്ച വരുത്തുന്നു.

അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകി ആനുകൂല്യം വിതരണം ചെയ്യുന്ന പ്രവണത കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ കാണുന്നു.

കേരള വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് രൂപീകൃതമായതും പ്രവർത്തിക്കുന്നതും. നാളിതുവരെ ആക്ടും ചട്ടവും നിലവിൽ വരാത്തത് ബോർഡിന്റെ പുരോഗതിയെ ബാധിക്കുന്നു.

കൈത്തറി, ഖാദി, ബീഡി ആൻഡ് സിഗാർ തുടങ്ങിയ ക്ഷേമനിധികളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് അവയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ എണ്ണം ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് 2016-17 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ അംഗങ്ങളാക്കുന്നതിന് നിലവിൽ കാര്യക്ഷമമായ നടപടി സ്വീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

25. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

26. 1992-ൽ ആരംഭിച്ച കേരള വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് നിലവിലും പ്രവർത്തിക്കുന്നതെന്നും, ബോർഡിന്റെ പ്രവർത്തനത്തിനായി ആക്റ്റോ ചട്ടമോ നാളിതുവരെ രൂപീകരിക്കാത്തത് ബോർഡിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു. 1-1-2017-ൽ നടന്ന ബോർഡ് യോഗം അംഗീകരിച്ച കരട് വ്യാപാരി ക്ഷേമനിധി നിയമം സർക്കാർ അംഗീകാരത്തിനായി 18-12-2017-ന് ലഭ്യമാക്കിയിരുന്നുവെന്നും ആയതിന്മേൽ

നിലവിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ വ്യാപാരി ക്ഷേമനിധി നിയമത്തിന് സർക്കാർ അംഗീകാരം ലഭ്യമാക്കി, ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു. കൂടാതെ, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനമായതിനാൽ വാർഷിക കണക്കുകൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ ബോർഡ് അംഗങ്ങൾക്ക് നല്കണമെന്നും സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

27. കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്നില്ലെന്നും ക്ഷേമനിധിയിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും നിരീക്ഷിച്ച സമിതി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിച്ചു.

28. ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

29. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം ഗൗരവമായി വീക്ഷിച്ച സമിതി അതിനുള്ള കാരണം ആരാഞ്ഞപ്പോൾ ജീവിത സൂചിക അനുസരിച്ചുള്ള കൂലി ലഭ്യമാകാത്തത് കാരണമാണ് മുഖ്യമായും ഖാദി മേഖലയിൽനിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതെന്നും കൂടാതെ ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുറവും ക്ഷേമനിധി ബോർഡിലെ അംഗസംഖ്യ കുറയുന്നതിന് കാരണമായിട്ടുണ്ടെന്നും വളരെ തുച്ഛമായ ആനുകൂല്യങ്ങൾ മാത്രമാണ് ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്നതെന്നും, ചികിത്സാ സഹായമായി 1000 രൂപയും വിദ്യാഭ്യാസ സഹായമായി 500 രൂപയും, മരണാനന്തര സഹായമായി 500 രൂപയും മാരകരോഗങ്ങൾ വരുന്നവർക്ക് 10,000 രൂപയുമാണ് ക്ഷേമനിധി ആനുകൂല്യങ്ങളായി നൽകിവരുന്നതെന്നും പ്രസ്തുത ആനുകൂല്യങ്ങൾ സർവ്വീസിൽ ഒരു പ്രാവശ്യം മാത്രമാണ് നൽകുന്നതെന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

30. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകുന്നുണ്ടെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ നിലവിൽ ബോർഡിലെ അംഗത്വത്തിനായി അപേക്ഷിക്കുന്നവർക്ക് തയ്യൽ ജോലി അറിയാവുന്നതാണോ എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുഖേന പ്രായോഗിക പരിശോധന നടത്തുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ അംഗത്വം നൽകുന്നതെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി. പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന തരത്തിലാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നല്കിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

31. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നാളിതുവരെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 6 വർഷങ്ങൾക്ക് മുൻപ് ബോർഡ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അതിൽ ചില പിശകുകൾ ഉണ്ടെന്ന കാരണത്താൽ അത് തിരികെ അയച്ചിരുന്നുവെന്നും അതെല്ലാം പരിഹരിച്ച് നിലവിൽ വീണ്ടും സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടെന്നും ബോർഡിന് അനുവദനീയമായ തസ്തികകളുടെ എണ്ണം 90 ആണെങ്കിലും അത്രയും ജീവനക്കാരെ ബോർഡിന് ആവശ്യമില്ലാത്തതുകൊണ്ട് പ്രസ്തുത വിഷയത്തിൽ ഒരു പഠനം നടത്തിയതിനുശേഷം സ്പെഷ്യൽ റൂൾസ് സർക്കാരിന് സമർപ്പിക്കുവാനാണ് ബോർഡ് തീരുമാനിച്ചിരിക്കുന്നതെന്നും ബോർഡ് സി.ഇ.ഒ. മറുപടി നല്കി.

32. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന സ്പെഷ്യൽ റൂൾസിന്റെ കരടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, ആയത് അടിയന്തരമായി സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ബോർഡ് സി.ഇ.ഒ. യോട് നിർദ്ദേശിച്ചു.

33. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണത്തിൽ കുടിശ്ശിക നിലനില്ക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി ബോർഡിന് ലഭിക്കുവാനുള്ള സർക്കാർ ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

34. **ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

35. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

36. 1992-ൽ ആരംഭിച്ച കേരള വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് നിലവിലും പ്രവർത്തിക്കുന്നതെന്നും ബോർഡിന്റെ പ്രവർത്തനത്തിനായുള്ള ആക്ടുകളും ചട്ടങ്ങളും നാളിതുവരെ രൂപീകരിക്കാത്തത് ബോർഡിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. 1-1-2017-ൽ നടന്ന ബോർഡ് യോഗം അംഗീകരിച്ച കരട് വ്യാപാരി ക്ഷേമനിധി നിയമം സർക്കാർ അംഗീകാരത്തിനായി 18-12-2017-ന് ലഭ്യമാക്കിയിരുന്നുവെന്നും ആയതിന്മേൽ നിലവിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ വ്യാപാരി ക്ഷേമനിധി ബില്ലിന് സർക്കാർ അംഗീകാരം ലഭ്യമാക്കി നിയമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നികുതി വകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനമായതിനാൽ വാർഷിക കണക്കുകൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ ബോർഡ് അധികൃതർക്ക് നൽകണമെന്നും സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

37. കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്നില്ലെന്നും ക്ഷേമനിധിയിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിലെ അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു.

38. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ജീവിത സൂചിക അനുസരിച്ചുള്ള കൂലി ലഭ്യമാകാത്തതും ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുറവുമാണ് ഇതിന് പ്രധാന കാരണങ്ങളെന്നും സമിതി

**മനസ്സിലാക്കുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ക്ഷേമനിധി ബോർഡ് അധികൃതർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്മേൽ വിശദമായ പരിശോധന നടത്തി കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

39. **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകുന്നുണ്ടെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

40. **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നാളിതുവരെയായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന വിശേഷാൽ ചട്ടങ്ങളുടെ കരടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ആയത് അടിയന്തരമായി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു.**

41. **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ബോർഡിന് ലഭിക്കുവാനുള്ള സർക്കാർ ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക അടിയന്തരമായി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് ആവശ്യപ്പെടുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ക്ഷേമനിധി ബോർഡ്**

* **ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളിൽനിന്നും തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട അംശദായം ഇനത്തിൽ വലിയ തുക കുടിശ്ശിക നിൽക്കുന്നു.**

* **ഓഡിറ്റ് ചാർജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ച് പല ക്ഷേമനിധി ബോർഡുകളും ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നതിൽ വിമുഖത കാണിക്കുന്നു.**

തൊഴിലാളികളിൽനിന്നും തൊഴിൽ ഉടമകളിൽനിന്നും ലഭിക്കേണ്ട അംശാദായ ഇനത്തിൽ വലിയ തുക കുടിശ്ശികയായി പല ക്ഷേമനിധി ബോർഡുകളിലും നിലനിൽക്കുന്നു. വാർഷിക കണക്ക് പ്രകാരമുള്ള അംശാദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല.

പല ക്ഷേമനിധി ബോർഡുകളുടെയും നിലവിലുള്ള അംശാദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർക്ക് വലിയ തുകകൾ ചെലവ് വരുന്നു. ക്ഷേമനിധികളിലെ അംശാദായം കാലികമായി പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.

ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽനിന്നും അധികരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അനുമതിയില്ലാതെ ദിവസവേതനക്കാരെ നിയമിക്കുവാൻ പാടില്ലെന്ന 27-8-2005-ലെ ജി.ഒ.(എം.എസ്) 118/05/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് ലംഘിച്ച് വിവിധ തീയതികളിലായി 20 ദിവസവേതനക്കാരെ നിയമിച്ചിട്ടുണ്ട്. 16-3-2006-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 61/96/വ്യവ. പ്രകാരം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ക്ഷേമനിധി ബോർഡ് തയ്യാറാക്കിയ സ്പെഷ്യൽ റൂൾസ് സർക്കാരോ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോ നാളിതുവരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളുടെ കാര്യത്തിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. ഇതുമൂലം അർഹതയുള്ള ഉദ്യോഗാർത്ഥികൾ പുറത്ത് നിൽക്കെ മറ്റുള്ളവർ പിൻവാതിലിലൂടെ ദിവസവേതനക്കാരായി കയറി സ്ഥിരപ്പെടുന്ന അവസ്ഥയാണ് ബോർഡിൽ നിലനിൽക്കുന്നത്. ഇത് ബോർഡിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 6.6]

ഓഡിറ്റ് പരാമർശങ്ങൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. സർക്കാർ അനുമതിയില്ലാതെ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് സ്ഥിരപ്പെടുത്തുന്ന രീതിതന്നെ തുടരുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

43. ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.- യ്ക്ക് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവായെങ്കിലും നാളിതുവരെ നിയമനം പി.എസ്.സി.- യ്ക്ക് കൈമാറിക്കൊണ്ടുള്ള നിയമ ഭേദഗതി ഉണ്ടായിട്ടില്ലെന്നും അതുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് മുഖേന സ്വീകരിക്കേണ്ട നടപടികളെല്ലാം യഥാസമയം സ്വീകരിച്ചുകൊണ്ട് തുടർ നടപടികൾക്കായി 2016-ൽ നിയമ വകുപ്പിന് കൈമാറിയിരുന്നുവെന്നും പ്രസ്തുത ഭേദഗതി ബിൽ നം.38 ആയി നിയമസഭയിൽ പബ്ലിഷ് ചെയ്തിരുന്നുവെന്നും ആയത് മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കുമെന്നാണ് ബന്ധപ്പെട്ട വകുപ്പിൽനിന്നും അറിയിച്ചിട്ടുള്ളതെന്നും വ്യവസായ(കയർ) വകുപ്പ് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

44. വ്യവസായ(കയർ) വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് കൈമാറുന്നതിനുള്ള നിയമ ഭേദഗതി വരുത്തുന്നതിനും ബോർഡിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി. മുഖേനയാക്കുന്നതിനുംവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

45. **സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

46. **കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് കൈമാറി സർക്കാർ ഉത്തരവായെങ്കിലും ആയത് നിലവിലും നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബോർഡ് നിയമനങ്ങൾ**

**പി.എസ്.സി.-ക്ക് കൈമാറുന്നതിനുള്ള നിയമ ഭേദഗതി വരുത്തുന്നതിനും ബോർഡിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി. മുഖേനയാക്കുന്നതിനുംവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി വ്യവസായ(കയർ) വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്ഷേമനിധികളിൽ അനർഹർ അംഗത്വം നേടുന്നു**

പെൻഷനും ക്ഷേമപദ്ധതികൾക്കുമായി ക്ഷേമനിധി ബോർഡുകൾ വഴി പ്രതിവർഷം വൻതുക ചെലവഴിക്കപ്പെടുന്നുണ്ട്. ഓരോ ക്ഷേമനിധി ബോർഡുകൾക്കും വെവ്വേറെ നിയമങ്ങളും ചട്ടങ്ങളുമാണ് നിലവിലുള്ളത്. ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള യോഗ്യതയും നടപടിക്രമങ്ങളും ചട്ടങ്ങളിൽ വ്യക്തമായി നിർവ്വചിച്ചിട്ടില്ലാത്തതിനാൽ അനർഹരായ പലരും ക്ഷേമനിധികളിൽ അംഗത്വം നേടുന്നുണ്ട്. നാമമാത്രമായ തൊഴിൽ പരിചയമുള്ളവർ ആനുകൂല്യങ്ങൾ മാത്രം പ്രതീക്ഷിച്ച് അംഗത്വം നേടുന്നതിനാൽ ക്ഷേമനിധികളുടെ സാമ്പത്തികനില തകരുകയും നിലനിൽപ്പിനെ തന്നെ ബാധിക്കുകയും ചെയ്യുന്നു. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് എന്നിവയിൽ 2012-13 കാലഘട്ടത്തിലെ അംഗത്വം സംബന്ധിച്ച് നടത്തിയ അവലോകനത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

**ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

രണ്ട് കലണ്ടർ വർഷത്തിനുള്ളിൽ 240 ദിവസം പൂർത്തിയാക്കിയ ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗമാകുവാനുള്ള തൊഴിലാളികളുടെ അർഹത സംബന്ധിച്ച് തൊഴിലുടമ നൽകുന്ന സത്യവാങ്മൂലത്തിന്റെയും ബന്ധപ്പെട്ട മേഖലാ ഓഫീസ് സൂപ്രണ്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിലാണ് അംഗത്വം അനുവദിക്കുന്നത്. അംഗത്വത്തിനുള്ള പ്രായം 18 വയസ്സാണ്. 18 വയസ്സിന് താഴെയുള്ളവർക്ക് അംഗത്വം നൽകുന്നത് ബാലവേലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് തുല്യമാണ്. ഇത്തരം അംഗത്വങ്ങൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

ഖാദി തൊഴിലാളികളിൽ പലരും ജോലിയിൽ പ്രവേശിച്ച് മൂന്ന്, നാല് വർഷത്തിനുശേഷമാണ് അംഗത്വത്തിന് അപേക്ഷിക്കുന്നത്. തൊഴിലാളികളുടെ അറിവില്ലായ്മമൂലവും തൊഴിലാളി-തൊഴിലുടമ അംശാദായം കൃത്യസമയത്ത് ഒടുക്കുന്നതിലുള്ള സ്ഥാപനങ്ങളുടെ വീഴ്ചയുമാണ് അപേക്ഷകൾ വൈകാൻ കാരണം. അംഗത്വം വൈകുന്നതനുസരിച്ച് ഇവർക്കുള്ള ആനുകൂല്യങ്ങളും വൈകുന്നുണ്ട്. അംഗത്വകാര്യത്തിൽ തൊഴിലാളികൾക്ക് കൃത്യമായ ബോധവൽക്കരണം അനിവാര്യമാണ്.

ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വവും മുപ്പത് വർഷത്തെ സേവന ദൈർഘ്യവുമാണ് ഏറ്റവും കൂടിയ പ്രതിമാസ പെൻഷന്റെ അടിസ്ഥാന യോഗ്യത. പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തൊഴിലാളി മരണപ്പെട്ടാൽ അതേ നിരക്കിൽ ടിയാളുടെ അവകാശികൾക്ക് കുടുംബ പെൻഷൻ അനുവദിക്കാമെന്നും ചട്ടം 35(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഖാദി തൊഴിലാളികളായി ജോലി നോക്കിയതിന്റെയോ ക്ഷേമനിധിയിൽ അംഗത്വമെടുത്തതിന്റേയോ പെൻഷൻ അനുവദിച്ചതിന്റേയോ രേഖകൾ പരിശോധിക്കാതെ രണ്ട് പേരുടെ അവകാശികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. നിധിയിൽ അംഗമല്ലാത്ത തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് കുടുംബപെൻഷൻ നൽകിയ നടപടി ഗുരുതരമായ ചട്ടലംഘനമാണ്.

**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തിയായവർക്കും 55 വയസ്സിന് താഴെ പ്രായമുള്ളവർക്കും അംഗമാകാവുന്നതാണ്. അപേക്ഷകളിൽ വിശദപരിശോധന നടത്തിയതിനുശേഷം അർഹതയുള്ളവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും തുടർന്ന് അപേക്ഷകനുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി അംഗത്വം അനുവദിക്കുകയും ചെയ്യുന്നു. കർഷക തൊഴിലാളിയ്ക്ക് നിർബന്ധിത അംഗത്വം വ്യവസ്ഥ ചെയ്യുന്നില്ല. ഒരംഗം ആറുമാസം തുടർച്ചയായി അംശാദായം ഒടുക്കാതിരുന്നാൽ പ്രസ്തുത വ്യക്തി അംഗമല്ലാതാവുമെങ്കിലും പിഴയോടുകൂടി കുടിശ്ശിക ഒടുക്കിയാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. കർഷകത്തൊഴിലാളികൾ ഒരു പ്രത്യേക തൊഴിൽദാതാവിന്റേയോ സ്ഥാപനത്തിന്റേയോ കീഴിൽ പണിയെടുക്കുന്നവരല്ലാത്തതിനാൽ അംഗങ്ങളെ സംബന്ധിക്കുന്ന പ്രതിമാസ റിട്ടേണുകൾ ലഭിക്കുന്നില്ല.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുമ്പോഴും ഒരു തൊഴിലാളിയ്ക്ക് മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗത്വമുണ്ടോയെന്നറിയാൻ നിർവ്വാഹമില്ല. തൊഴിലാളികൾ ഒന്നിലധികം ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയാൻ സമഗ്രമായ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നമ്പർ ഉൾപ്പെടുത്തി ദ്വയാംഗത്വം കണ്ടെത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ ബോർഡ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. കൂടാതെ മുഴുവൻ ക്ഷേമനിധി അംഗങ്ങൾക്കും സ്മാർട്ട് കാർഡ് അനുവദിച്ചുകൊണ്ടും ഡേറ്റകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് മുഖേന സ്വീകരിച്ച് വരുന്നു. ഈ ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളിയിൽനിന്നും പ്രതിമാസം 5 രൂപ നിരക്കിലാണ് അംശാദായം ലഭിക്കുന്നത്. ആയതിനാൽ, അംശാദായ നിരക്ക്

കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. 2008-09 സാമ്പത്തിക വർഷം 41987 അംഗങ്ങളും 2009-10 സാമ്പത്തിക വർഷം 21029 അംഗങ്ങളും ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31-3-2010 വരെ ആകെ 1998520 തൊഴിലാളികളാണ് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പരിശോധന കൃത്യമല്ലാത്തതിനാൽ യഥാർത്ഥ തൊഴിലാളി അംഗത്വത്തിൽനിന്നും തഴയപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. മലപ്പുറം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ എണ്ണത്തെപ്പറ്റിയുള്ള കണക്കുകൾ വ്യക്തമല്ലാത്തതിനാൽ അംഗങ്ങളുടെ എണ്ണം യഥാർത്ഥത്തിൽ ഇരട്ടിപ്പാണ്. രണ്ട് മേൽവിലാസങ്ങളിൽ അംഗത്വമുള്ളവരുടെ ഒരു അംഗത്വം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ അംഗത്വം സംബന്ധിക്കുന്ന കണക്കുകൾ കൃത്യമാക്കുന്നതിനുള്ള അടിയന്തര നടപടികളും സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന പാസ് ബുക്കുകളുടെ സ്റ്റോക്ക് വിതരണത്തിന്റെ വ്യക്തമായ കണക്ക് ഡിവിഷണൽ ഓഫീസർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

കോട്ടയം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങളും അംശാദായത്തിന്റെ വിവരങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് അംഗത്വവിവരം പൂർണ്ണമാക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൊല്ലം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന പാസ്ബുക്ക് അക്കൗണ്ടുകൾ കൃത്യമല്ലാത്തതിനാൽ നാളിതുവരെ ഓഫീസിന് ലഭിച്ച പാസ്ബുക്കുകളുടെയും വിതരണം നടത്തിയവയുടെയും കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ ഒരാൾ അംഗമാകുമ്പോഴും ക്ഷേമനിധിയിൽ നിന്ന് കർഷക തൊഴിലാളി ആനുകൂല്യങ്ങൾ കൈപ്പറ്റുമ്പോഴും അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ലെറ്റർ ഹെഡിൽ പ്രസ്തുത വ്യക്തി കർഷക തൊഴിലാളിയാണെന്നും ഇപ്പോഴും ഈ തൊഴിൽ ചെയ്യുന്നുവെന്നും രേഖപ്പെടുത്തി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഈ സാക്ഷ്യപത്രത്തിൽ ഒപ്പുവയ്ക്കുന്ന സംഘടനാ ഭാരവാഹിയുടെ പേരും ഭാരവാഹിത്വവും വ്യക്തമായി രേഖപ്പെടുത്തുന്നതോടൊപ്പം ഓഫീസ് മുദ്രയും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പല സംഘടനകളും ക്ഷേമനിധി നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള സാക്ഷ്യപത്രമല്ല നൽകുന്നത്. മാത്രമല്ല ഇതിൽ ഏത് ഭൂഉടമയുടെ ഭൂമിയിലാണ് വേതനത്തിന് വേണ്ടി കൃഷിപ്പണിയോ അതുമായി ബന്ധപ്പെട്ട ജോലിയോ ചെയ്തതെന്നും വ്യക്തമാക്കുന്നില്ല.

കർഷക തൊഴിലാളി സംഘടനകൾ നൽകുന്ന സാക്ഷ്യപത്രങ്ങൾക്ക് ഏകീകൃത രൂപമില്ലാത്തതിനാലും തൊഴിലാളി ജോലി ചെയ്ത ഭൂഉടമയെ സംബന്ധിച്ച് വ്യക്തമായ വിവരണങ്ങൾ ഇതിൽ രേഖപ്പെടുത്താത്തതിനാലും അംഗീകൃത സ്ഥാപനങ്ങളുടെ സാക്ഷ്യപത്രമാണോ തൊഴിലാളികൾ ഹാജരാക്കുന്നതെന്ന് വ്യക്തമല്ല.

**തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

1994-ലെ തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ വകുപ്പ് 2(എൽ) പ്രകാരം തയ്യൽ തൊഴിലാളി എന്നാൽ തന്റെ ഉപജീവനത്തിനായി പ്രധാനമായും തയ്യൽ അല്ലെങ്കിൽ എംബ്രോയിഡറി ജോലിയെ ആശ്രയിച്ച് കഴിയുന്ന ആളാണ്. 18 വയസ്സ് പൂർത്തിയായ മൂന്ന് വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മേൽ സൂചിപ്പിച്ച ഏതൊരു തയ്യൽ തൊഴിലാളിയ്ക്കും ഈ ക്ഷേമനിധിയിൽ അംഗമാകാം. അംഗത്വം എടുക്കുന്ന തൊഴിലാളിയ്ക്ക് മറ്റ് ക്ഷേമനിധികളിൽ അംഗത്വം ഉണ്ടായിരിക്കാൻ പാടുള്ളതല്ല. പുതിയ അംഗങ്ങളെ ചേർക്കുന്ന സമയത്ത് മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കാത്തതിനാൽ ഓരോ വർഷവും അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അംഗങ്ങളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| **വർഷം** | **അംഗങ്ങളുടെ എണ്ണം** |
|---|---|
| 2009 | 515971 |
| 2010 | 585581 |
| 2011 | 661025 |

അംഗങ്ങളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ തയ്യൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ തിരിച്ചറിയാനുള്ള വ്യക്തമായ പരിശോധന ബോർഡിന്റെ ഭാഗത്തുനിന്നും നടത്തിയശേഷം പുതിയ അംഗത്വം അനുവദിക്കുന്ന രീതി നടപ്പിലാക്കേണ്ടതാണ്. ജോലിയുടെ സ്വഭാവം, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, തൊഴിലുടമയുടെ പേര് എന്നിവ അപേക്ഷാ ഫോറത്തിൽ കൃത്യമായി രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. ആവശ്യമായ പരിശോധനകൾ നടത്താതെ തൊഴിലാളി സംഘടനകളുടെ ഒരു സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അംഗത്വം നൽകുന്ന രീതി നിർബാധം തുടരുന്നതായാണ് കാണുന്നത്.

**കേരള വ്യാപാരി ക്ഷേമനിധി ബോർഡ്**

കേരള സംസ്ഥാനത്തൊട്ടാകെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണ്. 2004-ലെ കണക്കുകൾ പ്രകാരം വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗത്വത്തിന്റെ വിശദവിവരം താഴെപ്പറയുന്നു:

| | | |
|---|---|---|
| എ ക്ലാസ്സ് | - | 280 പേർ |
| ബി ക്ലാസ്സ് | - | 515 പേർ |
| സി ക്ലാസ്സ് | - | 3354 പേർ |
| ഡി ക്ലാസ്സ് | - | 61255 പേർ |

ഇതിൽനിന്നും നാമമാത്രമായ വർദ്ധന മാത്രമാണ് തുടർവർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ ബോർഡിലെ അംഗത്വത്തിന്റെ ഗ്രാഫ് താഴോട്ടാണെന്ന് കാണാം. അംഗങ്ങളിൽ നിന്നുള്ള വിഹിതമാണ് ബോർഡിന്റെ അടിസ്ഥാന വരുമാനം. അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ നിലവിലെ സ്ഥിതി തുടർന്നാൽ ബോർഡിന്റെ പ്രസക്തി തന്നെ ചോദ്യം ചെയ്യപ്പെടുകയും വളരെ മോശമായ സാമ്പത്തികസ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്യും. വാണിജ്യ നികുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ ക്ഷേമനിധി ബോർഡിന്റെ അംഗത്വം സംബന്ധിച്ച കാര്യങ്ങളിൽ വകുപ്പ് ഇടപെടുന്നില്ല. സംഘടനാപരമായ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ നടക്കുന്നില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ വ്യാപാരികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്ന തരത്തിൽ നിയമം ഉണ്ടാക്കി ആയത് വാണിജ്യ നികുതി വകുപ്പിന്റെ പൂർണ്ണമായ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ ബോർഡധികൃതരുടെ ഭാഗത്തുനിന്നും സർക്കാരിന്റെ ഭാഗത്തുനിന്നും അനിവാര്യമാണ്.

**കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്**

പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ ഒരു സാമ്പത്തിക വർഷം, കുറഞ്ഞത് 500 ലിറ്റർ പാൽ അളന്ന 18 വയസ്സ് തികഞ്ഞ ക്ഷീരകർഷകന് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ക്ഷീരസഹകരണ സംഘം സെക്രട്ടറി അംഗത്വത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് ഭരണസമിതിയുടെ തീരുമാനത്തിനുശേഷം പ്രാഥമിക പരിശോധനയ്ക്കായി ബ്ലോക്ക് തലത്തിലുള്ള ഡെയറി എക്സ്റ്റെൻഷൻ ഓഫീസർക്ക് കൈമാറുന്നു. അദ്ദേഹം പരിശോധിച്ചശേഷം റിപ്പോർട്ടുൾപ്പെടെ ജില്ലാ നോഡൽ ഓഫീസർക്ക് കൈമാറുന്നു. അംഗത്വഫീസ് ഒടുക്കിയതിന്റെ ചെലാനും, വയസ്സ്

തെളിയിക്കുന്നതിനുള്ള രേഖയും ഉൾപ്പെടെ ജില്ലാ നോഡൽ ഓഫീസർ ചീഫ് എക്സിക്യൂട്ടീവിന് കൈമാറുന്നു. ചീഫ് എക്സിക്യൂട്ടീവ് സ്വീകരിച്ച അപേക്ഷ ബോർഡ് മീറ്റിംഗിൽ അംഗീകരിച്ചശേഷം അംഗത്വം നൽകുന്നു. എന്നാൽ അംഗത്വത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ ഡെയറി എക്സ്റ്റൻഷൻ ഓഫീസർ പരിശോധിക്കുന്നുണ്ടെങ്കിലും ചീഫ് എക്സിക്യൂട്ടീവിന്റെ ഓഫീസിൽ യാതൊരു പരിശോധനയും നടത്തുന്നില്ല. അംഗത്വം സംബന്ധിച്ച ക്ഷീര സഹകരണ സംഘങ്ങൾ സൂക്ഷിക്കുന്ന രജിസ്റ്ററുകളും അംഗങ്ങൾക്കെല്ലാം തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയതിന്റെ രേഖകളും ചീഫ് എക്സിക്യൂട്ടീവ് പരിശോധിക്കുന്നില്ല.

**ശിപാർശകൾ**

1. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള യോഗ്യതകളും നടപടിക്രമങ്ങളും വ്യക്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും യഥാർത്ഥ തൊഴിലാളികൾക്ക് മാത്രമായി അംഗത്വം ലഭ്യമാക്കുകയും ചെയ്യുക.

2. തൊഴിലാളികളാണെന്ന സാക്ഷ്യപത്രം നൽകുന്നതിനുള്ള അധികാരം അംഗീകൃത തൊഴിലാളി സംഘങ്ങൾക്ക് മാത്രമായി നിജപ്പെടുത്തുക.

3. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്ക് പരമാവധി ഏകീകൃത സ്വഭാവം കൈവരുത്തുക.

4. അംശാദായസംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 6.7.1, 6.7.1.1-6.7.1.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വത്തിനായുള്ള അപേക്ഷകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡ് നിലവിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

48. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകുന്ന പാസ് ബുക്കുകളുടെ സ്റ്റോക്ക് വിതരണത്തിന്റെ വ്യക്തമായ കണക്കുകൾ ഡിവിഷനുകളിൽ സൂചിപ്പിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ എല്ലാ ഡിവിഷനുകളിലും പാസ് ബുക്ക് വിതരണത്തിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

49. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത ഖണ്ഡികയിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് ന്യൂനതകളും നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ഓഡിറ്റ് തടസ്സങ്ങൾ പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിച്ചു.

50. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നല്കുമ്പോൾ ക്ഷേമനിധി നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ നിലവിൽ ബോർഡിൽ അംഗത്വം നല്കുന്നതിന് മുന്നോടിയായി അപേക്ഷകർക്ക് തയ്യൽ ജോലി അറിയാവുന്നതാണോ എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുഖേന പ്രായോഗിക പരിശോധന നടത്തുന്നുണ്ടെന്ന് ബോർഡ് സി.ഇ.ഒ. മറുപടി നല്കി. പ്രസ്തുത മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

51. കേരള വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ സംസ്ഥാനത്തെ വൻകിട വ്യാപാരികൾ മുതൽ ചെറുകിട കച്ചവടക്കാർവരെ ക്ഷേമനിധിയിൽ അംഗങ്ങളാണെന്നും 109000 അംഗങ്ങളാണ് നിലവിൽ ക്ഷേമനിധിയിൽ ഉള്ളതെന്നും ലോക്കൽ അതോറിറ്റിയുടെ ലൈസൻസുള്ളവർക്കും ജി.എസ്.ടി. പ്രകാരം രജിസ്ട്രേഷനുള്ളവർക്കുമാണ് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി. ഏകദേശം പത്ത് ലക്ഷത്തിലേറെ വ്യാപാരികളുള്ള സംസ്ഥാനത്ത് ഒരു ലക്ഷത്തോളം വ്യാപാരികൾ മാത്രമാണ് നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു.

52. ക്ഷേമനിധി ആനുകൂല്യങ്ങൾ കുറവായതുമൂലമാണ് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിൽ വ്യാപാരികൾ താത്പര്യക്കുറവ് കാണിക്കുന്നതെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം ഗൗരവമായി വീക്ഷിച്ച സമിതി ക്ഷേമനിധി അംഗങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ക്ഷേമനിധി ബോർഡിന് ലഭിക്കുന്ന അംശാദായത്തുക സംബന്ധിച്ചും ആരാഞ്ഞു. വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 'എ', 'ബി', 'സി', 'ഡി' എന്നിങ്ങനെ നാല് സ്ലാബുകളായി വ്യാപാരികളെ തരംതിരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേമനിധി ആനുകൂല്യങ്ങളും ക്ഷേമനിധിത്തുകയും നിർണ്ണയിച്ചിരിക്കുന്നതെന്നും ക്ഷേമനിധി പെൻഷൻ, ഡെത്ത് ക്ലെയിം എന്നിവയാണ് ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന പ്രധാന

ആനുകൂല്യങ്ങളെന്നും 3,000 രൂപ അംശാദായമായി അടയ്ക്കുന്ന 'എ' വിഭാഗത്തിൽപ്പെട്ട വ്യാപാരിയ്ക്ക് 1,25,000 രൂപ ഡെത്ത് ക്ലെയിമായി നൽകുന്നുണ്ടെന്നും, 500 രൂപ അംശാദായമായി അടയ്ക്കുന്ന 'ഡി' വിഭാഗത്തിൽപ്പെട്ട വ്യാപാരിയ്ക്ക് 40,000 രൂപ ഡെത്ത് ക്ലെയിമായും 1,000 രൂപ പ്രതിമാസം പെൻഷനായും നൽകുന്നുണ്ടെന്നും തീപിടുത്തമുണ്ടായാൽ മരണാനന്തര ആനുകൂല്യത്തിന് തുല്യമായ തുക നഷ്ടപരിഹാരമായി നൽകുമെന്നും ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു.

53. സംസ്ഥാനത്തൊട്ടാകെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണെന്നും ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുറവും അവ ലഭിക്കുന്നതിലെ കാലതാമസവുമാണ് വ്യാപാരികൾ ക്ഷേമനിധിയിൽ അംഗത്വമെടുക്കാത്തതിനുള്ള പ്രധാന കാരണങ്ങളെന്നും വിലയിരുത്തിയ സമിതി ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ചെറുകിട വ്യാപാരികൾക്ക് കൂടുതൽ തുക കൊടുക്കുന്ന രീതിയിൽ സ്ലാബ് പുനഃക്രമീകരിക്കണമെന്നും ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

54. 1992-ൽ ആരംഭിച്ച വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗത്വം സംബന്ധിച്ച് നിയമങ്ങളൊന്നും നിലവിലില്ലാത്തതും ക്ഷേമനിധി ബോർഡിലെ അംഗസംഖ്യ കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി സംസ്ഥാനത്തെ എല്ലാ വ്യാപാരികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്ന തരത്തിൽ നിയമം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് അധികൃതരോടും ആയത് സംബന്ധിച്ച കർശനനിർദ്ദേശങ്ങൾ ബോർഡ് അധികൃതർക്ക് നൽകണമെന്ന് ഭരണ വകുപ്പിനോടും നിർദ്ദേശിച്ചു.

55. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ അംഗത്വത്തിനായി നല്കുന്ന അപേക്ഷകളിന്മേൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽനിന്നും ശരിയായ പരിശോധന നടത്തുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ക്ഷീരസഹകരണ സംഘങ്ങളിലെ അംഗങ്ങളാണ് ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷ നല്കുന്നതെന്നും സഹകരണസംഘം സെക്രട്ടറി പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്ന പ്രസ്തുത അപേക്ഷകൾ ബ്ലോക്ക് തലത്തിൽ ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥരും ജില്ലാ തലത്തിൽ ജില്ലാ നോഡൽ ഓഫീസറും

പരിശോധിച്ചതിനുശേഷമാണ് ക്ഷേമനിധി ബോർഡിന്റെ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതെന്നും ക്ഷേമനിധി ഓഫീസിലെ പ്രത്യേകം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ വിശദപരിശോധന നടത്തുകയും ക്ഷേമനിധി ബോർഡ് യോഗത്തിൽവച്ച് അംഗീകരിക്കുകയും ചെയ്തതിനുശേഷമാണ് അംഗത്വം നല്കുന്നതെന്നും ബോർഡ് സി.ഇ.ഒ. മറുപടി നല്കി.

56. ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നല്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 60 വയസ്സ് പൂർത്തിയായതും അഞ്ച് വർഷം പാൽ അളന്നിട്ടുള്ളതുമായ കർഷകന് പെൻഷൻ ഇനത്തിൽ 1,200 രൂപ നല്കുന്നുണ്ടെന്നും കൂടാതെ വിദ്യാഭ്യാസം, മരണാനന്തരം, വിവാഹം, ചികിത്സ തുടങ്ങിയവയ്ക്കും ധനസഹായം നല്കുന്നുണ്ടെന്നും ബോർഡ് സി.ഇ.ഒ. മറുപടി നല്കി.

57. ബോർഡിന് ലഭിക്കുന്ന അംശാദായം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ക്ഷേമനിധി അംഗമായ കർഷകൻ ഒരു മാസം 20 രൂപയാണ് സംഘത്തിൽ അടയ്ക്കുന്നതെന്നും കൂടാതെ സഹകരണ സംഘം വിൽപ്പന നടത്തുന്ന പാലിന്റെ 0.5 ശതമാനം തുകയും മേഖലാ യൂണിയൻ വിൽപ്പന നടത്തുന്ന പാലിന്റെ 0.75 ശതമാനം തുകയും അംശാദായമായി ക്ഷേമനിധിയിൽ ഒടുക്കുന്നുണ്ടെന്നും ഏകദേശം 3700 ക്ഷീരകർഷക സംഘങ്ങളും 340000 ക്ഷീരകർഷകരും ബോർഡിൽ അംഗങ്ങളായിട്ടുണ്ടെന്നും ആയതിനാൽ ഒരു മാസം രണ്ടരക്കോടി രൂപയോളം അംശാദായമായി ലഭിക്കുന്നുണ്ടെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

58. ക്ഷീര സുരക്ഷ എന്ന പദ്ധതിയ്ക്കായി സർക്കാർ 25 ലക്ഷം രൂപ നൽകുന്നുണ്ടെന്നും അതുപ്രകാരം അപകട മരണം സംഭവിക്കുന്നവർക്ക് 50,000 രൂപയും ചികിത്സാ ധനസഹായമായി 15,000 രൂപയും ചെറിയ പരിക്കുകൾക്ക് ഹോസ്പിറ്റലൈസ് ചെയ്തവർക്ക് 5,000 രൂപയും ഫാമിലി പെൻഷനായി 150 രൂപയും നൽകിവരുന്നുണ്ടെന്നും അതിൽ കുടിശ്ശികയൊന്നുമില്ലെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

59. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബോർഡ് അധികൃതർ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**60. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

61. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകുന്ന പാസ് ബുക്കുകളുടെ വിതരണത്തിന്റെ വ്യക്തമായ കണക്കുകൾ ഡിവിഷനുകളിൽ സൂചിപ്പിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

62. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത ഖണ്ഡികയിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് ന്യൂനതകളും പരിഹരിച്ചിട്ടുണ്ടെന്നാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും നാളിതുവരെ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു.

63. ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച് ക്ഷേമനിധി ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

64. കേരള ക്ഷീരകർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വത്തിനായി നൽകുന്ന അപേക്ഷകളിന്മേൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽനിന്നും ശരിയായ പരിശോധന നടത്തുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

65. സംസ്ഥാനത്തൊട്ടാകെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണെന്നും ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുറവും അവ ലഭിക്കുന്നതിലെ കാലതാമസവുമാണ് വ്യാപാരികൾ ക്ഷേമനിധിയിൽ അംഗത്വമെടുക്കാത്തതിനുള്ള പ്രധാന കാരണങ്ങളെന്നും സമിതി വിലയിരുത്തുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ചെറുകിട വ്യാപാരികൾക്ക് കൂടുതൽ തുക ലഭിക്കുന്ന രീതിയിൽ സ്ലാബ് പുനഃക്രമീകരിക്കണമെന്നും സമിതി നികുതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

66. **1992-ൽ ആരംഭിച്ച വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗത്വം സംബന്ധിച്ച് നിയമങ്ങളൊന്നും നിലവിലില്ലാത്തതും ക്ഷേമനിധി ബോർഡിലെ അംഗസംഖ്യ കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്തെ എല്ലാ വ്യാപാരികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് അധികൃതരോടും പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സത്വര നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ ക്ഷേമനിധി അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും ഇത് സംബന്ധിച്ച് ഭരണ വകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്തണമെന്നും സമിതി ക്ഷേമനിധി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു.**

67. **കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബോർഡ് അധികൃതർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടറൈസേഷൻ - സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷനിൽ പാളിച്ച; 26,42,860 രൂപയുടെ പാഴ്ച്ചെലവ്- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-10, 2010-11 (ഖണ്ഡിക എ 15)]

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശാദായാസ്വീകരണം, ആനുകൂല്യവിതരണം തുടങ്ങിയ എല്ലാ ജോലികളും കാര്യക്ഷമമായും, കൃത്യമായും ചെയ്യുന്നതിലേക്കായി 13-8-2003-ലെ 47(2) നമ്പർ യോഗതീരുമാനപ്രകാരം ചീഫ് ഓഫീസും 8 ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുവാനും സ്വന്തമായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനും തീരുമാനിച്ചു. ഇതനുസരിച്ച് 2003-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സി-ഡാക് നിർമ്മിച്ച സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതിനാവശ്യമായ ഹാർഡ്‌വെയറുകൾ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ നൽകുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായി.

ലിനക്സ് പ്ലാറ്റ്ഫോമിലുള്ള ഫെഡോറയിലാണ് സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഫെഡോറ സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഹാർഡ് ഡിസ്കുകളല്ല ബോർഡ് സ്ഥാപിച്ചത്.

സി-ഡാക് 21-8-2003-ൽ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്ലാറ്റ്ഫോം തയ്യാറാക്കി നൽകേണ്ടതും ഹാർഡ്‌വെയർ, ആക്സസറീസ് തുടങ്ങിയവ വാങ്ങേണ്ടതും ബോർഡിന്റെ ചുമതലയാണ്. സി-ഡാക് കൺസൾട്ടൻസിയായി മാത്രം പ്രവർത്തിക്കുന്നതാണ്.

സി-ഡാക്കുമായി കരാറിൽ ഏർപ്പെട്ടപ്പോൾ ആന്വൽ മെയിന്റനൻസ് വ്യവസ്ഥ ഇല്ലാതിരുന്നതിനാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ, മെയിന്റനൻസ് എന്നിവ നടക്കാതിരുന്നതും ഫെഡോറ സപ്പോർട്ട് ചെയ്യുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം നൽകണമെന്ന സി-ഡാക്ക് നിർദ്ദേശം ബോർഡ് പാലിക്കാതിരുന്നതും സോഫ്റ്റ്‌വെയറിന്റെ പെർഫോമൻസിനെ ബാധിച്ചു. നാളിതുവരെ പ്രസ്തുത സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷനായി 26,42,860 രൂപ വിവിധ ഘട്ടങ്ങളിലായി സി-ഡാക്കിന് നൽകിയിട്ടുണ്ട്. വിവിധ തീയതികളിൽ തുക നൽകിയതിന്റെ വിവരം ചുവടെ:

| നമ്പർ | തീയതി | ചെക്ക് നമ്പർ | തുക(രൂപ) | |
|---|---|---|---|---|
| (1) | (2) | (3) | (4) | |
| 1 | 13-4-2004 | 074251 | 2,90,000 | |
| 2 | 3-8-2006 | 222900 | 2,17,500 | |
| 3 | 6-7-2007 | 173203 | 2,00,000 | |
| 4 | 24-5-2008 | 163981 | 80,000 | 15,87,500 രൂപ |
| 5 | 18-8-2008 | 163982 | 1,00,000 | |
| 6 | 15-12-2008 | 173369 | 3,00,000 | |
| 7 | 22-7-2009 | 068882 | 1,00,000 | |
| 8 | 29-7-2009 | 068891 | 1,00,000 | |
| 9 | 29-9-2009 | 068908 | 2,00,000 | |

| (1) | (2) | (3) | (4) | |
|---|---|---|---|---|
| 10 | 22-8-2005 | 344852 | 61,410 | 10,55,360 രൂപ |
| 11 | 7-3-2007 | 162518 | 4,41,800 | |
| 12 | 28-1-2008 | 155560 | 2,46,040 | |
| 13 | 29-9-2009 | 068907 | 3,06,110 | |
| **ആകെ** | | | **26,42,860** | |

ബോർഡിന്റെ കെടുകാര്യസ്ഥതമൂലം 26,42,860 രൂപ പാഴായി. ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ (2004-2010) പേരുവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ശ്രീ. കെ. രാജശേഖരൻ നായർ | (10-10-2001 മുതൽ 26-10-2005 FN വരെ) |
| 2 | ശ്രീ. പി.എം. രഘുകുമാർ<br>(സി.ഇ.ഒ. യുടെ അധിക ചുമതല) | (26-10-2005 മുതൽ 31-3-2006 വരെ) |
| 3 | ശ്രീ. വി.എ. അനിൽ കുമാർ | (1-4-2006 മുതൽ 5-8-2006 വരെ) |
| 4 | ശ്രീ. എൻ. രാജൻപിള്ള | (6-8-2006 മുതൽ 20-4-2007 വരെ) |
| 5 | ശ്രീ. വി.എ. അനിൽ കുമാർ | (21-4-2007 മുതൽ 7-4-2008 FN വരെ) |
| 6 | ശ്രീ. അബ്ദുൽ നിസ്സാർ | (7-4-2008 AN മുതൽ 17-5-2010 വരെ) |

(ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ മേൽവിലാസം ലഭ്യമാക്കിയിട്ടില്ല)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.12]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് ഓഫീസും 8 ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിനും ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശാദായ സ്വീകരണം, ആനുകൂല്യ വിതരണം തുടങ്ങിയ ജോലികൾക്കായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്ത പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും കുറച്ച് കാലതാമസം നേരിട്ടുവെങ്കിലും 2015-ൽ ബോർഡിന്റെ എല്ലാ ഓഫീസുകളിലെയും കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനവും ഓൺലൈൻ ഫയൽ ട്രാൻസ്ഫറും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്നും അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ബോർഡിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ മറുപടി നല്കി.

69. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് സർക്കാർ നല്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക നാളിതുവരെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത പത്രിക അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

**നിഗമനങ്ങളും ശിപാർശകളും**

70. **ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്ഷേമനിധി ബോർഡുകൾ**

**ഡെപ്യൂട്ടേഷൻ നിയമനവും സാമ്പത്തിക ബാധ്യതയും**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന 18 ക്ഷേമനിധി ബോർഡുകളിൽ 2013 വർഷത്തിൽ ഓഡിറ്റ് നടത്തിയ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് എന്നിവയിൽ അതത് ഓഡിറ്റ് വർഷങ്ങളിൽ നടത്തിയിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങളാണ് അവലോകനത്തിന് വിധേയമാക്കിയത്.

**താഴ്ന്ന ശമ്പള സ്കെയിലുള്ള തസ്തികകളിൽ ഉയർന്ന ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു**

സ്പെഷ്യൽ റൂൾ നിലവിൽവരാത്ത ക്ഷേമനിധി ബോർഡുകളിൽ വിവിധ തസ്തികകളിൽ ഗവൺമെന്റ് വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തി വരുന്നത്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ആസ്ഥാന ഓഫീസുകളിലും ജില്ലാ/റീജിയണൽ ഓഫീസുകളിലും വിവിധ തസ്തികകളിലായി നിരവധി ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. സമാന തസ്തികയിലും ശമ്പള സ്കെയിലിലും ഉള്ളവരെയാണ് ഡെപ്യൂട്ടേഷൻ നിയമനത്തിന് പരിഗണിക്കേണ്ടത്. എങ്കിലും ആ വ്യവസ്ഥ ലംഘിച്ച് ഉയർന്ന തസ്തികയിലും ശമ്പള സ്കെയിലിലുമുള്ള ജീവനക്കാരെ താഴ്ന്ന തസ്തികയിൽ ഉയർന്ന ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. ഈ ജീവനക്കാരുടെ ശമ്പള ഇനത്തിലും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലും വൻതുക ചെലവഴിക്കേണ്ടി വരുന്നത് ബോർഡുകൾക്ക് കടുത്ത സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു.

**കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ജില്ലാ ഓഫീസിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലുള്ള രണ്ട് ജീവനക്കാരും കൊല്ലം ജില്ലാ ഓഫീസിൽ ഒരാളും പാലക്കാട് ജില്ലാ ഓഫീസിൽ സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള വ്യക്തിയുമാണ് 2010-11-ൽ എൽ.ഡി. ക്ലാർക്കായി ജോലി നോക്കിയത്. എൽ.ഡി. ക്ലാർക്കിനെ നിയമിച്ചിരുന്നുവെങ്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹89,892 മാത്രം അടച്ചാൽ മതിയായിരുന്നു. എന്നാൽ ടി ജീവനക്കാർക്ക് വേണ്ടി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹1,42,344 ബോർഡ് ഫണ്ടിൽ നിന്ന് അടച്ചു. ആയതിനാൽ ₹52,452 പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ മാത്രം ബോർഡിന് അധികച്ചെലവുണ്ടായി. അതുപോലെ പാലക്കാട്, കൊല്ലം എന്നീ ജില്ലാ ഓഫീസിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് നിലവിലെ സ്കെയിലിൽ നൽകിയ ശമ്പളവും ടി തസ്തികയിൽ നൽകേണ്ടിയിരുന്ന ശമ്പളവും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയപ്പോൾ ₹2,08,776 ബോർഡിന് ശമ്പളമിനത്തിൽ അധികം ചെലവ് വന്നതായി കാണുന്നു.

**കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ 2009-10 വർഷത്തിൽ പൊതുഭരണ വകുപ്പിൽ ഗ്രേഡ്-1 ടൈപ്പിസ്റ്റായിരുന്ന വ്യക്തി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തുവഴി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹15,102 അടയ്ക്കേണ്ടിയിരുന്ന സ്ഥാനത്ത് ₹23,274 ബോർഡിന് അടയ്ക്കേണ്ടിവരികയും ആയിനത്തിൽ ₹8,172

ബോർഡിന് നഷ്ടമുണ്ടാകുകയും ചെയ്തു. കൂടാതെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി സെക്രട്ടേറിയറ്റിലെ ഗ്രേഡ്-1 ടൈപ്പിസ്റ്റിനെ നിയമിക്കുക വഴി ഏകദേശം ₹61,536 ശമ്പളമിനത്തിലും ബോർഡിന് നഷ്ടമുണ്ടായി.

**കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടില്ല. 2010-11 വർഷത്തിൽ റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായ വ്യക്തിക്ക് ശമ്പളം നൽകിയതിൽ ഏകദേശം ₹50,969 -ഉം അധികച്ചെലവ് വന്നിട്ടുണ്ട്.

**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ ഇവ സംബന്ധിച്ചുള്ള നിരവധി ഫയലുകൾ ആസ്ഥാന ഓഫീസിൽ കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ പരിചയ സമ്പന്നരായ സമാന തസ്തികയിലുള്ള ജീവനക്കാരനെ നിയമിക്കുന്നതിനുപകരം സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റായി നിയമനം ലഭിച്ച് ആ ജോലിയിൽ തുടർന്ന് വന്ന വ്യക്തിയെ 2010-11 വർഷത്തിൽ എൽ.ഡി ക്ലാർക്കിന്റെ തസ്തികയിൽ നിയമിച്ചത് നിയമവിരുദ്ധവും ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യ വിതരണങ്ങളിലുള്ള കാര്യക്ഷമതയെ ബാധിക്കുന്നതുമാണ്. താഴ്ന്ന സ്കെയിലുള്ള തസ്തികയിൽ ഉയർന്ന ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥനെ നിയമിച്ചതുവഴി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹8,172-ഉം, ശമ്പളമിനത്തിൽ ഏകദേശം ₹53,787-ഉം ക്ഷേമനിധി ബോർഡിന് അധികച്ചെലവ് വന്നു.

**കേരള വ്യാപാരി ക്ഷേമനിധി ബോർഡ്**

കേരള വ്യാപാരി ക്ഷേമനിധി ബോർഡിൽ 30-7-1992-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 465/94 പ്രകാരം ₹1,370-₹2,640 സ്കെയിലിൽ അക്കൗണ്ട്സ് ഓഫീസറുടെ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തിയപ്പോൾ പ്രസ്തുത സ്കെയിലിന്റെ സമാന സ്കെയിലായ ₹2,000-₹3,200-ന് പകരം സെക്രട്ടേറിയറ്റിൽ ₹2,200-₹3,500 സ്കെയിലിൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായി ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥയെയാണ് നിയമിച്ചത്. തുടർന്ന് 1997, 2004, 2009 ശമ്പള പരിഷ്കരണങ്ങളിലും സമാന സ്കെയിലിനുപകരം ഉയർന്ന സ്കെയിലിലെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. ഇത് ബോർഡിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്.

**ശിപാർശകൾ**

പരമ്പരാഗത തൊഴിൽ മേഖലയിലെ അരക്ഷിതാവസ്ഥ കാരണം തൊഴിലാളികൾ തൊഴിൽ ഉപേക്ഷിച്ച് മറ്റ് മേഖലകളിലേയ്ക്ക് പോവുക വഴി പല ക്ഷേമനിധികളിലും അംഗങ്ങളുടെ എണ്ണം വർഷം തോറും ഗണ്യമായി കുറഞ്ഞു വരുന്നു. മാത്രമല്ല പല ക്ഷേമനിധികളിലും അംശാദായ നിരക്ക് കാലികമായി പരിഷ്കരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകുന്നില്ല. ഇത് ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തിക നിലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. വരുമാനത്തിന്റെ നിശ്ചിതശതമാനം മാത്രമേ ഭരണപരമായ ചെലവുകൾക്ക് ഉപയോഗിക്കാവൂ എന്ന് ആക്റ്റ്/പദ്ധതികളിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പല ക്ഷേമനിധികളുടെയും ഭരണപരമായ ചെലവുകൾ അനുവദനീയമായ നിരക്കിനെക്കാൾ വളരെ കൂടുതലാണ്. ഇത് വർഷംതോറും വർദ്ധിച്ച് വരികയും ചെയ്യുന്നു. താഴ്ന്ന സ്കെയിലിലുള്ള തസ്തികകളിൽ ഉയർന്ന സ്കെയിലിലെ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ബോർഡ് ഫണ്ടിൽ നിന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് വഴി ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് വൻതോതിൽ വർദ്ധിക്കുന്നതിനും കടുത്ത സാമ്പത്തിക പ്രതിസന്ധിക്കും കാരണമാകുന്നു. ക്ഷേമനിധി ബോർഡുകളിൽ അംശാദായമിനത്തിൽ ഈടാക്കുന്ന തുക കാലികമായി പരിഷ്കരിക്കുന്നതിനും സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനും തസ്തികകളിലേയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതിന് ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അധികച്ചെലവ് കുറച്ച് സാമ്പത്തിക സ്ഥിതി ഭദ്രമാക്കുന്നതിനുംവേണ്ട നടപടികളിലേയ്ക്ക് സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടത് അനിവാര്യമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.4, 8.4.1-8.4.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

71. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

72. കേരള വ്യാപാരി ക്ഷേമനിധി ബോർഡിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തിയപ്പോൾ സമാന സ്കെയിലിന് പകരം ഉയർന്ന ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥനെ നിയമിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

73. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ പല തവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും അതിനാൽ ടി കാലയളവ് മുതലുള്ള ഓഡിറ്റ് നടത്തിയിട്ടില്ലെന്നും, അക്കാരണത്താൽ ബോർഡിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമല്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള വ്യാപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിംഗിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

74. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

75. **കേരള വ്യപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ പല തവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും അതിനാൽ ടി കാലയളവ് മുതലുള്ള ഓഡിറ്റ് നടത്തിയിട്ടില്ലെന്നും, അക്കാരണത്താൽ ബോർഡിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമല്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള വ്യാപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിംഗിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്ഷേമനിധി ബോർഡുകൾക്കുള്ള മാച്ചിംഗ് ഗ്രാന്റും, മറ്റ് ഗ്രാന്റുകളും**

| **ക്ഷേമനിധി ബോർഡുകളും, സർക്കാർ ഗ്രാന്റുകളും** |
| --- |
| ക്ഷേമനിധി ബോർഡുകളുടെ പ്രധാന വരുമാനം അംഗങ്ങൾ, തൊഴിലുടമകൾ എന്നിവരിൽനിന്നും പിരിച്ചെടുക്കുന്ന അംശാദായവും, അംശാദായത്തിന് ആനുപാതികമായി സർക്കാർ അനുവദിക്കുന്ന മാച്ചിംഗ് ഗ്രാന്റുമാണ് ഓരോ ക്ഷേമനിധി ബോർഡിലെയും നിയമവ്യവസ്ഥകൾക്ക് ബന്ധപ്പെട്ട തൊഴിലുകൾക്കനുസരിച്ച് വ്യത്യാസങ്ങളുണ്ട്. ആയതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ ആനുപാതിക ഗ്രാന്റിന്റെ വ്യവസ്ഥകളും വ്യത്യസ്തങ്ങളാണ്. കൂടാതെ, എല്ലാ ക്ഷേമനിധികളിലും ആനുപാതിക ഗ്രാന്റുകൾ അനുവദിക്കുന്നതിന് വ്യവസ്ഥകളും നിലവിൽ ഇല്ല. നാമമാത്രമായ അംശാദായ തുക വരവായി സ്വീകരിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തികാവസ്ഥ ഭദ്രമല്ലാത്തതിനാൽ, പ്രവർത്തനത്തിനായി സർക്കാർ ഗ്രാന്റിനെ പ്രത്യേകമായി ആശ്രയിക്കുന്നു. എന്നാൽ അംശാദായ തുക പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മമൂലം ആനുപാതിക ഗ്രാന്റിനുള്ള അർഹതയിലും കുറവ് സംഭവിക്കുന്നു. |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ പട്ടികയിലുള്ള 12 ക്ഷേമനിധി ബോർഡുകളും, സംസ്ഥാന സർക്കാർ പ്രത്യേക ഉത്തരവുകളിലൂടെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ള 6 ക്ഷേമനിധി ബോർഡുകളും ഉൾപ്പെടെ 18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ്, ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിന്റെ അധികാരപരിധിയിൽ ആണ്. 2014-15-ൽ ഓഡിറ്റിന് വിധേയമാക്കിയ 7 ക്ഷേമനിധി ബോർഡുകൾക്ക്, ഏറ്റവും ഒടുവിലത്തെ മൂന്ന് വർഷങ്ങളിൽ സർക്കാരിൽനിന്നും ലഭ്യമായ മാച്ചിംഗ് ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അവലോകനത്തിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ ഇനിപ്പറയുന്നവയാണ്.

(i) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

(ii) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

(iii) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

(iv) കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

(v) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

(vi) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

(vii) കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ്.

## കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

(ഓഡിറ്റ് വർഷം 2010-11, 2011-12)

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4(4) വകുപ്പ് പ്രകാരം തൊഴിലാളികൾ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽനിന്നും ഒരു വർഷം ലഭിക്കുന്ന അംശാദായത്തിന്റെ ഇരട്ടി തുക ഓരോ വർഷവും മാച്ചിംഗ് ഗ്രാന്റായി സർക്കാരിൽനിന്നും ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ ഈ മാനദണ്ഡമനുസരിച്ചല്ല സർക്കാരിൽനിന്നും മാച്ചിംഗ് ഗ്രാന്റ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഓഡിറ്റ് കാലയളവിൽ, അർഹമായതും, സർക്കാരിൽനിന്നും ലഭിച്ചതുമായ മാച്ചിംഗ് ഗ്രാന്റുകളുടെ വിശദാംശങ്ങൾ ഇനിപ്പറയുന്നു.

**കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് മാച്ചിംഗ് ഗ്രാന്റ് 2010-11, 2011-12**

| സാമ്പത്തിക വർഷം | ലഭിച്ച അംശാദായം | അർഹമായ മാച്ചിംഗ് ഗ്രാന്റ് | ലഭിച്ച മാച്ചിംഗ് ഗ്രാന്റ് | മാച്ചിംഗ് ഗ്രാന്റ് അധികം/ കുറവ് |
|---|---|---|---|---|
| 2010-11 | 13,35,156 | 26,70,312 | 25,00,000 | (-) 1,70,312 |
| 2011-12 | 7,90,070 | 15,80,140 | 28,00,000 | (+) 12,19,860 |
| | | അധികമായി ലഭിച്ച മാച്ചിംഗ് ഗ്രാന്റ് | | 10,49,548 |

**സെസ് പിരിവ് ആരംഭിച്ചില്ല**

കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായിരുന്നു വ്യാപാരികളിൽനിന്നും പിരിച്ചെടുക്കുന്ന അംശാദായം. എന്നാൽ 22-2-2002-ലെ ബഹു. ഹൈക്കോടതി ഉത്തരവിലൂടെ വ്യാപാരി അംശാദായം പിരിക്കുന്നത് തടയുകയുണ്ടായി. ഇതിനെത്തുടർന്ന്, ബദൽ വരുമാനമാർഗ്ഗം എന്ന നിലയിൽ സർക്കാർ 2007-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് നിയമം, 2008-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് ചട്ടം എന്നിവയ്ക്ക് രൂപം നൽകി. ഇതുപ്രകാരം, അഞ്ചുലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള ടെക്സ്റ്റൈൽ വ്യാപാരികൾ വിറ്റുവരവിന്റെ 0.25 ശതമാനം സെസ്സായി സർക്കാരിലേക്ക് നൽകേണ്ടതും, പ്രസ്തുത തുക ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ടതുമാണ്. എന്നാൽ സെസ് പിരിവ് ഇതുവരെ ആരംഭിക്കാത്തതിനാൽ ബോർഡിന്റെ സാമ്പത്തിക നില മോശമായി തുടരുന്നു.

മാച്ചിംഗ് ഗ്രാന്റിനുപരിയായി ഓരോ വർഷവും സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായം കൂടി ഉപയോഗിച്ചാണ് ക്ഷേമനിധി അംഗങ്ങൾക്ക് ബോർഡ് വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നത്. ഓഡിറ്റ് കാലയളവിൽ, മാച്ചിംഗ് ഗ്രാന്റിന് പുറമേ സർക്കാരിൽനിന്നും ലഭിച്ച ധനസഹായ വിവരം താഴെ ചേർക്കുന്നു:

| **വർഷം** | **സർക്കാർ ധനസഹായം** |
|---|---|
| 2010-11 | 3,76,63,000 |
| 2011-12 | 2,31,84,000 |

കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സാധ്യമാകുന്നത് വലിയൊരളവുവരെ സർക്കാർ ധനസഹായങ്ങൾ കൊണ്ടാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഓഡിറ്റ് വർഷം 2010-11, 2011-12)

1974-ൽ നിലവിൽ വന്ന കേരള കർഷക തൊഴിലാളി നിയമത്തിലെ 9(3) വകുപ്പിന് 28-1-2011-ലെ 21766/ലെ.ജി.സി.2/09 നമ്പർ വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തി സർക്കാർ ഗ്രാന്റ് സംബന്ധിച്ച വ്യവസ്ഥ കൂടി ഉൾപ്പെടുത്തി. ഇതനുസരിച്ച്, ഓരോ സാമ്പത്തിക വർഷവും, രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഒടുക്കുന്ന അംശാദായത്തിന് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി ലഭിക്കുവാൻ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അർഹതയുണ്ട്.

ക്ഷേമനിധി ബോർഡിന് 2010-11, 2011-12 വർഷങ്ങളിൽ ലഭിച്ച മാച്ചിംഗ് ഗ്രാന്റിന്റെ വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | അംശാദായം വരവ് | അർഹതപ്പെട്ട ഗ്രാന്റ് | ലഭിച്ച ഗ്രാന്റ് | കുടിശ്ശിക |
|---|---|---|---|---|
| 2010-11 | 7,61,70,906 | 7,61,70,906 | 55,00,000 | 7,06,70,906 |
| 2011-12 | 6,50,45,208 | 6,50,45,208 | 61,00,000 | 5,89,45,208 |
| **ആകെ** | **14,12,16,114** | **14,12,16,114** | **1,16,00,000** | **12,96,16,114** |

2010-11, 2011-12 വർഷങ്ങളിലായി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും മാച്ചിംഗ് ഗ്രാന്റായി ലഭിക്കേണ്ടിയിരുന്ന ആകെ തുകയുടെ (14,12,16,114) കേവലം 8.21 ശതമാനം തുക മാത്രമാണ് (1,16,00,000) ലഭിച്ചിട്ടുള്ളത്.

**ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകത**

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയുണ്ട്. 1-1-2011 മുതൽ 31-3-2011 വരെയുള്ള അംശാദായ വരവ് മാത്രം പരിഗണിച്ചുകൊണ്ട് 88,65,112 രൂപ ആണ് ബോർഡ് കുടിശ്ശിക കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഗ്രാന്റ് സംബന്ധിച്ച ഭേദഗതി നിയമങ്ങൾക്ക് 5-1-2010 മുതൽ പ്രാബല്യം ഉള്ളതിനാൽ 2010-11-ലെ മുഴുവൻ അംശാദായ വരവിനും തുല്യമായ തുകയ്ക്കുള്ള ഗ്രാന്റിന് ബോർഡിന് അർഹതയുണ്ട്. ഇങ്ങനെ നോക്കുമ്പോൾ 2010-11-ലെ ഗ്രാന്റ് കുടിശ്ശിക 7,06,70,906 രൂപ ആണ്. ഇക്കാര്യം കൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മുഴുവൻ കുടിശ്ശിക ഗ്രാന്റും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഓഡിറ്റ് വർഷം 2011-12)

1995-ലെ കേരള ബീഡി, സിഗാർ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 5-ാം വകുപ്പ്, 4(1)-ാം ഉപവകുപ്പ് പ്രകാരം, തൊഴിലാളികൾ നൽകിയ അംശദായത്തിന് തുല്യമായ തുക ഗ്രാന്റായോ, അനുയോജ്യ അടിസ്ഥാനത്തിലോ, ഓരോ വർഷവും നിധിയിലേയ്ക്ക് സർക്കാർ നൽകേണ്ടതാണ്. ഇതുപ്രകാരം, സർക്കാരിൽ നിന്നുള്ള ഗ്രാന്റായി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ടിയിരുന്ന തുകയും ലഭിച്ച തുകയും ഇനിപ്പറയുന്നു.

| വർഷം | അംശാദായം വരവ് | അർഹതപ്പെട്ട ഗ്രാന്റ് | ലഭിച്ച ഗ്രാന്റ് |
|---|---|---|---|
| 2009-10 | 5,61,373 | 5,61,373 | 13,75,000 |
| 2010-11 | 4,08,431 | 4,08,431 | 15,00,000 |
| 2011-12 | 3,38,328 | 3,38,328 | 17,00,000 |

ബീഡി പെൻഷൻകാർക്കും മുൻകാല ബീഡി തൊഴിലാളി പെൻഷൻകാർക്കും, സിഗാർ തൊഴിലാളി പെൻഷൻകാർക്കും കാലാകാലങ്ങളിലായി വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. പെൻഷൻ ഗ്രാന്റിനൊപ്പം

മാച്ചിംഗ് ഗ്രാന്റ് കൂടി ഉൾപ്പെടുത്തിയാണ് സർക്കാർ ഇപ്പോൾ തുക അനുവദിക്കുന്നത്. പെൻഷന് വേണ്ടിയുള്ള പ്രത്യേക ഗ്രാന്റും, മാച്ചിംഗ് ഗ്രാന്റും ഒരേ ഉത്തരവിലൂടെ അനുവദിക്കുന്നതിനാൽ ഇവയുടെ വേർതിരിച്ചുള്ള കണക്ക് ക്ഷേമനിധി ബോർഡിൽ ലഭ്യമല്ല.

**കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഓഡിറ്റ് വർഷം 2010-11 മുതൽ 2012-13 വരെ)

1989-ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 4(3), 1990-ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 4(4) എന്നിവ പ്രകാരം, ക്ഷേമനിധിയിൽ തൊഴിലാളി അംശാദായം നൽകിയതിന് തുല്യമായ തുക സർക്കാർ ഓരോ വർഷവും ബോർഡിന് ഗ്രാന്റായി നൽകേണ്ടതുണ്ട്. എന്നാൽ ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റിന്റെ കണക്കുകൾ പരിശോധിച്ചതിൽ 2012-13 സാമ്പത്തിക വർഷം വരെ 4,03,34,797 രൂപ ഗ്രാന്റ് കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| സാമ്പത്തിക വർഷം | തൊഴിലാളി അംശാദായം | അർഹമായ ഗ്രാന്റ് | ലഭിച്ച ഗ്രാന്റ് |
|---|---|---|---|
| 2004-05 വരെ | 2,50,16,446 | 2,50,16,446 | - |
| 2005-06 | 44,45,287 | 44,45,287 | - |
| 2006-07 | 37,50,320 | 37,50,320 | - |
| 2007-08 | 46,93,549 | 46,93,549 | 1,00,00,000 |
| 2008-09 | 52,61,791 | 52,61,791 | 1,00,00,000 |
| 2009-10 | 76,78,609 | 76,78,609 | 1,00,00,000 |
| 2010-11 | 74,46,307 | 74,46,307 | - |
| 2011-12 | 83,95,778 | 83,95,778 | 20,00,000 |
| 2012-13 | 76,46,710 | 76,46,710 | 20,00,000 |
| **ആകെ** | **7,43,34,797** | **7,43,34,797** | **3,40,00,000** |

ഗ്രാന്റ് കുടിശ്ശികയിനത്തിൽ ക്ഷേമനിധി ബോർഡിന് ലഭിക്കുവാനുള്ള 4,03,34,797 രൂപ സർക്കാരിൽനിന്നും നേടിയെടുക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

**കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ബോർഡ്**

(ഓഡിറ്റ് വർഷം 2010-11, 2011-12)

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ആകെ വിറ്റുവരവിന്റെ ഒരു ശതമാനമാണ് ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന് ലഭിക്കുന്ന സർക്കാർ വിഹിതം. 2010-11, 2011-12 വർഷങ്ങളിൽ ക്ഷേമനിധി ബോർഡിന് ലഭിച്ച സർക്കാർ വിഹിതത്തിന്റെ വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| സാമ്പത്തിക വർഷം | ഭാഗ്യക്കുറി വിറ്റുവരവ് തുക (കോടി) | ലഭിക്കേണ്ട ഗ്രാന്റ് (കോടി) | ലഭിച്ച ഗ്രാന്റ് (കോടി) | കുടിശ്ശിക (കോടി) |
|---|---|---|---|---|
| 2010-11 | 557.69 | 5.57 | 3.72 | 1.85 |
| 2011-12 | 1287.02 | 12.88 | 10.81 | 2.07 |
| | | | **ആകെ** | **3.92** |

ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന് 2010-11, 2011-12 വർഷങ്ങളിലായി സർക്കാരിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശിക 3.92 കോടി രൂപയാണ്. ഈ തുക ലഭ്യമാക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഓഡിറ്റ് വർഷം 2012-13, 2013-14)

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 4(4) പ്രകാരം, ക്ഷേമനിധിയിലേയ്ക്ക് ഓരോ വർഷവും അംശാദായമിനത്തിൽ ലഭിക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാരിൽനിന്നും മാച്ചിംഗ് ഗ്രാന്റായി ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ 2007-08-നുശേഷം ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും മാച്ചിംഗ് ഗ്രാന്റ് ലഭിച്ചിട്ടില്ല. അംശാദായ പിരിവിന്റെ അടിസ്ഥാനത്തിൽ 2000-01 മുതൽ സർക്കാരിൽനിന്നും ക്ഷേമനിധി ബോർഡിന് ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റിന്റെ വിശദാംശങ്ങൾ.

| സാമ്പത്തിക വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2000-01 മുതൽ 2011-12 വരെ | 1,21,58,315 |
| 2012-13 | 36,01,719 |
| 2013-14 | 41,24,275 |
| **ആകെ** | **1,98,84,309** |

പെൻഷനും, മറ്റാനുകൂല്യങ്ങൾക്കുമായി 2012-13 ൽ 618.47 ലക്ഷം രൂപയും, 2013-14 ൽ 458.64 ലക്ഷം രൂപയും സർക്കാരിൽനിന്നും ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. എന്നാൽ മാച്ചിംഗ് ഗ്രാന്റ് ഒഴിവാക്കിയാണ് മറ്റ് ഗ്രാന്റുകൾ ലഭ്യമാക്കുന്നത്. ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കുടിശ്ശികയുള്ള മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

**ഓഡിറ്റ് കണ്ടെത്തലുകൾ**

അംശാദായ വരവിന് ആനുപാതികമായി ക്ഷേമനിധി ബോർഡുകൾക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റുകളുടെ വരവ് ഓരോ ക്ഷേമനിധിയിലും വ്യത്യസ്തമാണ്. മാച്ചിംഗ് ഗ്രാന്റ് ചില ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികയായിരിക്കുമ്പോൾ, മറ്റ് ചിലതിൽ അർഹമായതിനേക്കാൾ കൂടുതൽ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡുകളിലെ മാച്ചിംഗ് ഗ്രാന്റിന്റെ സംക്ഷിപ്തം താഴെകൊടുക്കുന്നു.

| ക്ഷേമനിധി ബോർഡിന്റെ പേര് | ഓഡിറ്റ് വർഷം | മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക | മാച്ചിംഗ് ഗ്രാന്റ് അധികമായി ലഭിച്ചത് |
|---|---|---|---|
| (1) | (2) | (3) | (4) |
| കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2010-11<br>2011-12 | - | 10,49,548 |

| (1) | (2) | (3) | (4) |
|---|---|---|---|
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2010-11<br>2011-12 | 12,96,16,114 | - |
| കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2011-12 | ലഭിച്ച തുകയായ 49,29,688 രൂപ മാച്ചിംഗ് ഗ്രാന്റിലേതാണോ എന്നുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല | |
| കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2010-11 മുതൽ 2012-13 വരെ | 4,03,34,797 | - |
| ഭാഗ്യക്കുറി ഏജന്റ്/വിൽപ്പനക്കാരുടെ ക്ഷേമനിധി ബോർഡ് | 2010-11<br>2011-12 | 3.92 കോടി | |
| കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13<br>2013-14 | 1,98,84,309 | - |

**ഓഡിറ്റ് ശിപാർശകൾ**

1. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിൽ മാച്ചിംഗ് ഗ്രാന്റുകൾ നിർണായകമായതിനാൽ സർക്കാരിൽനിന്നും അവ സമയബന്ധിതമായി നേടിയെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

2. മാച്ചിംഗ് ഗ്രാന്റും മറ്റ് ഗ്രാന്റുകളും ഒരുമിച്ച് അനുവദിക്കുന്നതിനാൽ, ഓരോന്നും ഇനം തിരിച്ച് അറിയാൻ കഴിയുന്നില്ല. ആയതിനാൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.2, 7.2.1, 7.2.3, 7.2.4, 7.2.5, 7.2.6, 7.2.7, 7.2.8, 7.2.9]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

76. ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് അധികൃതരോട് സമിതി ആരാഞ്ഞപ്പോൾ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് താരതമ്യേന വരുമാനം കുറവായതിനാൽ ബോർഡിന്റെ പ്രവർത്തനം പ്രധാനമായും സർക്കാർ ഗ്രാന്റിനെ ആശ്രയിച്ച് തന്നെയാണ് നിലവിലും മുന്നോട്ട് പോകുന്നതെന്നും ബോർഡിന് അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ തുക മാച്ചിംഗ് ഗ്രാന്റായി പല ഘട്ടത്തിലും സർക്കാർ അനുവദിക്കാറുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ മറുപടി നൽകി. ക്ഷേമനിധി ബോർഡിന്റെ വാർഷിക കണക്കുകളിൽനിന്നും സർക്കാർ നൽകുന്ന മാച്ചിംഗ് ഗ്രാന്റും പെൻഷൻ ഗ്രാന്റും തമ്മിൽ വേർതിരിച്ചറിയുവാൻ സാധിക്കുന്നില്ലെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വ്യവസായ വകുപ്പിനോട് ശിപാർശ ചെയ്തു.

77. കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് നിയമപ്രകാരം അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ടെക്സ്റ്റൈൽ വ്യാപാരികൾ വിറ്റുവരവിന്റെ 0.25 ശതമാനം തുക സെസ്സായി നൽകേണ്ടതും ടി തുക ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ടതുമാണെങ്കിലും സെസ് പിരിവിനെതിരെ വ്യാപാരികൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് സമ്പാദിച്ചിരിക്കുന്നതിനാൽ നാളിതുവരെ സെസ് പിരിവ് ആരംഭിച്ചിട്ടില്ലെന്നും ആയത് ബോർഡിന്റെ സാമ്പത്തികനില മോശമായി തുടരുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു. താരതമ്യേന വരുമാനം കുറഞ്ഞ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലനിൽപ്പിന് സെസ് പിരിവ് നിർണ്ണായകമായതിനാൽ സെസ് പിരിവിനെതിരെയുള്ള കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

78. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ വൻ തുകകൾ കുടിശ്ശികയുണ്ടെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ക്ഷേമനിധി ബോർഡിന് കഴിഞ്ഞ സാമ്പത്തിക വർഷം 100 കോടി രൂപ പെൻഷൻ ഗ്രാന്റായി അനുവദിച്ചിരുന്നുവെങ്കിലും ട്രഷറി നിയന്ത്രണങ്ങൾമൂലം 26 കോടി രൂപ മാത്രമേ ലഭിച്ചിരുന്നുള്ളൂവെന്നും, സർക്കാർ ഗ്രാന്റിന്റെ അപര്യാപ്തതമൂലം പല ക്ഷേമനിധി

ആനുകൂല്യങ്ങളുടെയും വിതരണം മുടങ്ങിക്കിടക്കുകയാണെന്നും, വിവാഹ ധനസഹായത്തിനായി ലഭിച്ച 83833 അപേക്ഷകളിലായി 16,43,20,000 രൂപയുടെ കുടിശ്ശികയുണ്ടെന്നും, പ്രസവാനുകൂല്യത്തിനായി ലഭിച്ച 13575 അപേക്ഷകളിലായി 1,35,74,000 രൂപയുടെ കുടിശ്ശികയുണ്ടെന്നും അധിവർഷാനുകൂല്യമിനത്തിൽ 298648 പേർക്ക് അധിവർഷാനുകൂല്യം നൽകുവാനുണ്ടെന്നും ചികിത്സാസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം എന്നിവ കൃത്യമായി നൽകുന്നുണ്ടെന്നും സർക്കാരിന്റെ നിലവിലെ സ്ഥിതിയനുസരിച്ച് മാച്ചിംഗ് ഗ്രാന്റിലെ കുടിശ്ശിക നൽകുവാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും, പ്രസ്തുത തീരുമാനത്തിനെതിരെ നിരവധി അപേക്ഷകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു.

79. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് വരുമാനം കുറവായതിനാൽ ഗവൺമെന്റ് ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക ലഭിച്ചെങ്കിൽ മാത്രമേ ആനുകൂല്യ വിതരണത്തിലെ പോരായ്മകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കാത്തതും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് തൊഴിൽ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

80. ഭൂവുടമാ വിഹിതത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ അത് പിരിക്കുന്നത് റവന്യൂവകുപ്പ്ആണെന്നും 40 ആർ ഭൂമിയ്ക്ക് മുകളിൽ വരുന്ന ഓരോ ആർ-നും 25 പൈസ വീതമാണ് ഭൂവുടമകൾ അടയ്ക്കുന്നതെന്നും, കുറച്ച് വർഷങ്ങളായി പരമാവധി 3 കോടി രൂപയാണ് ഭൂവുടമാ വിഹിതമായി ലഭിക്കുന്നതെന്നും, ഭൂമിയുടെ പരിധി 40 ആർ-ൽനിന്നും കുറയ്ക്കുകയും, ഭൂവുടമാ വിഹിതം 25 പൈസയിൽനിന്നും വർദ്ധിപ്പിക്കുകയും ചെയ്താൽ ഭൂവുടമാ വിഹിതത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നും ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു.

81. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണം തടസ്സപ്പെട്ടിരിക്കുകയാണെന്നും, അത് ബോർഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും വിലയിരുത്തിയ സമിതി മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിച്ചു.

82. ഭൂവുടമാ വിഹിതം, അംശാദായം എന്നിവ വർദ്ധിപ്പിക്കുന്നതും ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കുന്നതിന് സഹായകരമാകുമെന്ന് നിരീക്ഷിച്ച സമിതി ഭൂവുടമാ വിഹിതം അടയ്ക്കുന്നതിനായി

നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ മിനിമം വിസ്തൃതി 40 ആർ-ൽനിന്നും കുറയ്ക്കുന്നതിനും, ഭൂവുടമാ വിഹിതം 25 പൈസയിൽനിന്നും വർദ്ധിപ്പിക്കുന്നതിനും, അംശാദായത്തുക വർദ്ധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

83. വാർഷിക ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയില്ലെന്ന ഭരണ വകുപ്പിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

84. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും, ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള ബീഡി,ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

85. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ വൻതുകകൾ കുടിശ്ശികയുണ്ടെന്ന് നിരീക്ഷിച്ച സമിതി അത് സംബന്ധിച്ച് ആരാഞ്ഞപ്പോൾ ഒരു ഖാദി തൊഴിലാളി തന്റെ വേതനത്തിന്റെ 12 ശതമാനമാണ് അംശാദായമായി ക്ഷേമനിധിയിൽ അടയ്ക്കുന്നതെന്നും നിയമപ്രകാരം അത്രയും ശതമാനം തുക തന്നെ ക്ഷേമനിധി ബോർഡും സർക്കാരും നൽകേണ്ടതാണെന്നും എന്നാൽ കഴിഞ്ഞ ആറേഴ് വർഷങ്ങളായി 20 ലക്ഷം രൂപ മാത്രമാണ് സർക്കാർ ഗ്രാന്റായി വകയിരുത്തുന്നതെന്നും, 8 കോടിയിലധികം രൂപ ഗ്രാന്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കുവാനുണ്ടെന്നും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകേണ്ടതെന്നതിനാൽ, സർക്കാർ ഗ്രാന്റ് തുകയിലെ കുറവ് പെൻഷനടക്കമുള്ള ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും 5.12 കോടി രൂപ പെൻഷൻ ഇനത്തിൽ കുടിശ്ശികയുണ്ടെന്നും ബോർഡ് സി.ഇ.ഒ. മറുപടി നൽകി.

86. ക്ഷേമനിധിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാച്ചിംഗ് ഗ്രാന്റുകൾ അത്യന്താപേക്ഷിതമാണെന്ന് നിരീക്ഷിച്ച സമിതി ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശിക തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

87.സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഓരോ വർഷത്തെയും ആകെ വിറ്റുവരവിന്റെ ഒരു ശതമാനം തുക ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന് ലഭിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് ആകെ

വിറ്റുവരവിന്റെ ഒരു ശതമാനം തുക ആവശ്യമായി വരാറില്ലെന്നും, 2011-12-ൽ വകുപ്പിന്റെ ആകെ വാർഷിക വിറ്റുവരവ് 1287 കോടി രൂപയായിരുന്നുവെന്നും, അതേസമയം ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് 10.81 കോടി രൂപ മാത്രമേ ആവശ്യമായിരുന്നുള്ളൂവെന്നും, അത്രയും തുക സർക്കാർ അനുവദിച്ച് നൽകിയിരുന്നുവെന്നും, ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുന്നമുറയ്ക്ക് അനുവദിച്ച് വരുന്നുണ്ടെന്നും ലോട്ടറി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

88. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

89. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് താരതമ്യേന വരുമാനം കുറവായതിനാൽ ബോർഡിന്റെ പ്രവർത്തനം പ്രധാനമായും സർക്കാർ ഗ്രാന്റിനെ ആശ്രയിച്ച് തന്നെയാണ് നിലവിലും മുന്നോട്ട് പോകുന്നതെന്നും ബോർഡിന് അർഹതപ്പെട്ടതിനെക്കാൾ കൂടുതൽ തുക മാച്ചിംഗ് ഗ്രാന്റായി പല ഘട്ടങ്ങളിലും സർക്കാർ അനുവദിക്കാറുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ വാർഷിക കണക്കുകളിൽനിന്നും സർക്കാർ നൽകുന്ന മാച്ചിംഗ് ഗ്രാന്റും പെൻഷൻ ഗ്രാന്റും വേർതിരിച്ചറിയുവാൻ സാധിക്കുന്നില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വ്യവസായ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.**

90. **കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് നിയമം പ്രാബല്യത്തിൽ വന്നിട്ടും സെസ് പിരിവിനെതിരെ വ്യാപാരികൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുന്നതിനാൽ നാളിതുവരെ സെസ് പിരിവ് ആരംഭിച്ചിട്ടില്ലെന്നും ഇത് ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക നില മോശമായി തുടരുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. താരതമ്യേന വരുമാനം കുറഞ്ഞ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലനിൽപ്പിന് സെസ് പിരിവ് നിർണ്ണായകമായതിനാൽ സെസ് പിരിവിനെതിരെയുള്ള കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

91. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണം തടസ്സപ്പെട്ടിരിക്കുകയാണെന്നും, ഇത് ബോർഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് വരുമാനം കുറവായതിനാൽ ഗവൺമെന്റ് ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക ലഭിച്ചെങ്കിൽ മാത്രമേ ആനുകൂല്യ വിതരണത്തിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു.

92. ഭൂവുടമ വിഹിതം കൃത്യമായി പിരിച്ചെടുക്കാത്തതും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഭൂവുടമാ വിഹിതം, അംശാദായം എന്നിവ വർദ്ധിപ്പിക്കുന്നതും ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. ഭൂവുടമാ വിഹിതം അടയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ മിനിമം വിസ്തൃതി 40 ആർ-ൽനിന്നും കുറയ്ക്കുന്നതിനും ഭൂവുടമാ വിഹിതം 25 പൈസയിൽനിന്നും വർദ്ധിപ്പിക്കുന്നതിനും അംശാദായ തുക വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

93. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അധികൃതർ വാർഷിക ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയില്ലെന്ന ഭരണ വകുപ്പിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

94. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

95. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 8 കോടി രൂപയിലധികം കുടിശ്ശികയുണ്ടെന്നും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ

**നൽകേണ്ടതെന്നതിനാൽ, സർക്കാർ ഗ്രാന്റ് ഇനത്തിലെ കുടിശ്ശിക പെൻഷൻ അടക്കമുള്ള ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണത്തെ നിലവിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും, 5.12 കോടി രൂപ പെൻഷൻ ഇനത്തിൽ കുടിശ്ശികയുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാച്ചിംഗ് ഗ്രാന്റുകൾ അത്യന്താപേക്ഷിതമായതിനാൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

96. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ-1.95 കോടി രൂപ പാഴായി-കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്.**

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ തീരദേശ ജില്ലകളിലെ കയർ തൊഴിലാളികൾക്കായി 20 ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രിൽമാറ്റിങ്ങ് യൂണിറ്റുകളും നിർമ്മിച്ച് നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിരുന്നു. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനായിരുന്നു ഇതിന്റെ ചുമതല.

24-1-2009-ൽ സർക്കാരിൽനിന്നും അംഗീകരിച്ച ഈ പദ്ധതിയ്ക്കായി 322.98 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതിയ്ക്കായി കയർ സ്പിന്നിംഗ് മെഷിനറികൾ '2M എഞ്ചിനീയേഴ്സ് ' എന്ന ഏജൻസിയും ക്രിൽമാറ്റ് മെഷിനറികൾ 'മൊണാർക്ക് ' എന്ന സ്ഥാപനവുമാണ് വിതരണം ചെയ്തത്. പദ്ധതി നടപ്പിലാക്കുന്നതിനായി ക്ഷേമനിധി ബോർഡിന് ആകെ 1,95,67,000 രൂപ സർക്കാരിൽനിന്നും വിവിധ ഘട്ടങ്ങളിലായി ലഭിച്ചിട്ടുണ്ട്.

രണ്ട് യൂണിറ്റുകൾ ഓഡിറ്റ് ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.

**1. തീരദേശ ദൂരപരിധി ലംഘിച്ചതിനാൽ കയർ യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമായില്ല. കെട്ടിടം, യന്ത്രോപകരണങ്ങൾ എന്നിവയ്ക്ക് ചെലവഴിച്ച 15 ലക്ഷം രൂപ പാഴായി**

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽപ്പെട്ട കമീൽ വനിതാ കയർ ഉൽപ്പാദക സംഘത്തിന് മേൽ പദ്ധതിയിലുൾപ്പെടുത്തി 2,54,172 രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും 10,90,182 രൂപയുടെ മെഷിനറികൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ടി കെട്ടിടം തീരദേശ പരിപാലന നിയമപ്രകാരമുള്ള 200 മീറ്റർ ദൂരപരിധി പാലിച്ചിട്ടില്ലാത്തതിനാൽ കെട്ടിട നമ്പർ നൽകാനാകില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചതിനെത്തുടർന്ന് ബോർഡ് ഡിസാസ്റ്റർ മാനേജ്മെന്റ്, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, ജില്ലാ കളക്ടർ എന്നിവർക്ക് കത്തെഴുതിയെങ്കിലും തീരദേശ പരിപാലന നിയമത്തിൽ ഇളവ് വരുത്തി കെട്ടിടത്തിന് നമ്പർ അനുവദിച്ച് ഉത്തരവുണ്ടായില്ല. കെട്ടിട നമ്പർ അനുവദിക്കാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കാനും കഴിഞ്ഞില്ല.

കമീൽ വനിതാ കയർ ഉൽപ്പാദക സംഘം യൂണിറ്റിന് അനുവദിച്ച കെട്ടിടവും യന്ത്രസാമഗ്രികളും ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 18-5-2015-ൽ നേരിട്ട് പരിശോധന നടത്തിയതിൽ സമീപത്തെ തെങ്ങ് കടപുഴകി വീണ് കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇലക്ട്രിഫിക്കേഷൻ ജോലികൾ ചെയ്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിനകത്ത് സ്ഥാപിച്ച യന്ത്ര സാമഗ്രികൾ തുരുമ്പിച്ച് നശിച്ച അവസ്ഥയിലുമാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഒരു ദിവസം പോലും യൂണിറ്റ് പ്രവർത്തിച്ചില്ല.

തീരദേശ പരിപാലന നിയമം ബാധകമായ സ്ഥലത്ത് പഞ്ചായത്തിന്റെ മുൻകൂർ അനുമതിയില്ലാതെ 2,54,172 രൂപ ചെലഴിച്ച് കെട്ടിടം പണിയുകയും വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്നിട്ടും 10,90,182 രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തത് വീഴ്ചയാണ്. ഈ യൂണിറ്റിനായി പദ്ധതിപ്പണത്തിൽനിന്നും 15 ലക്ഷത്തോളം രൂപ ബോർഡ് പാഴാക്കിയതായി വിലയിരുത്തുന്നു.

**2. സ്ഥലവും കെട്ടിടവുമില്ലാതെ യന്ത്രസാമഗ്രികൾ വാങ്ങി-3.5 ലക്ഷം രൂപ പാഴായി**

ആറാട്ടുപുഴ പഞ്ചായത്തിൽ സ്മൃതിജനി ഗ്രൂപ്പിന് ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റ് അനുവദിച്ചുവെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ കെട്ടിടം പണി നടന്നില്ല. എന്നാൽ ഈ ഗ്രൂപ്പിന് വേണ്ടി 3,51,600 രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങി.

| | |
|---|---|
| 1. 3 സ്പിന്നിംഗ് മെഷീൻ (ഒന്നിന് 1,02,200 രൂപ നിരക്കിൽ) | : 3,06,600 |
| 2. 2 വില്ലോയിംഗ് മെഷീൻ | : 45,000 |
| **ആകെ** | **: 3,51,600** |

യൂണിറ്റിന് സ്ഥലവും കെട്ടിടവും ലഭ്യമാകാത്ത സാഹചര്യത്തിൽ മെഷിനറികൾ 'ഫോം മാറ്റിങ്ങ്സ് ഇന്ത്യ' എന്ന സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യന്ത്രസാമഗ്രികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 7/18-5-2015) സി.ഇ.ഒ. മറുപടി ലഭ്യമാക്കിയില്ല.

സ്ഥലവും കെട്ടിടവും ഇല്ലാത്ത ഗ്രൂപ്പിനുവേണ്ടി 3,51,600 രൂപ ചെലവഴിച്ച് യന്ത്രസാമഗ്രികൾ വാങ്ങിയത് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗമാണ്.

സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 18 കയർ സ്പിന്നിംഗ് യൂണിറ്റുകളും 3 ക്രിൽമാറ്റ് യൂണിറ്റുകളും പ്രവർത്തനമാരംഭിച്ചതായി പറയുന്നുണ്ടെങ്കിലും നിലവിൽ ഒരു യൂണിറ്റുപോലും പ്രവർത്തിക്കുന്നില്ല എന്നാണ് അറിയുന്നത്. ആസൂത്രണത്തിലെ പാളിച്ചകൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, മേൽനോട്ടത്തിന്റെ അഭാവം എന്നിവമൂലം പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. ക്ഷേമനിധി ബോർഡ് 18 കയർത്തൊഴിലാളി യൂണിറ്റുകൾക്കായി അനുവദിച്ച 2 കോടിയോളം രൂപ ബോർഡിന്റെ തന്നെ വീഴ്ചമൂലം പാഴായതായി വിലയിരുത്തുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് പ്രത്യേക പരിശോധനാ റിപ്പോർട്ടിന് (കെ.എസ്.എ. ഡബ്ല്യു.എൽ.എഫ്.എ.3-72/2015,തീയതി 5-12-2015) മറുപടി ലഭ്യമാക്കിയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

97. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ 2009, 2010 വർഷങ്ങളിൽ സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്കായി 20 ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രിൽമാറ്റ് യൂണിറ്റുകളും ആരംഭിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനായിരുന്നുവെന്നും, പദ്ധതിക്കായി 1,95,67,000 രൂപ സർക്കാരിൽനിന്നും ബോർഡിന് ലഭിച്ചിരുന്നുവെന്നും, 20 യൂണിറ്റുകളിൽ 18 യൂണിറ്റുകൾ ആരംഭിച്ചിരുന്നുവെന്നും, 2 യൂണിറ്റുകൾക്ക് സി.ആർ.ഇസെഡ്-ന്റെ ലംഘനം, മറ്റ് പോരായ്മകൾ എന്നിവ കാരണം പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ലെന്നും, എട്ട് വനിതകളടങ്ങുന്ന സ്വയംസഹായക സംഘങ്ങളായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത യൂണിറ്റുകൾ ഒരു വർഷത്തോളം നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും പദ്ധതിപ്രവർത്തനവുമായി ബന്ധപ്പെട്ട് ചുമതലയുണ്ടായിരുന്ന ഏജൻസികളിൽനിന്നും പിന്തുണ ലഭിക്കാതിരുന്നതുകൊണ്ടാണ് അവ നിർത്തലാക്കേണ്ടിവന്നതെന്നും കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സി.ഇ.ഒ. മറുപടി നല്കി.

98.പ്രസ്തുത യൂണിറ്റുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോയെന്നും മാർക്കറ്റിംഗ് എങ്ങനെയാണെന്നും പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഏജൻസികളുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം സംഭവിച്ചതായി സമിതി നിരീക്ഷിച്ചു.

99. വനിതാ കയർ ഉൽപ്പാദക സംഘം യൂണിറ്റിനായി നിർമ്മിച്ച കെട്ടിടത്തിന് തീരദേശ പരിപാലന നിയമം പാലിക്കാത്തതിന്റെ പേരിൽ കെട്ടിട നമ്പറും, വൈദ്യുതി കണക്ഷനും ലഭിച്ചില്ലെന്നും അക്കാരണത്താൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞില്ലെന്നും, യൂണിറ്റിനായി വാങ്ങിയ 10,90,182 രൂപയുടെ യന്ത്രസാമഗ്രികൾ നിലവിൽ തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണെന്നും സമിതി നിരീക്ഷിച്ചു.

100. സുനാമി പുനരധിവാസ പദ്ധതിപ്രകാരം ആരംഭിച്ച യൂണിറ്റുകളിൽ ഒന്നുപോലും നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും, പ്രവർത്തനരഹിതമായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ബോർഡിന്റെ ഭാഗത്തുനിന്നും യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ലെന്നും നിരീക്ഷിച്ച സമിതി പദ്ധതി നിർവ്വഹണത്തിൽ ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയാണ് 2 കോടി രൂപയോളം ചെലവഴിച്ച് നടപ്പിലാക്കിയ സുനാമി പുനരധിവാസ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടതിനുള്ള പ്രധാന കാരണമെന്ന് അഭിപ്രായപ്പെട്ടു.

101. പദ്ധതി നിർവ്വഹണത്തിലുണ്ടായ തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും, ക്ഷേമനിധി ബോർഡ് അടക്കം പദ്ധതിയുമായി ബന്ധപ്പെട്ടിരുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിലും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ഭരണ വകുപ്പിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയും പദ്ധതി മുടങ്ങിയതിന് കാരണമായിട്ടുണ്ടെന്ന് സമിതി വിലയിരുത്തി. സുനാമി പുനരധിവാസ പദ്ധതി

നടത്തിപ്പിൽ ക്ഷേമനിധി ബോർഡ് അധികൃതരുടെയും വിവിധ ഏജൻസികളുടെയും ഭരണ വകുപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടായ അലംഭാവത്തിലും, നിരുത്തരവാദപരമായ നിലപാടിലും സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തി. പദ്ധതിയുമായി ബന്ധപ്പെട്ട് ചുമതലയുണ്ടായിരുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുവാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പൊതുപണ വിനിയോഗത്തിൽ വരുത്തുന്ന ഇത്തരം അലംഭാവവും പിഴവുകളും ഗുരുതരവും, അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

102. സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്ക് വളരെയേറെ പ്രയോജനപ്രദമാകുമായിരുന്ന ഒരു പദ്ധതിയാണ് ആസൂത്രണത്തിലെ പാളിച്ചകൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, മേൽനോട്ടത്തിന്റെ അഭാവം എന്നീ കാരണങ്ങളാൽ ലക്ഷ്യം കൈവരിക്കാതെ തീർത്തും പരാജയപ്പെട്ട് പോയതെന്ന് സമിതി വിലയിരുത്തി. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർതലത്തിൽ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

103. **സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്കായി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ പദ്ധതി ഒരു വർഷത്തിനുള്ളിൽ അവസാനിപ്പിച്ചതായും പദ്ധതിയ്ക്കായി വാങ്ങിയ കെട്ടിടങ്ങളും യന്ത്രസാമഗ്രികളും മറ്റും നിലവിൽ കാലപ്പഴക്കംമൂലം നശിച്ച അവസ്ഥയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനരഹിതമായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ബോർഡിന്റെ ഭാഗത്തുനിന്നും നാളിതുവരെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയാണ് 2 കോടി രൂപയിലധികം ചെലവഴിച്ച് നടപ്പിലാക്കിയ സുനാമി പുനരധിവാസ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടതിനുള്ള പ്രധാനകാരണമെന്ന് സമിതി വിലയിരുത്തുന്നു.**

104. **പദ്ധതി നിർവ്വഹണത്തിലുണ്ടായ തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും, ക്ഷേമനിധി ബോർഡ് അടക്കം പദ്ധതിയുമായി ബന്ധപ്പെട്ടിരുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിലും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ഭരണ വകുപ്പിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയും പദ്ധതി മുടങ്ങിയതിന് കാരണമായിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിൽ ക്ഷേമനിധി ബോർഡ് അധികൃതരുടെയും വിവിധ ഏജൻസികളുടെയും ഭരണ വകുപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടായ ഔദ്യോഗികമായ അലംഭാവത്തിലും നിരുത്തരവാദപരമായ നിലപാടിലും സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു.**

105. **സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്ക് വളരെയേറെ പ്രയോജനപ്രദമാകുമായിരുന്ന ഒരു പദ്ധതിയാണ് ആസൂത്രണത്തിലെ പാളിച്ചകൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, മേൽനോട്ടത്തിന്റെ അഭാവം എന്നീ കാരണങ്ങളാൽ ലക്ഷ്യം കൈവരിക്കാതെ തീർത്തും പരാജയപ്പെട്ടുപോയതെന്ന് സമിതി വിലയിരുത്തുന്നു. പൊതുധന വിനിയോഗത്തിൽ ഭരണ വകുപ്പ് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഔദ്യോഗികമായ കൃത്യവിലോപത്തിന് ഉത്തമ ഉദാഹരണമാണ് പ്രസ്തുത ഓഡിറ്റ് തടസ്സം. ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

106. **പദ്ധതിപണ വിനിയോഗത്തിൽ ക്ഷേമനിധി ബോർഡ് അധികൃതർ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതു മാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ പദ്ധതിപണ വിനിയോഗവുമായി ബന്ധപ്പെട്ട ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശനനിർദ്ദേശങ്ങൾ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകണമെന്നും അത് പാലിക്കപ്പെടുന്നുണ്ടെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും പാലിക്കാത്തപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 2.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 9, 10, 11, 12 | തൊഴിലും പുനരധിവാസവും വകുപ്പ് | 9. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൈത്തറി തൊളിലാളികളെ അംഗങ്ങളാക്കുന്നതിന് ബോർഡ് അധികൃതർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 10. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ടതായ തൊഴിലുടമ വിഹിതം യഥാസമയം അടയ്ക്കുന്നതിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. ബാംബൂ കോർപ്പറേഷൻ തൊഴിലാളികളിൽനിന്നും അംശാദായമായി പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും, തൊഴിലുടമ വിഹിതമായ 1.19 ലക്ഷം രൂപയും ഉൾപ്പെടെ 2.38 ലക്ഷം രൂപ അടയ്ക്കുന്നതിന് കുടിശ്ശികക്കാരുടെ ലിസ്റ്റ് സഹിതം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ബാംബൂ കോർപ്പറേഷനിലേയ്ക്ക് കത്ത് അയച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ 2000-2001 വർഷം മുതൽ 2004-05 സാമ്പത്തിക വർഷം വരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തൊഴിലാളികളുടെ അംശാദായം, പലിശയുൾപ്പെടെ 4,75,062 രൂപ ബാംബൂ കോർപ്പറേഷൻ അടച്ചിട്ടുണ്ടെന്നുമാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നതെങ്കിലും പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 11. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളും ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലെന്നും, ബാംബൂ കോർപ്പറേഷനിലെ മുഴുവൻ തൊഴിലാളികൾപോലും നിലവിലും ക്ഷേമനിധിയിൽ ചേർന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഇടുക്കി ജില്ലയിലും മറ്റുമുള്ള ആദിവാസി വിഭാഗക്കാരായ ഈറ്റവെട്ട് തൊഴിലാളികൾക്ക് ഇത്തരത്തിലൊരു ക്ഷേമനിധിയെ സംബന്ധിച്ച് യാതൊരു അറിവും ഉണ്ടാകുവാൻ സാധ്യതയില്ലെന്നും ക്ഷേമനിധിയിലെ അംഗത്വത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്താത്തതാണ് ഇതിന് പ്രധാന കാരണമെന്നും സമിതി വിലയിരുത്തുന്നു. ക്ഷേമനിധി ബോർഡിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ശരിയായ ബോധവത്കരണം നടത്തിയും, ട്രേഡ് യൂണിയനുകൾ അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയും സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, . |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ക്ഷേമനിധി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു |
| | | | 12. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ കണക്ക് നിലവിലും ക്ഷേമനിധി ബോർഡിൽ ലഭ്യമല്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യമാകുന്നു. സംസ്ഥാനത്ത് ഈറ്റവെട്ട്, കാട്ടുവള്ളി ശേഖരണം, തഴവെട്ട് എന്നീ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇനം തിരിച്ച് അടിയന്തരമായി തയ്യാറാക്കണമെന്ന് സമിതി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു. |
| 2. | 17, 18 | തൊഴിലും പുനരധിവാസവും വകുപ്പ് | 17. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ സബ് ഓഫീസിൽ ധനാപഹരണം നടത്തിയ ടി ഓഫീസിലെ പ്യൂണായിരുന്ന ബി.വിശ്വനാഥനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടിരുന്നുവെന്നും, ടിയാളുടെ ഡി.സി.ആർ.ജി.-യിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആർ.ആർ നടപടി ആരംഭിച്ചിരുന്നുവെങ്കിലും അതിനെതിരെ ടിയാൻ നിലവിൽ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. ധനാപഹരണവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയെന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കാരണത്താൽ ടി ഓഫീസിലെ നാല് എൽ.ഡി. ക്ലാർക്കുമാർക്കെതിരെ ബോർഡ് അച്ചടക്ക നടപടി സ്വീകരിച്ചിരുന്നുവെന്നും, നഷ്ടത്തുകകൂടി അവരിൽ നിന്നുതന്നെ തിരിച്ച് പിടിക്കുവാനാണ് ബോർഡ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നാല് എൽ.ഡി ക്ലാർക്കുമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് കഴിഞ്ഞ സാഹചര്യത്തിൽ നഷ്ടത്തുക കൂടി അവരിൽ നിന്നുതന്നെ ഈടാക്കുവാനുള്ള ബോർഡിന്റെ തീരുമാനം തീർത്തും ന്യായരഹിതമായതിനാൽ, കുറ്റക്കാരനായ ബി. വിശ്വനാഥൻ റവന്യൂ റിക്കവറിക്കെതിരെ സമ്പാദിച്ച കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിച്ച് നഷ്ടത്തുക പൂർണ്ണമായും ടിയാനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | | 18. റവന്യൂ റിക്കവറിക്കെതിരെ കുറ്റക്കാരനായ വ്യക്തി ബി. വിശ്വനാഥൻ സമ്പാദിച്ച കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനായും, ടിയാനെതിരെ രജിസ്റ്റർ ചെയ്തിരുന്ന ക്രിമിനൽ കേസിന്റെ ഫലപ്രദമായ നടത്തിപ്പിനായും ബോർഡ് അധികൃതർ നാളിതുവരെയായി കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചി ട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബോർഡ് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ നിരുത്തര വാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പരാമർശവിധേയമായ ധനാപഹരണത്തിന് ഉത്തരവാദിയായ ബി. വിശ്വനാഥനെതിരെയുള്ള റിക്കവറി കേസ്, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ക്രിമിനൽ കേസ് എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 3. | 23 | തൊഴിലും പുനരധിവാസവും വകുപ്പ് | 23. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് 3,18,001 രൂപ ക്രമരഹിതമായി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നിർവ്വഹിച്ച 3.18 ലക്ഷം രൂപയുടെ അധിക പ്രവൃത്തികൾ കെട്ടിടനിർമ്മാണം നല്ല രീതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായിരുന്നുവെന്നും കൂടാതെ ക്ഷേമനിധി ബോർഡിന്റെ അംഗീകാരത്തോടെയാണ് പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നഷ്ടോത്തരവാദികളായി പരാമർശിക്കപ്പെട്ട രണ്ട് ഉദ്യോഗസ്ഥരിൽ ഒരാൾ മരണപ്പെട്ടുവെന്നും മറ്റയാൾ പരാമർശവിധേയമായ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനത്തിനുശേഷമാണ് ക്ഷേമനിധി ബോർഡിൽ സി.ഇ.ഒ. ആയി ചാർജ്ജ് എടുത്തിട്ടുള്ളതുമെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മേലിൽ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൃത്യത ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | 34, 35, 36, 37, 38, 39, 40, 41 | തൊഴിലും പുനരധിവാസവും വകുപ്പ് | 34. ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 35. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 36. 1992-ൽ ആരംഭിച്ച കേരള വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് നിലവിലും പ്രവർത്തിക്കുന്നതെന്നും ബോർഡിന്റെ പ്രവർത്തനത്തിനായുള്ള ആക്ടുകളും ചട്ടങ്ങളും നാളിതുവരെ രൂപീകരിക്കാത്തത് ബോർഡിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. 1-1-2017-ൽ നടന്ന ബോർഡ് യോഗം അംഗീകരിച്ച കരട് വ്യാപാരി ക്ഷേമനിധി നിയമം സർക്കാർ അംഗീകാരത്തിനായി |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | 18-12-2017-ന് ലഭ്യമാക്കിയിരുന്നുവെന്നും ആയതിന്മേൽ നിലവിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ വ്യാപാരി ക്ഷേമനിധി ബില്ലിന് സർക്കാർ അംഗീകാരം ലഭ്യമാക്കി നിയമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നികുതി വകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ, കേരള വ്യാപാരി ക്ഷേമനിധി ബോർഡ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനമായതിനാൽ വാർഷിക കണക്കുകൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ ബോർഡ് അധികൃതർക്ക് നൽകണമെന്നും സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 37. കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്നില്ലെന്നും ക്ഷേമനിധിയിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിലെ അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 38. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുമുള്ള അംഗങ്ങളുടെ കൊഴിഞ്ഞു പോക്ക് ക്ഷേമനിധിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ജീവിത സൂചിക അനുസരിച്ചുള്ള കൂലി ലഭ്യമാകാത്തതും, ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുറവുമാണ് ഇതിന് പ്രധാന കാരണങ്ങളെന്നും സമിതി മനസ്സിലാക്കുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ക്ഷേമനിധി ബോർഡ് അധികൃതർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്മേൽ വിശദമായ പരിശോധന നടത്തി കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗ സംഖ്യ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 39. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകുന്നുണ്ടെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 40. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നാളിതുവരെയായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബോർഡ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന വിശേഷാൽ ചട്ടങ്ങളുടെ കരടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ആയത് അടിയന്തരമായി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു. |
| | | | 41. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ബോർഡിന് ലഭിക്കുവാനുള്ള സർക്കാർ ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക അടിയന്തരമായി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് ആവശ്യപ്പെടുന്നു. |
| 5. | 45, 46 | തൊഴിലും പുനരധിവാസവും വകുപ്പ് | 45. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 46. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി-യ്ക്ക് കൈമാറി സർക്കാർ ഉത്തരവായെങ്കിലും ആയത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിലവിലും നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബോർഡ് നിയമനങ്ങൾ പി.എസ്.സി-യ്ക്ക് കൈമാറുന്നതിനുള്ള നിയമ ഭേദഗതി വരുത്തുന്നതിനും, ബോർഡിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി മുഖേനയാക്കുന്നതിനുംവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി വ്യവസായ (കയർ) വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 6. | 60, 61, 62, 63, 64, 65, 66, 67 | തൊഴിലും പുനരധിവാസവും വകുപ്പ് | 60. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 61. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകുന്ന പാസ് ബുക്കുകളുടെ വിതരണത്തിന്റെ വ്യക്തമായ കണക്കുകൾ ഡിവിഷനുകളിൽ സൂചിപ്പിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 62. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത ഖണ്ഡികയിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് ന്യൂനതകളും പരിഹരിച്ചിട്ടുണ്ടെന്നാണ് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യക്തമാക്കിയിരിക്കുന്നതെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും നാളിതുവരെ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കി യിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണ മെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 63. ഓഡിറ്റ് തടസ്സം പരിഹരിച്ചത് സംബന്ധിച്ച് ക്ഷേമനിധി ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെയും, ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 64. കേരള ക്ഷീരകർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വത്തിനായി നൽകുന്ന അപേക്ഷകളിന്മേൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽനിന്നും ശരിയായ പരിശോധന നടത്തുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബോർഡ് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 65. സംസ്ഥാനത്തൊട്ടാകെയുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവുമായി തട്ടിച്ച് നോക്കുമ്പോൾ വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം തുലോം കുറവാണെന്നും, ക്ഷേമനിധി ആനുകൂല്യങ്ങളുടെ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | കുറവും, അവ ലഭിക്കുന്നതിലെ കാലതാമസവുമാണ് വ്യാപാരികൾ ക്ഷേമനിധിയിൽ അംഗത്വമെടു ക്കാത്തതിനുള്ള പ്രധാന കാരണങ്ങളെന്നും സമിതി വിലയിരുത്തുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കു ന്നതിനും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ചെറുകിട വ്യാപാരികൾക്ക് കൂടുതൽ തുക ലഭിക്കുന്ന രീതിയിൽ സ്ലാബ് പുന:ക്രമീകരിക്കണ മെന്നും സമിതി നികുതി വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 66. 1992-ൽ ആരംഭിച്ച വ്യാപാരി ക്ഷേമനിധി ബോർഡിലെ അംഗത്വം സംബന്ധിച്ച് നിയമങ്ങളൊന്നും നിലവിലില്ലാത്തതും ക്ഷേമനിധി ബോർഡിലെ അംഗസംഖ്യ കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്തെ എല്ലാ വ്യാപാരികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് അധികൃതരോടും, പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സത്വര നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ ക്ഷേമനിധി അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും ഇത് സംബന്ധിച്ച് ഭരണ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്തണമെന്നും സമിതി ക്ഷേമനിധി ബോർഡ് അധികൃതരോട് നിർദ്ദേശിക്കുന്നു |
| | | | 67. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബോർഡ് അധികൃതർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7. | 70 | തൊഴിലും പുനരധിവാസവും വകുപ്പ് | 70. ഓഡിറ്റ് പരാമർശം പരിഹരിച്ചത് സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 8. | 74, 75 | തൊഴിലും പുനരധിവാസവും വകുപ്പ് | 74. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | | 75. കേരള വ്യപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ പല തവണ രേഖാമൂലം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും അതിനാൽ ടി കാലയളവ് മുതലുള്ള ഓഡിറ്റ് നടത്തിയിട്ടില്ലെന്നും, അക്കാരണത്താൽ ബോർഡിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമല്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള വ്യാപാരി ക്ഷേമനിധി ബോർഡിന്റെ 2009-10 മുതൽ നാളിതുവരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിംഗിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 9. | 89, 90, 91, 92, 93, 94, 95, 96 | തൊഴിലും പുനരധിവാസവും വകുപ്പ് | 89. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് താരതമ്യേന വരുമാനം കുറവായതിനാൽ ബോർഡിന്റെ പ്രവർത്തനം പ്രധാനമായും സർക്കാർ ഗ്രാന്റിനെ ആശ്രയിച്ച് തന്നെയാണ് നിലവിലും മുന്നോട്ട് പോകുന്നതെന്നും ബോർഡിന് അർഹതപ്പെട്ടതിനെക്കാൾ കൂടുതൽ തുക മാച്ചിംഗ് ഗ്രാന്റായി പല ഘട്ടങ്ങളിലും സർക്കാർ അനുവദിക്കാറുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ വാർഷിക കണക്കുകളിൽ നിന്നും സർക്കാർ നൽകുന്ന മാച്ചിംഗ് ഗ്രാന്റും പെൻഷൻ ഗ്രാന്റും വേർതിരിച്ചറിയുവാൻ സാധിക്കുന്നില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വ്യവസായ വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 90. കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് നിയമം പ്രാബല്യത്തിൽ വന്നിട്ടും സെസ് പിരിവിനെതിരെ വ്യാപാരികൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ചിരിക്കുന്നതിനാൽ നാളിതുവരെ സെസ് പിരിവ് ആരംഭിച്ചിട്ടില്ലെന്നും ഇത് ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക നില മോശമായി തുടരുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. താരതമ്യേന വരുമാനം കുറഞ്ഞ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലനിൽപ്പിന് സെസ് പിരിവ് നിർണ്ണായകമായതിനാൽ സെസ് പിരിവിനെതിരെയുള്ള കോടതി സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 91. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് കൃത്യമായി ലഭിക്കാത്തതിനാൽ ബോർഡിലെ ആനുകൂല്യ വിതരണം തടസ്സപ്പെട്ടിരിക്കുകയാണെന്നും, ഇത് ബോർഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് വരുമാനം കുറവായതിനാൽ ഗവൺമെന്റ് ഗ്രാന്റ് ഇനത്തിലെ കുടിശ്ശികത്തുക ലഭിച്ചെങ്കിൽ മാത്രമേ ആനുകൂല്യ വിതരണത്തിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 92. ഭൂവുടമ വിഹിതം കൃത്യമായി പിരിച്ചെടുക്കാത്തതും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഭൂവുടമാ വിഹിതം, അംശാദായം എന്നിവ വർദ്ധിപ്പിക്കുന്നതും ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. ഭൂവുടമാ വിഹിതം അടയ്ക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ മിനിമം വിസ്തൃതി 40 ആർ-ൽനിന്നും കുറയ്ക്കുന്നതിനും ഭൂവുടമാ വിഹിതം 25 പൈസയിൽനിന്നും വർദ്ധിപ്പിക്കുന്നതിനും അംശാദായ തുക വർദ്ധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. |
| | | | 93. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അധികൃതർ വാർഷിക ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയില്ലെന്ന ഭരണ വകുപ്പിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 94. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | | 95. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 8 കോടി രൂപയിലധികം കുടിശ്ശികയുണ്ടെന്നും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകേണ്ടതെന്നതിനാൽ, സർക്കാർ ഗ്രാന്റ് ഇനത്തിലെ കുടിശ്ശിക പെൻഷൻ അടക്കമുള്ള ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണത്തെ നിലവിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും, 5.12 കോടി രൂപ പെൻഷൻ ഇനത്തിൽ കുടിശ്ശികയുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാച്ചിംഗ് ഗ്രാന്റുകൾ അത്യന്താപേക്ഷിതമായതിനാൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| | | | 96. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10. | 103, 104, 105, 106 | തൊഴിലും പുനരധിവാസവും വകുപ്പ് | 103. സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്കായി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ പദ്ധതി ഒരു വർഷത്തിനുള്ളിൽ അവസാനിപ്പിച്ചതായും പദ്ധതിയ്ക്കായി വാങ്ങിയ കെട്ടിടങ്ങളും യന്ത്രസാമഗ്രികളും മറ്റും നിലവിൽ കാലപ്പഴക്കംമൂലം നശിച്ച അവസ്ഥയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനരഹിതമായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ബോർഡിന്റെ ഭാഗത്തുനിന്നും നാളിതുവരെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയാണ് 2 കോടി രൂപയിലധികം ചെലവഴിച്ച് നടപ്പിലാക്കിയ സുനാമി പുനരധിവാസ പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടതിനുള്ള പ്രധാനകാരണമെന്ന് സമിതി വിലയിരുത്തുന്നു. |
| | | | 104. പദ്ധതി നിർവ്വഹണത്തിലുണ്ടായ തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും, ക്ഷേമനിധി ബോർഡ് അടക്കം പദ്ധതിയുമായി ബന്ധപ്പെട്ടിരുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിലും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ഭരണ വകുപ്പിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയും പദ്ധതി മുടങ്ങിയതിന് കാരണമായിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിൽ ക്ഷേമനിധി ബോർഡ് അധികൃതരുടെയും വിവിധ ഏജൻസികളുടെയും ഭരണ വകുപ്പിന്റെയും ഭാഗത്തു നിന്നും ഉണ്ടായ ഔദ്യോഗികമായ അലംഭാവത്തിലും നിരുത്തരവാദപരമായ നിലപാടിലും സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. |
| | | | 105. സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്ക് വളരെയേറെ പ്രയോജനപ്രദമാകുമായിരുന്ന ഒരു പദ്ധതിയാണ് ആസൂത്രണത്തിലെ പാളിച്ചകൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, മേൽനോട്ടത്തിന്റെ അഭാവം എന്നീ കാരണങ്ങളാൽ ലക്ഷ്യം കൈവരിക്കാതെ തീർത്തും പരാജയപ്പെട്ടുപോയതെന്ന് സമിതി വിലയിരുത്തുന്നു. പൊതുധന വിനിയോഗത്തിൽ ഭരണ വകുപ്പ് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഔദ്യോഗികമായ കൃത്യവിലോപത്തിന് ഉത്തമ ഉദാഹരണമാണ് പ്രസ്തുത ഓഡിറ്റ് തടസ്സം. ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളണമെന്ന് സമിതി ആവശ്യപ്പെടുന്നു. |
| | | | 106. പദ്ധതിപ്പണ വിനിയോഗത്തിൽ ക്ഷേമനിധി ബോർഡ് അധികൃതർ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നതുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ പദ്ധതിപ്പണ വിനിയോഗവുമായി ബന്ധപ്പെട്ട ഇത്തരം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശനനിർദ്ദേശങ്ങൾ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകണമെന്നും അത് പാലിക്കപ്പെടുന്നുണ്ടെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും പാലിക്കാത്തപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. |

# അനുബന്ധം II

## ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2011-14)

2008—09, 2010—11, 2013—14 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് – ഓഡിറ്റ് ന്യൂനത പരിഹരിച്ചത് സംബന്ധിച്ച്

| ക്രമ നം. | ക്ഷേമനിധി ബോർഡ് | ഓഡിറ്റ് പാരാ, വർഷം | ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2.16 2008–09 | പൊതു അവലോകനം - അംശദായം ശേഖരിക്കുന്നതിലും അവ യഥാസമയം അടക്കാതെ കൈവശം വക്കുന്നതും കശുവണ്ടി ബോർഡിന് 1998-99 മുതൽ 1999-2000 വരെ 110.12 ലക്ഷം അംശാദായ തുക കുടിശ്ശിക | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ഫാക്ടറികളിൽ നിന്നും തൊഴിലാളികളുടെ ഹാജർ അനുസരിച്ച്, ഒരു ഹാജരിന് ഒരു രൂപ എന്ന നിരക്കിൽ തൊഴിലാളികളിൽ നിന്നും അംശദായം തൊഴിലുടമ ഈടാക്കുകയും തൊഴിലുടമയുടെ വിഹിതം കൂടി ചേർത്ത് എല്ലാ മാസവും 10-ാം തിയതിക്ക് മുമ്പായി, തൊഴിലുടമ ബാങ്കിൽ അംശദായം അടക്കേണ്ടതുമാണ് അംശദായം അടച്ചതിന്റെ ചെലാന്റെ പകർപ്പും, പ്രതിമാസ സ്റ്റേറ്റ്മെന്റും തൊഴിലുടമ ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫീസിൽ ഹാജരാക്കുന്നു. ആയത് ശേഖരിച്ച് ഫാക്ടറി പരിശോധനയുടെയും, ഹിയറിംഗ് സമയത്ത് ഫാക്ടറി ഉടമകൾ ഹാജരാക്കുന്ന രേഖകളുടെയും അടിസ്ഥാനത്തിൽ ആദ്യം താൽക്കാലിക നിർണ്ണയിക്കൽ ഉത്തരവും ശേഷം അന്തിമ നിർണ്ണയിക്കൽ ഉത്തരവും പുറപ്പെടുവിക്കുന്നു. അന്തിമ നിർണ്ണയിക്കൽ ഉത്തരവ് പ്രകാരം ഉടമ തുക ഒടുക്കുവരുത്തുവാൻ ഉണ്ടെങ്കിൽ ആയതിന് കൃത്യമായ അറിയിപ്പ് നൽകുകയും സമയ പരിധിക്കുള്ളിൽ തുക അടച്ചില്ലെങ്കിൽ നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ വർഷവും വിവിധ ഇൻസ്പെക്ടർ കാര്യാലയങ്ങളിലായി ഇത്തരം ധാരാളം കേസുകൾ ഉണ്ടാകാറുണ്ട്. ഇപ്രകാരം 1999-2000 വരെ റവന്യൂ റിക്കവറി കുടിശ്ശികയ്ക്ക് ശുപാർശ ചെയ്ത തുകയാണ് ഖണ്ഡിത 2.16 ൽ രേഖപ്പെടുത്തയിരിക്കുന്ന തുകയായ 110.12 ലക്ഷം രൂപ. ടി തുകയിൽ ഭൂരിഭാഗവും തുടർന്നുള്ള വർഷങ്ങളിൽ ഉടമകളിൽ നിന്നും റവന്യൂ അധികാരികൾ മുഖേന ഈടാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 2014 ജനുവരി 15 മുതൽ ഫെബ്രുവരി 28 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. നിലവിൽ ഈ ബോർഡിൽ റവന്യൂ റിക്കവറി മുഖേന ഈടാക്കേണ്ട കുടിശ്ശിക തുക 96,81,467/- (തൊണ്ണൂറ്റിയാറ് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാനൂറ്റി അറുപത്തിയേഴു രൂപാ മാത്രം) രൂപ |

| | | | | |
|---|---|---|---|---|
| | | | | ആയി കുറഞ്ഞിട്ടുണ്ട്. ടി തുക ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തിയവരെ നേരിൽ കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ അധികാരികളുടെയും ക്ഷേമനിധി ഇൻസ്പെക്ടർമാരുടെയും സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. |
| 2 | കേരള കൈത്തറി/ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2.16 2008-09 | പൊതു അവലോകനം - കൈത്തറി തൊഴിലാളികളിൽ ആകെയുള്ള 2.34 ലക്ഷം തൊഴിലാളികളിൽ 1.86 ലക്ഷം പേരും പദ്ധതിക്ക് പുറത്താണ്. കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡിൽ മേഖലയിലെ മുഴുവൻ തൊഴിലാളികളേയും അംഗങ്ങൾ ആക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | ലഭ്യമായ കണക്കു പ്രകാരം കൈത്തറി മേഖലയിൽ 2.34 ലക്ഷം തൊഴിലാളികൾ ഇല്ല. ഇത്രയും ആളുകൾ കൈത്തറി മേഖലയിൽ തൊഴിൽ എടുത്തതിന് രേഖകളില്ല. പ്രധാന കൈത്തറി മേഖലകളിലെല്ലാം പ്രവർത്തിക്കുന്ന തൊഴിലാളികൾ ബോർഡിൽ അംഗങ്ങളാണ് എന്നിരുന്നാലും ചില മേഖലകളിൽ അംഗത്വത്തിന് വരാത്ത തൊഴിലാളികളെ ക്ഷേമനിധി അംഗത്വത്തിലേക്ക് കൊണ്ടുവരുവാൻ ബോർഡ് നടപടി ആരംഭിച്ചിട്ടുണ്ട്. |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 4.5 2010-11 | പൊതു പരാമർശം - കശുവണ്ടി ബോർഡിന്റെ ആസ്ഥാന ഓഫീസിലും, സബ് ഓഫീസിലും തൊഴിലാളി അംഗങ്ങളേയും പെൻഷണർമാരുടെയും വിവരം ലഭ്യമാകുന്നത് സംബന്ധിച്ച്. | 13.08.2014 ൽ ക്രമ നം(1) ആയി മറുപടി നൽകിയിട്ടുണ്ട്. |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 4.5 2010-11 | പൊതു പരാമർശം - കൈത്തറി ബോർഡിലെ അംഗങ്ങളുടെ കൊഴിഞ്ഞ് പോക്ക് | 13.08,2014 ൽ ക്രമ നമ്പർ (2) ആയി മറുപടി നൽകിയിട്ടുണ്ട്. |
| 5 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 4.5 2010-11 | പൊതു പരാമർശം - കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കേന്ദ്ര നിയമം വരുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അക്കൗണ്ട്സ് ജനറലിനെ ഏൽപ്പിക്കുകയും ചെയ്യുതിനാൽ 1998 നു ശേഷം അവർ വാർഷിക കണക്കുകൾ ഓഡിറ്റിന് നൽകുന്നില്ല. | 1996 ലെ കേന്ദ്ര നിയമമായ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്)ആക്ടിലെ 27(3) വകുപ്പ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ഓഡിറ്റിംഗ് ചുമതല കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനാണ്. ആയതിനാൽ ബോർഡിന്റെ വാർഷിക കണക്കുകൾ കേരള അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുകയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനു വേണ്ടി കേരള അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തി സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. 2013-14 ലെ വാർഷിക കണക്കുകൾ ഓഡിറ്റിംഗ് പൂർത്തിയാകുകയും ചെയ്തിട്ടുള്ളതാണ്. 2012-13 വർഷം വരെയുള്ള സർട്ടിഫിക്കേഷനോടു കൂടിയുള്ള ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കേന്ദ്ര നിയമമായ 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ((റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്)ആക്ട അനുസരിച്ച് രൂപീകൃതമായ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ |

| | | | | |
|---|---|---|---|---|
| | | | | വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ഓഡിറ്റിംഗിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് സാദ്ധ്യമല്ലാത്തതിനാൽ ബോർഡിന്റെ വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകുന്നില്ല. |
| 6 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 8.4.3 2013-14 | അവലോകന റിപ്പോർട്ട് - കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ 2009-10 വർഷത്തിൽ പൊതുഭരണ വകുപ്പിൽ ഗ്രേഡ് I ടൈപ്പിസ്റ്റായിരുന്ന വ്യക്തി എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുതു വഴി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 15,102/- അടയ്ക്കേണ്ടിയിരുന്ന സ്ഥാനത്ത് 23,274/- രൂപ ബോർഡിന് അടയ്ക്കേണ്ടി വരികയും ആയിനത്തിൽ 8,172 /- ബോർഡിന് നഷ്ടമുണ്ടാകുകയും ചെയ്യു. കൂടാതെ എൽ.ഡി ടൈപ്പിസ്റ്റിന്റെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി സെക്രട്ടേറിയറ്റിലെ ഗ്രേഡ് I ടൈപ്പിസ്റ്റിനെ നിയമിക്കുക വഴി ഏകദേശം 61,536/- രൂപ ശമ്പളമിനത്തിലും ബോർഡിന് നഷ്ടമുണ്ടായി. | സാമ്പത്തിക പ്രതിസന്ധി കാരണം രണ്ട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് നാല് ഓഫീസിന്റെ ചുമതല നൽകിയും മറ്റ് അത്യാവശ്യം വേണ്ട ജീവനക്കാരെ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചുമാണ് ബോർഡ് വളരെ കാലമായി പ്രവർത്തിച്ചു വരുന്നത്. ചുരുക്കം ചില ക്ലറിക്കൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിക്കാറുണ്ട്. 2009-10 വർഷം കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിന് മറ്റു ജില്ലകളുടെ ചാർജ് നൽകുകയുണ്ടായി. അതുകൊണ്ട് തന്നെ കണ്ണൂർ ജില്ലാ ഓഫീസിൽ തൊഴിലാളികളുമായി ബന്ധപ്പെടാൻ സ്ഥിരം ജീവനക്കാരൻ ആവശ്യമുണ്ടെന്ന് കണ്ടതിനാലുമാണ് ഡെപ്യൂട്ടേഷൻ നിയമനം നൽകിയത്. ടൈപ്പിസ്റ്റ് ജോലി അറിയുകയും ബോർഡിലെ ജോലിയിൽ പരിചയസമ്പന്നയായതിനാലുമാണ് ടിയാളെ നിയമിച്ചത്. ഒരു ടൈപ്പിസ്റ്റിനേയും, ഒരു എൽ.ഡി.സി യെയും നിയമിക്കുന്നതിന് പകരം ക്ലറിക്കൽ ജോലി അറിയാവുന്ന ഒരു ടൈപ്പിസ്റ്റിനെ നിയമിക്കുകയാണുണ്ടായത്. |

വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518244

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) 2008 - 09, 2010-11,2011-12 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ക്രമനമ്പർ | ഖണ്ഡിക | ശുപാർശ | നടപടി |
|---|---|---|---|
| 1. | 2008 -09 ഖണ്ഡിക 2.1 ക്ഷേമനിധി ബോർഡുകൾ | വാർഷിക കണക്കുകൾ ആഡിറ്റിന് വിധേയമാക്കുന്നത് | 2009 ൽ രൂപീകരിച്ച കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റിംഗ് ചുമതല ലോക്കൽ ഫണ്ട് ആഡിറ്റിന് നൽകിയിട്ടില്ല. എന്നാൽ സ്വകാര്യ സ്ഥാപനം മുഖാന്തിരം ആഡിറ്റിംഗ് ചെയ്തിട്ടുണ്ട്. 2010 - ൽ രൂപീകരിച്ച കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആഡിറ്റിംഗ് നടത്തിയിട്ടില്ല. |
| 2 | 2010 -11 ഖണ്ഡിക 4.5 വിവിധ ക്ഷേമ നിധികൾ | ➢ കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നില്ല. | ഇരു ബോർഡുകളിലെയും തൊഴിലാളികൾ അംശദായം നേരിട്ട് അതത് ജില്ലാ /മേഖലാ ഓഫീസുകളിലാണ് അടയ്ക്കുന്നത്. |

| | | | |
|---|---|---|---|
| | | ➢ സ്പെഷ്യൽ റൂൾസ് അംഗീകരിക്കാത്തതു കാരണം ക്ഷേമനിധി ബോർഡുകളിൽ ക്രമരഹിത നിയമനങ്ങൾ നടത്തുന്നു.<br>➢ വ്യപാരി ക്ഷേമനിധി ബോർഡിനും നിയമങ്ങളും ചട്ടങ്ങളും ഇല്ല. | |
| 3 | 2011-12 ഖണ്ഡിക 6.6 ക്ഷേമനിധി ബോർഡ് | ➢ ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ട അംശദായം ഇനത്തിൽ വലിയ തുക കുടിശ്ശിക നിൽക്കുന്നു.<br>➢ ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ച് പല ക്ഷേമനിധി ബോർഡുകളും ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നതിൽ വിമുഖത കാണിക്കുന്നു. | |

## തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി-ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09 ലെ പൊതു അവലോകനത്തിലെ ഖണ്ഡിക 2.16 ലെ ക്ഷേമനിധി ബോർഡുകളെ സംബന്ധിക്കുന്ന പരാമർശങ്ങളിന്മേൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരളാ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയെ സംബന്ധിക്കുന്ന ന്യൂനതാ പരിഹാര നടപടി പത്രിക**

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>ശിപാർശ</th><th>സ്വീകരിച്ച നടപടി</th></tr>
<tr><td>2.16</td><td>
ക്ഷേമനിധി ബോർഡുകൾ<br>
18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെയും നിയമങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓഫീസ് നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെ അഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിലും ഐക്യരൂപമില്ല. വിവിധ ക്ഷേമനിധികളിലെ അംശദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ക്ഷേമനിധി ബോർഡ്</th><th>ഓഡിറ്റ് റിപ്പോർട്ട് വർഷം</th><th>അംശദായ തുക (കുടിശ്ശിക)</th></tr>
<tr><td>1</td><td>കശുവണ്ടി തൊഴിലാളി, കൊല്ലം</td><td>1998-99 മുതൽ 1999-2000 വരെ</td><td>110.12 ലക്ഷം</td></tr>
<tr><td>2</td><td>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി</td><td>2000-01 മുതൽ 2004-05 വരെ</td><td>1.19 ലക്ഷം</td></tr>
</table>
വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിക്കുന്നതിലും, യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ചവരുത്തുന്നു. ഓരോ ക്ഷേമനിധിക്കും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.
</td><td>
കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്<br>
നിലവിലുണ്ടായിരുന്ന ആറ് ക്ഷേമനിധി പദ്ധതികൾ ലയിപ്പിച്ചുകൊണ്ട് രൂപീകരിച്ച കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിലെ അംഗങ്ങളിൽ നിന്നും പുതുക്കിയ നിരക്കിൽ അംശദായം ശേഖരിച്ചു തുടങ്ങിയത് 2017-18 സാമ്പത്തിക വർഷം മുതലാണ്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ മുഖേനയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിവിധ ശാഖകൾ മുഖേനയുമാണ് അംശദായം സ്വീകരിക്കുന്നത്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ശേഖരിക്കുന്ന അംശദായ തുക അതേദിവസം തന്നെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും രസീത് ബുക്കുകൾ, ദിവസ അംശദായ ശേഖരണ രജിസ്റ്റർ, ക്യാഷ് ബുക്കുകൾ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനും, അപേക്ഷകളിൽ കൃത്യമായ ഓഫീസ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>
കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>
കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ട് & സ്കീമിൽ നിധിയുടെ കൈകാര്യം ചെയ്യലും കണക്കുകളും ആഡിറ്റുകളും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ സർക്കാർ
</td></tr>
</table>

| | | |
|---|---|---|
| | കൈത്തറി തൊഴിലാളികളിൽ ആകെയുള്ള 2.34 ലക്ഷം തൊഴിലാളികളിൽ 1.86 ലക്ഷം പേരും പദ്ധതിക്കുപുറത്താണ്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈത്തറി മേഖലയിലെ മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | അനുമതിയോടുകൂടി ബോർഡ് വരുത്താറുണ്ട്. ഇത്തരത്തിൽ വ്യക്തമായ അക്കൗണ്ട് റൂൾസും ഓഫീസ് നടപടിക്രമങ്ങളും അനുസരിച്ചാണ് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്.<br><br>**കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വർഷംതോറും നടത്തുന്ന ഓഡിറ്റ് നിരീക്ഷണങ്ങളിൽ പരാമർശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ലേബർ വെൽഫെയർ ഫണ്ട് ബോർഡ് പ്രവർത്തിക്കുന്നത്. |

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 251824

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

### കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | ഓഡിറ്റ് പരാമർശം | മറുപടി |
|---|---|---|
| 2.16 | 18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെ നിയമങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓഫീസ് നടപടി ക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെ അഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിലും ഐക്യരൂപമില്ല. വിവിധ ക്ഷേമനിധികളിലെ അംശദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നതിലും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഓരോ ക്ഷേമനിധിക്കും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട്സ് റൂൾസും നടപടി ക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കർഷക തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമാ വിഹിതവുമാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ തൊഴിലാളികളിൽ നിന്നും 60/- രൂപ നിരക്കിൽ അംശദായ വിഹിതം പിരിച്ചെടുക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റിൽ ഈ ഇനത്തിലുള്ള ഫണ്ട് വകയിരുത്തുന്നത്. എന്നാൽ നിലവിലുള്ള അംഗങ്ങൾ നല്ലൊരു ശതമാനം പേർ അംശദായവിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലമാണ് ഈ ഇനത്തിൽ കുറവുണ്ടായിട്ടുള്ളത്. അംശദായ വിഹിതം പിരിക്കുന്നതിനായി ഡിവിഷണൽ ഓഫീസുകളിൽ നിന്ന് വില്ലേജ് തലത്തിൽ സിറ്റിംഗുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എല്ലാ പ്രവർത്തി ദിവസവും ഓഫീസിലും പൈസ അടയ്ക്കാവുന്നതാണ്. കുടിശ്ശിക വരുത്തിയിട്ടുള്ള തൊഴിലാളികൾക്കും 60 വയസ്സ് പൂർത്തിയാകുമ്പോൾ ആനുകൂല്യത്തിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അർഹത ഉള്ളതിനാൽ ടി തൊഴിലാളികളെ ക്ഷേമനിധി അംഗത്വത്തിൽ നിന്നും ഒഴിവാക്കുവാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് ബോർഡിന് അംശദായം ഇനത്തിൽ ലക്ഷ്യമിട്ട മുഴുവൻ തുകയും കളക്ട് ചെയ്യാൻ കഴിയാത്തതെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരിക്കുന്നു.<br><br>ഭൂവുടമാ വിഹിതം പിരിച്ചെടുക്കുന്നത് വില്ലേജ് ഓഫീസുകൾ വഴി റവന്യൂ വകുപ്പാണ്. ഭൂവുടമാ വിഹിത പിരിവ് ഊർജ്ജിതമാക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ ജില്ലാ ഓഫീസർമാർ നേരിട്ട് തഹസീൽദാർമാരുമായും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് വിഹിതം പരമാവധി പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. |

| | | |
|---|---|---|
| | | തൊഴിലാളി അംശദായം പരമാവധി പിരിച്ചെടുക്കുന്നതിന് വില്ലേജുകളിൽ സിറ്റിംഗ് നടത്തുകയും ഓഫീസിൽ നേരിട്ട് അംശദായം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിനും ആയത് പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.<br><br>മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശാനുസരണം അംഗത്വ രജിസ്റ്ററും അംശദായ രജിസ്റ്ററും കൃത്യമായി പരിപാലിക്കുവാൻ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ ഓരോ അംഗത്തിന്റെയും വ്യക്തിഗത വിവരങ്ങളും അംശദായ അടവുവിവരങ്ങളും ഇപ്പോൾ കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.<br><br>ബോർഡിന്റെ വാർഷിക കണക്കുകൾ എല്ലാ ജില്ലാ ഓഫീസുകളിലും ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തി റിപ്പോർട്ട് ലഭിച്ചതിന് ശേഷമേ അക്കൗണ്ട്സ് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സാധിക്കുകയുള്ളുവെന്ന് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരിക്കുന്നു. ഇതിൽ വരുന്ന കാലതാമസമാണ് ഓഡിറ്റഡ് അക്കൗണ്ട്സ് സമർപ്പിക്കുവാൻ വൈകുന്നതിന് കാരണം. 2012-13 വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2013-14 ലെ ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

## കേരള സർക്കാർ

## കേരള നിയമസഭ- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2008-09)ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 2.16 ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് ന്യൂനത പരിഹാര നടപടി സ്റ്റേറ്റ്മെന്റ്

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

| ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 2.16 | വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിക്കുന്നതിലും, യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഓരോ ക്ഷേമനിധിയുടേയും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺ- അറ്റാച്ച്ഡ് വിഭാഗത്തിന്റെ 2016-17 വരെയുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക റിപ്പോർട്ട് 06/06/2019 തീയതിയിലെ 499-ാമത് ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. ആയത് 11.06.2019 തീയതിയിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്.<br><br>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ വരവും ചെലവും ബോർഡിന്റെ കീഴിലെ തൊഴിലാളികൾ ആർജ്ജിക്കുന്ന വേതനത്തെ ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ മുൻ വർഷങ്ങളിലെ മൊത്ത വാർഷിക വേതനം, നീക്കിയിരിപ്പ് നടപ്പു വർഷത്തെ പ്രതീക്ഷിത വരുമാനം, കഴിഞ്ഞ വർഷങ്ങളിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവായ തുക, പ്രതീക്ഷിത ചെലവുകൾ, മുൻ വർഷങ്ങളിലെ വരവിലും ചെലവിലും ഉള്ള പ്രവണതകൾ എന്നിവ കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെയാണ് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത്. പ്രസ്തുത ബഡ്ജറ്റ് ബോർഡ് അംഗങ്ങളുടെ കണിശ പരിശോധനകൾക്കും ചർച്ചകൾക്കും |

| | | |
|---|---|---|
| | | വിധേയമാക്കിയാണ് ബോർഡ് അംഗീകരിക്കുന്നത്<br><br>കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ ബോർഡിന്റെ കീഴിലെ ചുമട്ടു തൊഴിലാളികൾക്ക് നല്കുന്ന വേതന ക്രമീകരണം, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയുടെ സവിശേഷതകൾ കണക്കിലെടുത്ത്, ഇൻകം ടാക്സ് നിയമങ്ങൾ, ജി എസ് ടി നിയമങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ പാലിക്കേണ്ട ഫിനാൻഷ്യൽ കോഡ്, സ്റ്റോർ പർച്ചേസ് നിയമങ്ങൾ എന്നിവ ആധാരമാക്കിയിട്ടുള്ള അക്കൗണ്ട്സ് റൂൾസും, നടപടിക്രമങ്ങളുമാണ് ബോർഡ് പിൻതുടരുന്നത്. കംപ്യൂട്ടറൈസ്ഡ് ഡബിൾ എൻട്രി സിസ്റ്റത്തിൽ പരിപാലിക്കുന്ന ബോർഡിന്റെ കണക്കുകൾ എല്ലാം തന്നെ വർഷംതോറും ചാർട്ടേർഡ് അക്കൗണ്ടന്റ്മാരെ കൊണ്ട് ഓഡിറ്റ് നടത്തി വരുന്നു .<br><br>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. ബോർഡിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് ഇതിനകം തന്നെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. ആയത് പൂർത്തിയായാലുടൻ തന്നെ ബോർഡിൽ സമർപ്പിച്ച ശേഷം അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്. കൂടാതെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2019-20 കാലയളവിലേയ്ക്കുള്ള യാഥാർത്ഥ്യ |

| | | |
|---|---|---|
| | | ബോധത്തോടെ തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇതിനകം തന്നെ സർക്കാർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. അതോടൊപ്പം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്കീം അനുസരിച്ചുള്ള അക്കൗണ്ട്സ് റൂളും നടപടി ക്രമങ്ങളും കൃത്യമായി പരിപാലിക്കുന്നുണ്ട് .<br><br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ കാലതാമസം വരുത്താതെ ക്ഷേമനിധി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ഭരണ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബോർഡിന്റെ . കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന പ്രവർത്തികൾ നടക്കുന്നു.<br>2018-19 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റും 2019-20 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ക്ഷേമനിധി നിയമപ്രകാരം ക്ഷേനിധിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് നിയമപമായി നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനും ബോർഡിന്റെ മറ്റ് ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങളോടെയാണ് ബോർഡിന്റെ ബഡ്ജറ്റ് വിഭാവനം ചെയ്തിട്ടുള്ളത്.<br>ക്ഷേമനിധി ബോർഡ് കെൽട്രോണുമായി സഹകരിച്ച് നടപ്പാക്കുന്ന കമ്പ്യൂട്ടറൈസേഷൻ നടപടികൾ, ബോർഡിന്റെ അക്കൗണ്ടിംഗ് സംബന്ധമായ ജോലികൾ 2019-20 വർഷം മുതൽ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കി മാറ്റിയിട്ടുണ്ട്. ഇതുമൂലം തുടർന്നുള്ള വാർഷിക കണക്ക് പരിശോധനയും , ബജറ്റ് തയ്യാറാക്കലും |

| | | |
|---|---|---|
| | കൂടുതൽ കാര്യക്ഷമമാക്കി സാധിക്കുന്നതാണ്. | മാറ്റാൻ |

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518244

## കേരള നിയമസഭ - പബ്ലിക് അക്കൗണ്ട്സ് കമ്മറ്റി (2011-14) 2008-2009 വർഷത്തെ സമാഹൃത [illegible] ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

### തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 3.1.6 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് സെക്ഷൻ 4(2) അനുസരിച്ച് ഓരോ തൊഴിലാളിയുടെയും പേരിൽ പ്രതിമാസം 7 രൂപ നിരക്കിൽ തൊഴിലുടമ അടയ്ക്കേണ്ട അംശാദായം കേരളാ ബാംബൂ കോർപ്പറേഷൻ യഥാസമയം അടയ്ക്കുന്നില്ല. തൊഴിലുടമ അംശാദായമായ 1.19 ലക്ഷം രൂപയും, തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും ബാംബൂ കോർപ്പറേഷനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | ബാംബൂ കോർപ്പറേഷൻ തൊഴിലാളികളിൽ നിന്നും അംശാദായമായി പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും തൊഴിലുടമാ വിഹിതമായ 1.19 ലക്ഷം രൂപയും ഉൾപ്പെടെ 2.38 ലക്ഷം രൂപ അടയ്ക്കാനുള്ള കുടിശ്ശികക്കാരുടെ ലിസ്റ്റ് സഹിതം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ബാംബൂ കോർപ്പറേഷന് കത്ത് നൽകിയിരുന്നു. 2000-2001 വർഷം മുതൽ 2004-2005 സാമ്പത്തിക വർഷം വരെ തൊഴിലാളികളുടെ അംശാദായം, പലിശയുൾപ്പെടെ രൂപ 4,75,062/- രൂപ (നാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി അറുപത്തി രണ്ട് രൂപ മാത്രം) ബാംബൂ കോർപ്പറേഷൻ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>2001-2002 — 1,48,484 രൂപ<br>2002-2003 — 50,400 രൂപ<br>2003-2004 — 1,09,944 രൂപ<br>2004-2005 — 1,66,234 രൂപ<br>ആകെ — 4,75,062/- രൂപ<br><br>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സാമ്പത്തിക താങ്ങൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കുടിശ്ശികയില്ലാത്തവർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബാംബൂ കോർപ്പറേഷൻ കുടിശ്ശിക അടച്ചുതീർത്തു വരുന്നു. |

P. HARIKUMAR
Addl. Secretary to Govt.
Labour Rehabilitation Dept.
Govt. Secretariat, Tvpm

## കേരള നിയമസഭ — ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി 2008-2009 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക

### തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 3.1.6 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് സെക്ഷൻ 4(2) അനുസരിച്ച് ഓരോ തൊഴിലാളിയുടെയും പേരിൽ പ്രതിമാസം 7 രൂപാ നിരക്കിൽ തൊഴിലുടമ അടയ്ക്കേണ്ട അംശാദായം കേരള ബാംബൂ കോർപ്പറേഷൻ യഥാസമയം അടയ്ക്കുന്നില്ല. തൊഴിലുടമയുടെ അംശാദായമായ 1,19,000/- രൂപയും തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത 1,19,000/- രൂപയും ബാംബൂ കോർപ്പറേഷനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | ക്ഷേമനിധി ബോർഡ് രൂപീകൃതമായ 2000 വർഷം മുതൽ തൊഴിലുടമ വിഭാഗത്തിൽപ്പെടുത്തി ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾ മാത്രമേ ക്ഷേമനിധി അംഗത്വം എടുത്തിരുന്നുള്ളൂ എന്നും കൂടുതൽ തൊഴിലാളികൾ ക്ഷേമനിധി അംഗത്വം നേടുമെന്ന പ്രതീക്ഷയിലാണ് ബഡ്ജറ്റിൽ തൊഴിലാളി തൊഴിലുടമ അംശാദായമായി കൂടുതൽ തുക കാണിച്ചത് എന്നും എന്നാൽ പ്രതീക്ഷിച്ചത്ര തൊഴിലാളികൾ ക്ഷേമനിധി അംഗത്വം നേടാത്തതിനാൽ പ്രസ്തുത അംശാദായ ഇനത്തിൽ ബഡ്ജറ്റിൽ എഴുതിയ അത്രയും തുക ക്ഷേമനിധി ബോർഡിന് ലഭിച്ചില്ല എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2000-2001 മുതൽ 28.02.2018 വരെയുള്ള കാലയളവിൽ കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ അടച്ചിട്ടുള്ള തൊഴിലുടമാ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| വർഷം | തുക |
|---|---|
| 2000-2001 | 105.00 |
| 2001-2002 | 1,22,563.00 |
| 2002-2003 | 94,856.00 |
| 2003-2004 | 1,21,675.00 |
| 2004-2005 | 1,12,865.00 |

2

| | |
|---|---|
| 2005-2006 | 1,23,306.00 |
| 2006-2007 | 96,068.00 |
| 2007-2008 | 2,19,328.00 |
| 2008-2009 | 1,16,049.00 |
| 2009-2010 | 1,76,470.00 |
| 2010-2011 | 1,78,888.50 |
| 2011-2012 | 1,15,338.00 |
| 2012-2013 | 5,41,055.00 |
| 2013-2014 | 1,43,231.00 |
| 2014-2015 | 1,55,671.00 |
| 2015-2016 | 84.00 |
| 2016-2017 | 1,68,872.00 |
| 2017-2018 | 97,952.00 |
| 28.02.2018 വരെ | 25,84,376.50 |

എ.കെ. മോഹനകുമാർ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

# വ്യവസായ (ഇ) വകുപ്പ്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 3.1.7, 3.5.15 എന്നിവയിന്മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | ഓഡിറ്റ് പരാമർശം | ന്യൂനതാ പരിഹാര നടപടികൾ |
|---|---|---|---|
| 1 | 3.1.7 | **കേരള കയർ തൊഴിലാളി ക്ഷേമനിധിബോർഡ് അംശാദായ തുക ക്ഷേമനിധിയിലടയ്ക്കാതെ അപഹരിച്ചത്:**<br>(2000-04 ഓഡിറ്റ് റിപ്പോർട്ട് ഭാഗം III ഖണ്ഡിക സി.2)<br>ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ ഓഫീസിൽ അംശാദായമായി ശേഖരിക്കപ്പെട്ട 47,404/- രൂപ ക്ഷേമനിധിയിലടയ്ക്കാതെ അപഹരിക്കപ്പെട്ടതായി കണ്ടു. പിരിവുദ്യോഗസ്ഥർക്ക് നൽകുന്ന രസീതു ബുക്കുപയോഗിച്ച് ശേഖരിക്കുന്ന തുക ക്ഷേമനിധിയിലടയ്ക്കുന്നുണ്ടോ എന്നുറപ്പാക്കാൻ ഉത്തരവാദിത്വമുള്ള ഓഫീസ് മേധാവികളുടെ കൃത്യവിലോപമാണ് ധനാപഹരണത്തിന് ഇടയാക്കിയിട്ടുള്ളത്. ടി തുകയും ആയതിന്മേൽ 18% പിഴപ്പലിശയുമുൾപ്പെടെ 80,285/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:<br>1. ശ്രീ.ബി.വിശ്വനാഥൻ, പ്യൂൺ<br>2. ശ്രീ.പി.സ്.രതീഷ് കുമാർ, എൽ.ഡി.സി | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ സബ് ഓഫീസിലെ ധനാപഹരണവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, 01.01.2003 മുതൽ 31.03.2004 വരെയുള്ള കാലയളവിൽ തൊഴിലാളികളിൽ നിന്നും ശേഖരിച്ച അംശാദായം ബോർഡിന്റെ ഫണ്ടിൽ വരവ് വയ്ക്കാതെ അപഹരിച്ച ടി ഓഫീസിലെ പ്യൂൺ ആയ ശ്രീ.ബി.വിശ്വനാഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും തുടർന്നുള്ള വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരനാണെന്നു കണ്ടെത്തിയതിനെതുടർന്ന് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ളതുമാണ്. കുറ്റക്കാരനിൽ നിന്നും ബോർഡിനു നഷ്ടം വരുത്തിയ തുകയും അതിന്റെ പലിശയും ചേർത്ത് 80,285/-രൂപ ഈടാക്കുന്നതിനുള്ള റിക്കവറി നടപടിക്കെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(C)14/133/2009 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിന് കോടതി ഉത്തരവാകുകയും ചെയ്തു.<br>ടി വിവരം 13.06.2012 തീയതിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അറിയിച്ചിട്ടുണ്ട്. സസ്പെൻഷനിലായിരുന്ന ശ്രീ.വിശ്വനാഥനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിന് കോടതിവിധി തടസ്സപ്പെടുത്തിയിട്ടില്ലെന്നതിനാൽ അച്ചടക്ക നടപടി തുടരുകയും കുറ്റക്കാരനാണെന്ന് കണ്ടെത്തി ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു. ടിയാൻ സർവീസിൽ സേവനമനുഷ്ഠിച്ച |

| | | | |
|---|---|---|---|
| | | | കാലയളവിൽ ആർജ്ജിച്ച ആനുകൂല്യങ്ങൾ തടയുകയും ചെയ്തു. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്ത പ്രകാരം, സബ് ഓഫീസിലെ ധനാപഹരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ബോർഡ് സ്വന്തം നിലയിൽ ഒരു എൻക്വയറി ഓഫീസറെ നിയോഗിക്കുകയുണ്ടായിയെന്നും ടി ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം, തൃക്കുന്നപ്പുഴ ഓഫീസിലെ ഓഫീസറുടെ ചുമതല നിർവഹിച്ചിരുന്ന ശ്രീ.പി.എസ്.രതീഷ് കുമാർ, ശ്രീ.ജി.ബാലചന്ദ്രൻ പിള്ള, ശ്രീമതി.ഡി.മിനി, ശ്രീ.ബി.ജയരാജ് എന്നിവരുടെ ഭാഗത്തു നിന്നുണ്ടായ സൂപ്പർവൈസറി പിഴവും ക്രമക്കേടുകൾ നടക്കുന്നതിന് കരണമായിട്ടുള്ളതായി കണ്ടെത്തുകയുണ്ടായിയെന്നും ആയത് പ്രകാരം ബോർഡിന് നഷ്ടം വന്ന തുക പലിശസഹിതം ടി ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും പ്രസ്തുത ജീവനക്കാരെ സെൻഷർ ചെയ്യുന്ന നടപടികളും സ്വീകരിച്ചതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ബോർഡ് സർവ്വീസിൽ നിന്നു വിരമിച്ച ശ്രീ.ബി.ജയരാജ് ഒഴികെയുള്ളവരെ സെൻഷർ ചെയ്തിട്ടുണ്ട്. ടിയാൻ ഒഴികെയുള്ള മറ്റ് ജീവനക്കാർ നിശ്ചിത തുക ബോർഡിൽ ഒടുക്കിയിട്ടുണ്ട്.<br>ശ്രീ.പി.എസ്.രതീഷ് കുമാർ, ശ്രീ.ജി.ബാലചന്ദ്രൻ പിള്ള, ശ്രീമതി.ഡി.മിനി എന്നിവരിൽ നിന്നും 26,293/- രൂപ ഈടാക്കിയിട്ടുണ്ടെന്നും ശ്രീ.ബി.ജയരാജിൽ നിന്നും ശേഷിക്കുന്ന തുകയായ 53,992/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു. തുക ഒടുക്കാത്ത ശ്രീ.ബി.ജയരാജിന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. ടിയാൻ ഒടുക്കാനുള്ള തുക ടിയാന്റെ വിരമിക്കൽ ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| 2 | 3.5.15 | **കേരള കയർ തൊഴിലാളി ക്ഷേമനിധിബോർഡ്** ആസ്ഥാനമന്ദിര നിർമ്മാണം: (ക്രമവിരുദ്ധമായ ചെലവുകൾ: | |

| | | | |
|---|---|---|---|
| | | ഓഡിറ്റ് വർഷം: 2004-05,ഭാഗം II ഖണ്ഡിക 1<br>ക്ഷേമനിധി ബോർഡിന് ആസ്ഥാനമന്ദിരം നിർമ്മിച്ചതിൽ തെറ്റായ വിവരങ്ങളെ അടിസ്ഥാനമാക്കി ബേസ് മെന്റിന്റെ ഉൾവശം നിറയ്ക്കാനുപയോഗിച്ച മണ്ണിന്റെ അളവ് കൂട്ടിക്കാണിച്ചും ശാസ്ത്ര സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗണിച്ച് ഫൗണ്ടേഷൻ കെട്ടിയതായി രേഖപ്പെടുത്തിയും, ആവശ്യമായതിലധികം സ്റ്റീൽ വിനിയോഗിച്ചതായി രേഖപ്പെടുത്തിയും 3,18,001/- രൂപ ക്രമവിരുദ്ധമായി ചെലവുചെയ്തു. ടി തുക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിനു വിരുദ്ധമായി നടത്തിയ പ്രവർത്തിക്കും ശാസ്ത്ര സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗണിച്ച് നടത്തിയ പ്രവർത്തിക്കും പണമനുവദിച്ച ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണ്.<br>നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർ:<br>1. ശ്രീ.ടി.എസ്.ശശിധരൻ, ചീഫ് എക്സി.ഓഫീസർ<br>2. ശ്രീ.കെ.ശ്യാമപ്രസാദ്, ചീഫ് എക്സി.ഓഫീസർ | കയർ തൊഴിലാളി ക്ഷേമനിധി - ബോർഡിന്റെ ആസ്ഥാന മന്ദിരം നിർമ്മിച്ചതിൽ ബേസ് മെന്റിന്റെ ഉൾവശം നിറയ്ക്കാൻ ഉപയോഗിച്ച മണ്ണിന്റെ അളവ് കൂട്ടിക്കാണിച്ചും, നിർദ്ദേശം അവഗണിച്ച് ഫൗണ്ടേഷൻ കെട്ടിയതായി രേഖപ്പെടുത്തിയും, ആവശ്യമായതിലധികം സ്റ്റീൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയും 3,18,001/- രൂപ ക്രമവിരുദ്ധമായി ചെലവു ചെയ്തതാണെന്ന ഓഡിറ്റ് പരാമർശ പ്രകാരം ഉത്തരവാദികളായ ശ്രീ.ടി.എസ്.ശശിധരൻ നായർ , ശ്രീ.കെ.ശ്യാമപ്രസാദ് എന്നിവർക്കെതിരെ നോട്ടീസ് നടപടി സ്വീകരിച്ചുവെങ്കിലും, ആരോപണവിധേയനായ മുൻ ചീഫ് എക്സിക്യൂട്ടീവ് ശ്രീ.ടി.എസ്.ശശിധരൻ നായർ മരണപ്പെട്ടുവെന്നും ശ്രീ.കെ.ശ്യാമപ്രസാദ് ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനത്തിനു ശേഷം 07.07.2001 തീയതിയിലാണ് ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചാർജ് എടുത്തിട്ടുള്ളതെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നതായും, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു. |

K.Radhakrishnan
Additional Secretary
Industries Department
Government of Kerala

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)-ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിക്കുന്ന പരാമർശങ്ങളിൻമേലുള്ള മറുപടി സ്റ്റേറ്റ്മെന്റ്.** 4.5

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണക്കുകൾ നിലവിൽ ഓഡിറ്റ് ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേനയാണ്. ബോർഡിൽ പെൻഷൻ നല്കുന്നതിന് സർക്കാർ ഗ്രാന്റുള്ളതിനാൽ അക്കൗണ്ടന്റ് ജനറലും ഓഡിറ്റ് നടത്തുന്നുണ്ട് . ബോർഡിലെ വാർഷിക കണക്കുകൾ നിലവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യുന്നില്ല.

P. HARIKUMAR
Addl. Secretary to Govt.
Labour Rehabilitation Dept.
Govt. Secretariat, Tvpm.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5-ൻ മേൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെൻറ്

**തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്**

| ഖണ്ഡിക നം | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 4.5 | 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br><br>ഇപ്പോൾ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമനിധിബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ട അംശാദായ കുടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്ക പ്രകാരമുള്ള അംശാദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഇതു സംബന്ധിച്ചുള്ള ഡി.സി.ബി പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശാദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശാദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.<br><br>ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.<br><br>വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു. | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച് കേരള ലോക്കൽ ഫണ്ട് (ക്ഷേമനിധി ഓഡിറ്റ്) വകുപ്പിൽ നിന്നും 1994 മുതൽ 2000 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ ലോക്കൽഫണ്ട് ഓഡിറ്റ് ഫീസിനത്തിൽ നിന്നും ഒഴിവാക്കണമെന്ന ബോർഡിന്റെ ആവശ്യം പരിഗണിക്കാനാവില്ലെന്ന് 31/1/2014 ലെ 8172/R1/11/ തൊഴിൽ നമ്പർ കത്തു പ്രകാരം ബോർഡ്ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറെ അറിയിച്ചിട്ടുള്ളതാണ്. 2013-14 വരെയുള്ള വാർഷിക കണക്കുകൾ ബോർഡ് ആഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശാദായ ഇനത്തിൽ 2% വർദ്ധനവ് വരുത്തുവാനുള്ള ബോർഡിന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. 2010-11 |

| | | |
|---|---|---|
| | അംശാദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത്ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. | വർഷത്തിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഭരണ ചെലവ് നിശ്ചിത ശതമാനത്തിൽ താഴെയായിരുന്നുവെന്നും തൊഴിലുടമകൾ ബാങ്ക് അക്കൗണ്ട് മുഖേനയാണ് അംശാദായം ഒടുക്കുന്നതെന്നും ആയതിന്റെ ചെലാനുകൾ ബാങ്കുകളിൽ നിന്നും ബോർഡിലേക്ക് അയച്ചുകൊടുക്കുകയും ആയത് ബോർഡ് സൂക്ഷിച്ചു വരുന്നുണ്ടെന്നും ബോർഡ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ അന്യത്ര സേവനവ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിൽ നിന്നാണ് ജീവനക്കാരെ നിയമിക്കുന്നതെന്നും ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതി മുൻപാകെ സവിനയം സമർപ്പിക്കുന്നു. |

Prasannakumary MC
പ്രസന്നകുമാരി. എം.സി
ജോയിന്റ് സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518244

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 4.5 ഖണ്ഡികയിലെ പരാമർശത്തിൻമേൽ കേരള ചുമട്ട് തൊഴിലാളി ക്ഷേമബോർഡിനെ സംബന്ധിക്കുന്ന ന്യൂനതാ പരിഹാര നടപടി പത്രിക.

| ഖണ്ഡിക | പരാമർശം | ന്യൂനതാ പരിഹാര നടപടി |
|---|---|---|
| 4.5 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ 16 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചെയ്യുന്നുണ്ട്. 2010-11 കാലയളവിൽ ക്ഷേമനിധി ഓഡിറ്റിൽ നിന്ന് 6 ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>ഇപ്പോൾ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ട അംശദായ കുടിശ്ശിക ഭീമമായി | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ 1997-98 മുതൽ 2000-2001 വരെയുള്ള കാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് 20/7/2014 തീയതി മുതലും 2001-02 മുതൽ 2004-05 വരെയുള്ള കാലയളവിലെ ഓഡിറ്റ് 6/5/2015 തീയതി മുതലും നടത്തിയിട്ടുള്ളതാണെന്നും ബോർഡിന്റെ കമ്മിറ്റി/സബ് ഓഫീസുകളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് (2004-05 വരെയുള്ളത്) വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ച് പുരോഗമിച്ചു വരുന്നുവെന്നും കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. ബോർഡിന്റെ 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ ~~സമർപ്പിക്കുന്നതിനായി, നിയമസഭാ~~ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുള്ളതാണ്.<br><br>2014-15 വർഷത്തെ ചാർട്ടേർഡ് |

| | | |
|---|---|---|
| | വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്ക പ്രകാരമുള്ള അംശദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ഇതു സംബന്ധിച്ചുള്ള ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.<br><br>ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്. വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു. അംശദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. | അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് പൂർത്തീകരിച്ച് കൺസോളിഡേഷൻ ജോലികൾ നടന്നു വരുന്നതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് സർക്കാരിലും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിലും സമർപ്പിക്കുന്നതാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.<br><br>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ സ്ഥിരനിക്ഷേപത്തിന്മേലുള്ള പലിശയും, തൊഴിലുടമകളിൽ നിന്നു ലഭിക്കുന്ന ലെവിയുമാണ് തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും, റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി വിനിയോഗിച്ചു വരുന്നതെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിൽ നിന്നും മറ്റ് സാമ്പത്തിക സഹായമൊന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഫീസ് നൽകുന്നതിൽ നിന്നും പൂർണ്ണമായും കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനെ ഒഴിവാക്കണമെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം സർക്കാരിലെ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

| | | |
|---|---|---|
| | സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ച് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ, 2002 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മേൽ വിവരങ്ങൾ സമിതി മുമ്പാകെ സവിനയം സമർപ്പിക്കുന്നു. |
| | | |

Prasannakumary MC

പ്രസന്നകുമാരി. എം. സി
ജോയിന്റ് സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518244

## ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2019-21)

**2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് ന്യൂനത പരിഹരിച്ചത് സംബന്ധിച്ച്**

ഓഡിറ്റ് ഖണ്ഡിക **4.5**

| കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | |
|---|---|
| **ശിപാർശ** | **സ്വീകരിച്ച നടപടി** |
| ക്ഷേമനിധി ബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽനിന്നും തൊഴിലുടമകളിൽനിന്നും ലഭിക്കേണ്ട അംശദായ കടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്കു പ്രകാരമുള്ള അംശദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഇതു സംബന്ധിച്ചുള്ള ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശദായം കാലികമായി പരിഷ്കരിക്കേണ്ടത് അനുവാര്യമാണ്.<br>ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്നും അധികരിക്കുന്നു. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.<br>വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു. | കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് നിലവിൽ അംശദായ കടിശ്ശികയായി 78,82,721/- രൂപ ലഭിക്കാനുണ്ട്. ആയത് ഈടാക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ബോർഡ് തീരുമാനമനുസരിച്ച് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നകാര്യം സർക്കാർ പരിഗണനയിലാണ്. കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ 2016-17 വരെയുള്ള കാലയളവിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 2017-18, 2018-19 കാലയളവിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.<br>കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിലവിലെ തൊഴിലാളി. തൊഴിലുടമ, സർക്കാർ അംശദായ വിഹിതം 1:1:1 എന്ന നിരക്കിലാണ്. ടി വിഹിതം വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.<br>കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് സർക്കാരിൽ നിന്നുള്ള അംശദായം കൃത്യമായി ലഭിക്കുന്നുണ്ട്.<br>ബോർഡിന്റെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഭരണച്ചെലവുകൾ ആകെ വരുമാനത്തിന്റെ 10% ത്തിൽ അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഭരണച്ചെലവുകൾ വർദ്ധിക്കുന്നതു കൊണ്ടും തത്തുല്യ വർദ്ധനവ് വരവിനങ്ങളിലില്ലാത്തത് മൂലവും ഭരണച്ചെലവിന്റെ പരിധി അധികമാകുന്നു. ബോർഡ് നിലവിൽ വന്നതിനുശേഷം വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വന്നില്ലെങ്കിലും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ 10 |

| | |
|---|---|
| രസീതുബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്.<br>സ്ഥിര നിക്ഷേപങ്ങൾ പിൻവലിച്ച് ഭരണച്ചെലവുകൾ നടത്തുന്ന സ്ഥിതി വിശേഷമാണ് കശുവണ്ടി, ഖാദി, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുകളിലുള്ളത്.<br>കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി അംഗങ്ങളുടേയും പെൻഷണർമാരുടേയും കൃത്യമായ വിവരം ആസ്ഥാന ഓഫീസിലും സബ് ഓഫീസുകളിലും ലഭ്യമല്ല. തൊഴിലാളികളുടെ പേരുവിവരം അംശദായ അടവ് എന്നിവയുടെ കണക്ക് നിലവിൽ സൂക്ഷിക്കുന്നത് ഫാക്ടറി ഉടമകളാണ്. | മടങ്ങായി വർദ്ധിക്കുകയും, വാടക ഉൾപ്പെടെയുള്ള ആനുപാതിക ഭരണ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തതുകാരണമാണ് ഭരണചെലവിനത്തിൽ വർദ്ധനവ് ഉണ്ടാകുന്നത്. പകുതിയിലധികം ഫാക്ടറികൾ പൂട്ടികിടക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണ്. ടി പ്രതിസന്ധി ബോർഡിന്റെ വരവിലും ഗണ്യമായി ബാധിച്ചിട്ടുണ്ട്.<br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ല. ബോർഡിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും സമാന ശമ്പള സ്കെയിലും, തസ്തികയും അനുസരിച്ചാണ് ജീവനക്കാരെ സർക്കാർ നിയമിക്കുന്നത്.<br>ബോർഡിന് നിലവിൽ 1,21,00,000/- രൂപ (ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷം രൂപ) യുടെയും 1,10,00,000/- രൂപ (ഒരു കോടി പത്ത് ലക്ഷം രൂപ)യുടെയും രണ്ട് സ്ഥിര നിക്ഷേപമാണുള്ളത്. ടി സ്ഥിര നിക്ഷേപങ്ങളുടെ പലിശ മാത്രമാണ് പെൻഷനിതര ആനുകൂല്യ വിതരണത്തിനും, ഭരണചെലവിനുമായി ബോർഡ് അനുമതിയോടെ വിനിയോഗിക്കുന്നത്. മുൻ കാലങ്ങളിൽ അംശദായ ഇനത്തിൽ (തൊഴിലാളി, തൊഴിലുടമ വിഹിതം) ലഭിച്ച തുകയാണ് സ്ഥിര നിക്ഷേപമായി നടത്തിയിട്ടുള്ളത്.<br>നിലവിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ വിവരം ക്ഷേമനിധിയുടെ ഇൻസ്പെക്ടർ കാര്യാലയത്തിൽ പരിപാലിക്കുന്ന മെമ്പർഷിപ്പ് രജിസ്റ്ററിലും, ക്ഷേമനിധിയിലെ പെൻഷനർമാരുടെ വിവരം ജില്ലാ കാര്യാലയങ്ങളിൽ പരിപാലിക്കുന്ന പെൻഷൻ വിതരണ രജിസ്റ്ററിലും പരിപാലിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം വരെ തൊഴിലാളികളുടെയും പെൻഷണർമാരുടെയും പൂർണ്ണ വിവരങ്ങൾ കെൽട്രോൺ വികസിപ്പിച്ച സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരുന്നു. |

നിഷ. എസ്.
അഡീഷണൽ സെക്രട്ടറി

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)

2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് ന്യൂനത പരിഹരിച്ചത് സംബന്ധിച്ച്

| ക്രമ നം. | ക്ഷേമനിധി ബോർഡ് | ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | കശുവണ്ടി തൊഴിലാളി അംഗങ്ങളേയും പെൻഷണർമാരുടേയും കൃത്യമായി വിവരം ആസ്ഥാന ഓഫീസിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്ന തൊഴിലാളിയുടെ പേര്, മേൽ വിലാസം, ജനന തീയതി, നോമിനേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇൻസ്പെക്ടർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്നു. കൂടാതെ അംഗത്വ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. ഓരോ കമ്പനിയ്ക്കും പ്രത്യേകം അംഗത്വ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. തൊഴിലാളികളുടേയും/ പെൻഷണർമാരുടേയും പൂർണ്ണ വിവരങ്ങൾ കെൽട്രോൺ വികസിപ്പിച്ചു തന്നിരിക്കുന്ന സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടറിലും രേഖപ്പെടുത്തി സൂക്ഷിക്കുന്നു. പെൻഷണർമാരുടെ പൂർണ്ണ വിവരങ്ങൾ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ പ്രത്യേകം രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. ഓരോ വർഷവും പുതിയതായി പെൻഷൻ ആകുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നിന്നും യഥാസമയം ആസ്ഥാന ഓഫീസിലേയ്ക്ക് അയച്ച് തരികയും ആയത് ആസ്ഥാന ഓഫീസിൽ ഫയൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. അംശദായ അടവ് സംബന്ധിച്ച വിവരങ്ങൾ എല്ലാ കശുവണ്ടി ഫാക്ടറികളിൽ നിന്നും വാർഷിക സ്റ്റേറ്റുമെന്റായി ഇൻസ്പെക്ടർ ഓഫീസുകളിൽ ശേഖരിക്കുകയും ഫയൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്തു വരുന്നു. ഈ സ്റ്റേറ്റുമെന്റിൽ തൊഴിലാളികളുടെ പേരും അംഗത്വ നമ്പരും അടച്ച അംശാദായത്തിന്റെ വിവരവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി ശാലകളിൽ നിന്നുള്ള ഓരോ മാസത്തേയും അംശദായ അടവ് ഇൻസ്പെക്ടർ ഓഫീസുകളിൽ അംശദായ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡിലെ കൊഴിഞ്ഞ് പോക്ക് തടയുന്നത് സംബന്ധിച്ച് | കേരളത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഒരു പരമ്പരാഗത വ്യവസായ മേഖലയാണ് കൈത്തറി. ഈ മേഖലയിലെ തൊഴിലാളികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും ജോലി ലഭിക്കുന്നില്ല എന്നതും, ഈ അവസരങ്ങളിൽ ഇവർ മറ്റ് ജോലികൾ ചെയ്യേണ്ടിവരുന്നു എന്നതിനാലും ജോലി ചെയ്താൽ തന്നെ വളരെ തുച്ഛമായ കൂലിയെ ഇവർക്ക് ലഭിക്കൂ എന്നതിനാലുമാണ് ഈ രംഗത്തുനിന്ന് തൊഴിലാളികൾ പിന്തിരിയുന്നതിനുള്ള മുഖ്യ കാരണം. ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ തൊഴിലാളികൾക്ക് നല്കേണ്ട വിവിധ ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിക്കാനും, മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നല്കാനും ബോർഡിന് കഴിയുന്നില്ല. മേൽ കാരണങ്ങൾ കൊണ്ടെല്ലാമാണ് അംഗങ്ങൾ കൊഴിഞ്ഞു പോകുന്നത്. കൈത്തറി തൊഴിൽ മേഖലയിൽ ബന്ധപ്പെട്ട പ്രശ്നമായതിനാൽ ബോർഡ് എന്ന നിലയിൽ ഈ കൊഴിഞ്ഞുപോക്ക് തടയാൻ കഴിയുന്നില്ല. കൈത്തറി തൊഴിലിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതു കൊണ്ടാണ് അംഗത്വം കുറയുന്നത്. അടുത്ത കാലത്ത് ബോർഡ് വഴി നല്കി വന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത് തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും അത് വഴി ജീവിത നിലവാരം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. |

RAMLA BEEVI. A.
Joint Secretary
Labour & Reh. Dept.
Govt: Secretariat. Tvpm.
Ph: 0471 2518244

**കേരള നിയമസഭ- ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി(2014-16) 2008-09, 2010-11, 2011-12, 2012-13, 2013-14 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റ്.**

| ശുപാർശ | സ്വീകരിച്ച നടപടി |
|---|---|
| 2010- 11 ഖണ്ഡിക 4.5<br>ഖാദി ക്ഷേമനിധിയിൽ ആക്ടിലേയും ചട്ടങ്ങളിലേയും വകുപ്പുകൾ അനുസരിച്ച് നാളിതുവരെ ബഡ്ജറ്റും വാർഷിക റിപ്പോർട്ടും തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ല. | ഖാദി ക്ഷേമനിധി ബോർഡ്- 2012-13 സാമ്പത്തിക വർഷത്തിനു മുൻപുള്ള വർഷങ്ങളിൽ വരവ് ചെലവ് കണക്കുകൾ/ പ്രവർത്ത റിപ്പോർട്ട് എന്നിവ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നില്ല. 2012-13,2013-14 സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവു കണക്കുകളും 25/9/2015 ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിയമസഭയിൽ സമർപ്പിക്കുന്നതിനായി നിയമപരമായ റിപ്പോർട്ടുകളുടെ സാക്ഷ്യപ്പെടുത്തിയ 150 പകർപ്പുകൾ വീതം ലഭ്യമാക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്. |
| 2010-11 ഖണ്ഡിക 4.5<br>കൈത്തറി, ഖാദി ബീഡി & സിഗാർ തുടങ്ങിയ ക്ഷേമനിധികളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് അവയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ എണ്ണം ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്ന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. | ജീവിത സൂചിക അനുസരിച്ചുള്ള കൂലി ലഭ്യമാകാത്തത് കാരണമാണ് മുഖ്യമായും ഈ രംഗത്ത് കൊഴിഞ്ഞുപോകുന്നത്. എന്നാൽ അവർക്ക് കൂടിയ കൂലി ഉറപ്പു വരുത്തുന്നതിനായി ഖാദി നൂൽപ്പ് തൊഴിലാളികൾക്കുള്ള ഉല്പാദന ഇൻ സെന്റീവ് 30 പൈസ എന്നത് 60 പൈസയായും നെയ്ത്തു തൊഴിലാളി കൾക്കുള്ള ഇൻസെന്റീവ് 90 പൈസ എന്നത് 180 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പുമായി സഹകരിച്ച് തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ആനുകൂല്യം നൽകിയി വരുന്നുണ്ട്. ഖാദിയുടെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കു ന്നതിനായി ജില്ലാ വിൽപനശാല സർക്കാർ |

| | |
|---|---|
| | റിബേറ്റ് അനുവദിച്ചു വരുന്നുണ്ട്. കൂടാതെ ഓണം, റംസാൻ,ക്രിസ്മസ്, ഗാന്ധി ജയന്തി വാരാഘോഷം എന്നീ ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റും അനുവദിച്ചു വരുന്നു. തന്മൂലം ഖാദിയുടെ വിപണനം വർദ്ധിക്കുന്നതിനും, തന്മൂലം ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇടയാകുന്നു. ഇത് ഖാദി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതിലൂടെ കൂടുതൽ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ ശ്രദ്ധിക്കുന്നതാണ്. |

Rajesh
S. RAJESH
Joint Secretary to Govt.
Industries Dept.
Govt. Secretariat
Thiruvananthapuram

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 4.5 (വിവിധ ക്ഷേമനിധി ബോർഡുകൾ) എന്ന ഓഡിറ്റ് ഖണ്ഡികയിൽ ഉൾപ്പെട്ട കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | |
| 1 | 4.5 | വിവിധ ക്ഷേമനിധി ബോർഡുകൾ - പൊതു പരാമർശങ്ങൾ | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഭാഗം-II ഖണ്ഡിക (1) പ്രകാരം, വാർഷിക ബഡ്ജറ്റിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. 01.11.2017 ലെ 3273/ഡി2/2014/ഭ.പൊ.വി.വ നമ്പർ കത്ത് പ്രകാരം 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ നിന്ന് നടത്തിയ ചെലവുകൾക്കും ഭരണചെലവ് അധികരിച്ചതിനും സർക്കാർ സാധൂകരണം നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഖണ്ഡിക, ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 4.5 ൽ വിവിധ ക്ഷേമനിധികളുടെ പൊതു പരാമർശമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അനുമതിയോടു കൂടി മാത്രമേ ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു. |

Manjula B.S.
Joint Secretary
Food & Civil Supplies Dept.
Govt. Secretariat Thiruvananthapuram

## കേരള നിയമസഭ - ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മറ്റി (2011-14) 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - കേരള ബീഡി-സിഗാർ ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക.

### തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 4.5 | ബീഡി-സിഗാർ ക്ഷേമനിധി ബോർഡിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് അവയുടെ പ്രവർത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ എണ്ണം ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. | കേരള ബീഡി- സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-03-2013 വരെ 42,274 പേരാണ് അംഗങ്ങളായി രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31-03-2013 തീയതിയിൽ 20,322 പേരാണ് സക്രീയ അംഗത്വത്തിൽ നിലനിൽക്കുന്നത്. മരണമടഞ്ഞവർ, പെൻഷനായവർ വിവിധ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ചവർ, വ്യവസായ പ്രതിസന്ധിമൂലം കൊഴിഞ്ഞു പോയവർ എന്നിവരെ ഒഴിവാക്കിയതിനു ശേഷം സക്രീയ അംഗത്വത്തിലുള്ളവരുടെ എണ്ണമാണ് മേൽ സൂചിപ്പിച്ചത്. അംഗത്വത്തിൽ നിലവിലുള്ളവർക്ക പുറമേ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 30,000 -ത്തോളം ബീഡി തൊഴിലാളികൾ ഇപ്പോൾ ക്ഷേമനിധി അംഗത്വത്തിന് വെളിയിലുണ്ട്. ഇവർ കർണ്ണാടക കേന്ദ്രമായി പ്രവർത്തിക്കുന്ന ബീഡി മാനേജ്മെന്റിന്റെ കീഴിൽ ജോലിചെയ്യുന്നവരാണ്. പ്രസ്തുത മാനേജ്മെന്റ് ഈ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് ഇതുവരെ തയ്യാറായിട്ടില്ല. പ്രസ്തുത മാനേജ്മെന്റിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ബോർഡിന് അനുകൂലമായ വിധി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത കേസ് തീർപ്പാക്കുന്ന മുറക്ക് മേൽ മാനേജ്മെന്റിലെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കൂടാതെ, അസംഘടിതമേഖലയിൽ ജോലിചെയ്ത് വരുന്ന മുഴുവൻ ബീഡി തൊഴിലാളികളേയും ക്ഷേമനിധി അംഗത്വത്തിൽ സ്വയം തൊഴിലാളികളായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഊർജ്ജിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വ്യാവസായിക പ്രതിസന്ധി നിമിത്തം തൊഴിൽ മേഖലയിൽ നിന്നും പുറം തള്ളപ്പെട്ട തൊഴിലാളികളുടെ 30% ത്തോളം പേർ ഇപ്പോഴും ബീഡി തെറുപ്പ് മേഖലയിൽ തുടരുന്നുണ്ട്. ഇവരെ വീണ്ടും ക്ഷേമനിധി അംഗത്വം നൽകി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് 15-01-2014 ന് ചേർന്ന ബോർഡ് ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട്. |

P. HARIKUMAR
Addl. Secretary to Govt.
Labour Rehabilitation Dept
Govt. Secretariat, Tvpm.

## കേരള നിയമസഭ - ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2011-14) – (2010-11) വർഷത്തെ സാമാഹ്യത ഓഡിറ്റ് റിപ്പോർട്ട്- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനത പരിഹാര നടപടി പത്രിക

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 4.5 | അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകി ആനുകൂല്യം വിതരണം ചെയ്യുന്ന പ്രവണത കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ കാണുന്നു | 1994- ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിൻ പ്രകാരം ബോർഡിൽ അംഗങ്ങളെ ചേർക്കുമ്പോൾ ടിയാളുടെ തൊഴിലുടമയിൽ നിന്നോ സ്ഥലത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നോ അല്ലെങ്കിൽ 1925-ലെ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഏതെങ്കിലും തൊഴിലാളി സംഘടനയിൽ നിന്നോ ലഭിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ സർട്ടിഫിക്കറ്റും കൂടി ഹാജരാക്കേണ്ടതാണ്. ഇതു കൂടാതെ അംഗങ്ങളുടെ തൊഴിൽ പ്രാവീണ്യം അതായത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് ഉറപ്പു വരുത്തി അവരെ ഇന്റർവ്യൂ ചെയ്യുമാണ് അംഗത്വം നൽകി വരുന്നത്. ബോർഡിലെ ഡിജിറ്റൈസേഷൻ പൂർത്തിയായതോടു കൂടി ദ്വയാംഗത്വം ഉള്ളവരെ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |

(Signature)

SATYA KUMAR. S.
Joint Secretary to Govt.
Labour & Rehabilitation Department
Govt. Secretariat
Thiruvananthapuram

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5 ലെ ശിപാർശയിൻമേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| ഖണ്ഡിക 4.5 | 1994 - ലെ കേരള ലോക്കൽ ഫണ്ട് ആക്ട് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ആഫീസുകളിലും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം 1997-98, 1999-2000, 2000-01, 2002-03 കാലഘട്ടങ്ങളിലെ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആഡിറ്റ് ഫീസിനത്തിൽ ഭീമമായ തുക ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകുന്നത് ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുമെന്നതിനാൽ ആഡിറ്റ് ചാർജ്ജ് പൂർണ്ണമായി ഒഴിവാക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1994 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് പ്രകാരമുള്ള ആഡിറ്റ് നടപ്പാക്കുന്നതിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഒഴിവാക്കാനാവുകയില്ലെന്നും 16/12/14 ലെ 12341/എച്ച്2/14/തൊഴിൽ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്.<br>മേൽ വിവരങ്ങൾ സമിതി മുൻപാകെ സവിനയം അറിയിക്കുന്നു. |

Prasannakumary MC

പ്രസന്നകുമാരി. എം. സി
ജോയിന്റ് സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ - 0471 - 2518244

## കേരള സർക്കാർ

## കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2010-11)ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- ഓഡിറ്റ് ന്യൂനത പരിഹാര നടപടി സ്റ്റേറ്റ്മെന്റ് തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

| ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 4.5 | ഇപ്പോൾ ഓഡിറ്റ് ചെയ്തു കൊണ്ടിരിക്കുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ട അംശദായ കുടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്കു പ്രകാരമുള്ള അംശദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ഇതുസംബന്ധിച്ചുള്ള ഡി.സി.ബി പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളിൽ നിന്നും തൊഴിൽ ഉടമകളിൽ നിന്നും അംശദായ ഇനത്തിൽ ലഭ്യമാക്കാനുള്ള കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. പഴയ പദ്ധതി പ്രകാരം ഉള്ള കുടിശ്ശിക തുക പലിശയും പിഴപലിശയും ഒഴിവാക്കികൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പുതിയ പദ്ധതിയിലെ കുടിശ്ശിക തുക റവന്യൂ റിക്കവറി വഴിയും ഈടാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അരിയർ ഡിമാന്റ് കളക്ഷൻ ബാലൻസ്, കറന്റ് ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ എന്നിവ തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉടമാ തൊഴിലാളി അംശദായം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.<br>കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ തൊഴിലാളികളിൽ നിന്നും ലഭിയ്ക്കേണ്ട അംശദായ കുടിശ്ശിക നിവാരണത്തിലേയ്ക്കായി ബോർഡ് കാലാകാലങ്ങളിൽ സ്കാറ്റേർഡ് മേളകൾ സംഘടിപ്പിച്ചുവരുന്നു. അതുവഴി, അംശദായം കുടിശ്ശിക വരുത്തി അംഗത്വം റദ്ദായ തൊഴിലാളികളുടെ അംഗത്വം പുന:സ്ഥാപിക്കുകയും പുതുതായി തൊഴിലാളികളെ പദ്ധതിയിൽ ചേർക്കുകയും ചെയ്യുന്നു. 2017-18, 2018-19 കാലഘട്ടങ്ങളിൽ സ്കാറ്റേർഡ് മേളകൾ സംഘടിപ്പിച്ചതു വഴി 2101 തൊഴിലാളികൾക്ക് പദ്ധതിയിൽ |

| | | |
|---|---|---|
| | | അംശദായ കുടിശ്ശിക നിവാരണത്തിലൂടെ അംഗത്വ പുന:സ്ഥാപനം നടത്താൻ സാധിക്കുകയും, 27,68,577/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി അറുപത്തിയെട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) അംശദായ കുടിശ്ശിക ഇനത്തിൽ സമാഹരിക്കാൻ ബോർഡിന് കഴിഞ്ഞിട്ടുമുണ്ട്.<br>കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ നിലവിലുള്ള അംശദായ തുക 2018 സെപ്റ്റംബർ 9 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ. 79/201/തൊഴിൽ വിജ്ഞാപന പ്രകാരം 30/-, 40/- 50/- എന്നീ സ്ലാബിൽ നിന്നും 100/- രൂപ എന്ന ഒറ്റ സ്ലാബിൽ വർദ്ധിപ്പിച്ച് ഏകീകരിച്ചിട്ടുണ്ട്.<br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ നിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനും കണക്കുകൾ പൊരുത്തപ്പെടുത്തുന്നതിനും ലഭിക്കേണ്ട അംശദായ തുക എത്രയാണെന്നതു സംബന്ധിച്ച് ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക തയ്യാറാക്കി പരമാവധി അംശദായം തൊഴിലാളികളിൽ നിന്നും ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലുടമ അംശദായം 25 ആയും തൊഴിലാളി വിഹിതം 50 ആയും ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| | ക്ഷേമ നിധികളിലെ ഭരണചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്. | ഭരണചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കർശന നിർദ്ദേശം ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവർക്ക് നൽകിയിട്ടുണ്ട്. അംശദായ വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്നതോട് കൂടി ഭരണ ചെലവ് നിശ്ചിത പരിധിയ്ക്കുള്ളിൽ നിർത്താൻ സാധിക്കുന്നതാണ്. |

| | | |
|---|---|---|
| | വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2017-18 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത് സർക്കാരിന് സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് 2016-17 വരെയുള്ള വാർഷിക കണക്കുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| | അംശാദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉടമ/തൊഴിലാളി അംശദായം സ്വീകരിക്കുന്നത് ഓൺലൈൻ വഴി ആയതിനാൽ രസീത് ബുക്കുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിലുള്ളതിനാൽ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് പി.എസ്.സി വഴിയാണ് എല്ലാ തസ്തികകളിലും സ്ഥിരജീവനക്കാരെ നിയമിക്കുന്നത്.<br>കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിലവിൽ ഭൂരിഭാഗം തൊഴിലാളികളും അംശദായം ബാങ്ക് വഴി നേരിട്ടാണ് അടവ് വരുത്തുന്നത്, രസീത് ബുക്കുകളുടെ വിനിയോഗം നാമമാത്രമാണ്. ആയതിനാൽ അവ കുറ്റമറ്റ രീതിയിൽ പരിപാലിച്ച് പോകുവാൻ കഴിയുന്നുണ്ട്. ബോർഡിന് സ്പെഷ്യൽ റൂൾ നിലവിലുണ്ട്.<br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ അംശദായം സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ, ബാങ്ക്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ മുഖാന്തിരം അംശദായം ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഇടപാടുകൾ സുതാര്യവും കൃത്യതയുമുള്ളതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയതായി രസീത് ബുക്കുകൾ അച്ചടിച്ച് നൽകി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ അംശദായം ഈടാക്കുന്നില്ല. ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പാക്കുന്നതിനായി ഒരു കമ്മിറ്റിയെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂളിന്റെ കരട് തയ്യാറാക്കുന്ന നടപടികൾ കമ്മിറ്റി |

| | | |
|---|---|---|
| | | നടത്തി വരികയാണ്. |
| | അർഹതയില്ലാത്ത വ്യക്തികൾക്ക് അംഗത്വം നൽകി ആനുകൂല്യം വിതരണം ചെയ്യുന്ന പ്രവണത കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ കാണുന്നു. | നിലവിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നത് പൂർണ്ണമായും ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമാണ്. പദ്ധതിയിൽ പരാമർശിക്കുന്ന നിശ്ചിത രേഖകളുടേയും 1926 ലെ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളി സംഘടന, അസിസ്റ്റന്റ് ലേബർ ഓഫീസർ, തൊഴിലുടമ ഇവരിൽ നിന്നുള്ള തൊഴിൽ സംബന്ധമായ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിലുള്ള അപേക്ഷകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷ്മ പരിശോധനയും ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ പ്രാവീണ്യമുണ്ടോയെന്നത് പരിശോധിച്ചതിനും ശേഷമാണ് ഒരു വ്യക്തിയെ ക്ഷേമനിധിയിൽ അംഗമായി ചേർക്കുന്നത്. |

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518248

## <u>തൊഴിലും നൈപുണ്യവും (ബി) വകുപ്പ്</u>

**<u>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി-ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ പൊതു പരാമർശങ്ങളിന്മേലുള്ള (ഖണ്ഡിക 6.6) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിക്കുന്ന മറുപടി .</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് നടത്തുന്നതിനുള്ള ഓഡിറ്റ് ഫീസ് ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 27.10.2015 ലെ 10974/ബി1/2015/തൊഴിൽ നമ്പർ കത്ത് പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് നിലവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് ബോർഡിൽ നടത്തുന്നുണ്ട്. ബോർഡിന്റെ 2000-01 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518244

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് ന്യൂനതാപരിഹാര നടപടിപത്രിക - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ്

| റിപ്പോർട്ട് | സ്വീകരിച്ച നടപടി |
|---|---|
| 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് 08/2/2013-ൽ നൽകിയ കത്തിനെ തുടർന്ന് 13/8/2013 മുതൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ ഓഡിറ്റിംഗ് ആരംഭിച്ചുവെന്നും 26/8/2013 മുതൽ 1994-95, 1995-96, 1996-97 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗ് തുടങ്ങിയിട്ടുള്ളതായും ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

116

Satyakumar

SATYA KUMAR. S.
Joint Secretary to Govt.
Labour & Rehabilitation Department
Govt. Secretariat
Thiruvananthapuram - 695 001
Ph: 0471-2518[illegible]/2524567

## കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2014-16 - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിക്കുന്ന ഖണ്ഡിക 6.6-ൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

## തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

| ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 6.6 | തൊഴിലാളികളിൽ നിന്നും തൊഴിൽ ഉടമകളിൽ നിന്നും ലഭിക്കേണ്ട അംശദായ ഇനത്തിൽ വലിയ തുക കുടിശ്ശികയായി പല ക്ഷേമനിധി ബോർഡുകളിലും നിലനിൽക്കുന്നു. വാർഷിക കണക്ക് പ്രകാരമുള്ള അംശദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല.<br>പല ക്ഷേമനിധി ബോർഡികളുടെയും നിലവിലുള്ള അംശദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ ധനസഹായത്തിനും ഭരണ ചെലവുകൾക്കുമായി ഇവർക്ക് വലിയ തുകകൾ ചെലവു വരുന്നു. ക്ഷേമ നിധികളിലെ അംശദായം കാലികമായി പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.<br>ക്ഷേമനിധിയിലെ ഭരണ ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തത് മൂലം സർക്കാരിൽ നിന്നുള്ള അംശദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്.<br>1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | അംശദായ ഇനത്തിൽ തൊഴിലുടമകളിൽ കുടിശ്ശികയുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിച്ചു വരുന്നുണ്ടെന്ന് ബോർഡ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. അംശദായ ഇനത്തിൽ 2% വർദ്ധനവ് വരുത്തണമെന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫിന്റെ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഓഡിറ്റ് ഫീസ് ഒഴിവാക്കണമെന്ന ബോർഡിന്റെ ആവശ്യം അംഗീകരിക്കാനാവില്ലായെന്ന സർക്കാർ തീരുമാനം ബോർഡിനെ അറിയിച്ചിട്ടുണ്ട്. 2013-14 വരെയുള്ള വാർഷിക കണക്കുകൾ ആഡിറ്റ് വകുപ്പിന് ബോർഡ് സമർപ്പിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ നിയമസഭാ സമിതി മുമ്പാകെ സവിനയം സമർപ്പിക്കുന്നു. |



പ്രസന്നകുമാരി. എം. സി
... വകുപ്പ്

## കേരള സർക്കാർ

## കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2011-12) വിവിധ ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ചുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് ന്യൂനത പരിഹാര നടപടി സ്റ്റേറ്റ്മെന്റ്

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

| ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 6.6 | 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ ഓഡിറ്റ് ഫീ യുടെ കാര്യത്തിൽ ഇളവ് അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, ബഹു.കേരള മുഖ്യമന്ത്രി, ബഹു.ധനകാര്യ മന്ത്രി എന്നിവർക്ക് നിവേദനം സമർപ്പിച്ചിട്ടുള്ളതും മേൽ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് നൽകിയതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 26.03.2018 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അൺ-അറ്റാച്ച്ഡ് വിഭാഗത്തിന്റെ 2016-17 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ 06.06.2019 തീയതിയിലെ 499-ാമത് ബോർഡ് യോഗ തീരുമാനം 9 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 11.06.2019 തീയതിയിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്.<br><br>കേരള മോട്ടോർ തൊഴിലാളി ക്ഷേമബോർഡിൽ ഫീസ് പൂർണ്ണമായും ഒഴിവാക്കികൊണ്ട് കേരള സംസ്ഥാന |

| | | |
|---|---|---|
| | | ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് നടപ്പാക്കാൻ സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ സർക്കാരിലും ക്ഷേമനിധി ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറേയും അറിയിച്ചിരുന്നുവെങ്കിലും 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരമുള്ള ഓഡിറ്റ് ആക്ട് പ്രകാരമുള്ള ഓഡിറ്റ് നടപ്പാക്കുന്നതിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഒഴിവാക്കാൻ കഴിയില്ലെന്ന വിവരം 16.12.2014 തീയതിയിലെ കത്ത് പ്രകാരം സർക്കാർ ബോർഡിനെ അറിയിച്ചിട്ടുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2017-18 വരെയുള്ള മുഴുവൻ വാർഷിക കണക്കുകളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡിൽ 1996-97 മുതൽ 2011-12 കാലയളവ് വരെയുള്ള ഓഡിറ്റ് നടപടികൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ആയതിന് 1996-97 മുതൽ നാളിതുവരേയും ഓഡിറ്റ് ഫീസ് നൽകിയിട്ടില്ല. 2006-07 കാലയളവുവരെയുള്ള പരിശോധനാ റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ബോർഡിന് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518240

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| ഖണ്ഡിക 6.6 | 1994 - ലെ കേരള ലോക്കൽ ഫണ്ട് ആക്ട് വകുപ്പ് 3(1) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിധിയിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമ ബോർഡ് ഓഡിറ്റ് ചാർജ്ജിന്റെ കാര്യത്തിൽ പ്രതികൂല നിലപാട് സ്വീകരിച്ചുകൊണ്ട് നാളിതുവരെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 1997-98 സാമ്പത്തിക വർഷം മുതൽ 1999-2000 വരെയുള്ള കാലയളവിലെ രസീത് പരിശോധന 29.07.13 മുതൽ 31.07.13 വരെ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ബോർഡിന്റെ എല്ലാ ജില്ലാ ആഫീസുകളിലും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |

RAMLA BEEVI. A.
Joint Secretary
Labour & Reh. Dept.
Govt. Secretariat, Tvpm.
Ph: 0471 2518244

## വ്യവസായ (ഇ) വകുപ്പ്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6.6-ലെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | ഓഡിറ്റ് പരാമർശം | ന്യൂനതാ പരിഹാര നടപടികൾ |
|---|---|---|---|
| 1 | 6.6 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അനുമതിയില്ലാതെ ദിവസവേതനക്കാരെ നിയമിക്കാൻ പാടില്ലെന്ന 27.08.2005 ലെ ജി.ഒ.(എം.എസ്) 118/05/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് ലംഘിച്ച് വിവിധ തീയതികളിലായി 20 ദിവസവേതനക്കാരെ നിയമിച്ചിട്ടുണ്ട്. 16.03.2006 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.61/96/വ്യവ പ്രകാരം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ക്ഷേമനിധി ബോർഡ് തയ്യാറാക്കിയ സ്പെഷ്യൽ റൂൾസ് സർക്കാരോ കേരള പബ്ലിക് സർവീസ് കമ്മീഷനോ നാളിതുവരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളുടെ കാര്യത്തിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. ഇതുമൂലം അർഹതയുള്ള ഉദ്യോഗാർത്ഥികൾ പുറത്തു നിൽക്കെ മറ്റുള്ളവർ പിൻവാതിലിലൂടെ ദിവസവേതനക്കാരായി കയറി സ്ഥിരപ്പെടുന്ന അവസ്ഥയാണ് ബോർഡിൽ നിലനിൽക്കുന്നത്. ഇത് ബോർഡിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് കൈമാറി സർക്കാർ ഉത്തരവായെങ്കിലും നാളിതുവരെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷന് കൈമാറിക്കൊണ്ടുള്ള നിയമ ഭേദഗതി ഉണ്ടായിട്ടില്ല. ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിന്, "1970 -ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്ട്" -ൽ, രണ്ടാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പേര് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ ഈ വകുപ്പിൽ യഥാസമയം സ്വീകരിച്ചുകൊണ്ട് തുടർ നടപടികൾക്കായി 2016 -ൽ നിയമവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി ബിൽ നം.38 ആയി നിയമസഭയിൽ പബ്ലിഷ് ചെയ്തിട്ടുള്ളതും മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണെന്ന് അറിവായിട്ടുള്ളതുമാണ്. |

അംഗീകൃത സ്റ്റാഫ് പാറ്റേണോ പ്രത്യേക ചട്ടങ്ങളോ ഇല്ലാത്തത് കാരണം, വിരമിച്ച ജീവനക്കാർക്ക് പകരം റഗുലർ നിയമനങ്ങളോ താൽക്കാലിക നിയമനങ്ങളോ നടത്താൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത് എന്ന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജോലി ഭാരത്തിനനുസരിച്ചുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരിൽ ദീർഘകാലം ജോലി ചെയ്ത ജീവനക്കാരെ അവരുടെ തൊഴിലിലെ വൈദഗ്ധ്യവും കാര്യപ്രാപ്തിയും കണക്കിലെടുത്തുകൊണ്ട്, ബോർഡിന്റെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരെ ബോർഡ് സർവ്വീസിൽ സർക്കാർ റഗുലറൈസ് ചെയ്തിട്ടുണ്ട്. ബോർഡിൽ ഒട്ടാകെയുണ്ടായിരുന്ന 90 ജീവനക്കാരിൽ കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നിന്നും ബോർഡ് സർവ്വീസിൽ അബ്സോർബ് ചെയ്ത ഒരു ജീവനക്കാരൻ ഒഴികെയുള്ള 89 പേരെയും മേൽപ്രകാരം ദിവസവേതനത്തിൽ നിയമിച്ച ശേഷം പിന്നീട് സർക്കാർ റെഗുലറൈസ് ചെയ്തിട്ടുള്ളവരാണ്.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂൾസും അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

K.Radhakrishnan
Additional Secretary
Industries Department

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

## കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | ഓഡിറ്റ് പരാമർശം | മറുപടി |
|---|---|---|
| 6.7.1 | **2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തിയായവർക്കും 55 വയസ്സിനു താഴെ പ്രായമുള്ളവർക്കും അംഗമാകാവുന്നതാണ്. അപേക്ഷകളിൽ വിശദ പരിശോധന നടത്തിയതിനുശേഷം അർഹതയുള്ളവരുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും തുടർന്ന് അപേക്ഷകനുമായി നേരിട്ട് കൂടിക്കാഴ്ച നടത്തി അംഗത്വം അനുവദിക്കുകയും ചെയ്യുന്നു. കർഷക തൊഴിലാളിക്ക് നിർബന്ധിത അംഗത്വം വ്യവസ്ഥ ചെയ്യുന്നില്ല. ഒരംഗം ആറുമാസം തുടർച്ചയായി അംശാദായം ഒടുക്കാതിരുന്നാൽ പ്രസ്തുത വ്യക്തി അംഗമല്ലാതാവുമെങ്കിലും പിഴയോടുകൂടി കുടിശ്ശിക ഒടുക്കിയാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അംഗത്വം പുന:സ്ഥാപിക്കാവുന്നതാണ്. കർഷക തൊഴിലാളികൾ ഒരു പ്രത്യേക തൊഴിൽ ദാതാവിന്റെയോ സ്ഥാപനത്തിന്റെയോ കീഴിൽ പണിയെടുക്കുന്നവരല്ലാ ത്തതിനാൽ അംഗങ്ങളെ സംബന്ധിക്കുന്ന പ്രതിമാസ റിട്ടേണുകൾ ലഭിക്കുന്നില്ല.<br><br>കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളിക്ക് മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗത്വ മുണ്ടോയെന്നറിയാൻ നിർവ്വാഹമില്ല. തൊഴിലാളികൾ ഒന്നിലധികം ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയാൻ സമഗ്രമായ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നമ്പർ ഉൾപ്പെടുത്തി ദ്വയാംഗത്വം കണ്ടെത്തുന്നതിനുള്ള സോഫ്റ്റ് വെയർ ബോർഡ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. കൂടാതെ മുഴുവൻ ക്ഷേമനിധി അംഗങ്ങൾക്കും സ്മാർട്ട്കാർഡ് അനുവദിച്ചുകൊണ്ടും ഡേറ്റകൾ | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് 1990 ൽ ആണ് രൂപം കൊണ്ടത്. ക്ഷേമനിധി പദ്ധതി അധ്യായം IV ഖണ്ഡിക (26) പ്രകാരം 18 വയസ്സിനു മുകളിലും 55 വയസ്സിനു താഴെയും പ്രായമുള്ള ഒരു തൊഴിലാളിയ്ക്ക് ക്ഷേമനിധിയിൽ അംഗമായി ചേരാവുന്നതാണ്. ക്ഷേനിധി ചട്ടത്തിലോ നിയമത്തിലോ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതിന് കർഷക തൊഴിലാളിയാണെന്നുള്ള സർട്ടിഫിക്കറ്റ് ഏത് ഏജൻസിയിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്ന് പ്രതിപാദിച്ചിട്ടില്ല. 1990 ആഗസ്റ്റ് 6-ന് കൂടിയ പ്രഥമ ഡയറക്ടർ ബോർഡ് യോഗം കർഷക തൊഴിലാളി രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സംഘടനകളുടെ സർട്ടിഫിക്കറ്റാണ് കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിന് ഹാജരാക്കാൻ തീരുമാനിച്ചിട്ടുള്ള തെന്നും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാന ത്തിലാണ് നാളിതുവരെ അംഗങ്ങളായി ചേർത്തുവരുന്നതെന്നും കേരള കർഷക തൊഴിലാളി ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.<br><br>കാർഷിക രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഇല്ലാത്തതിനാൽ മറ്റ് തൊഴിൽ |

ഏകീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. ഈ ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളിയിൽ നിന്നും പ്രതിമാസം 5/- രൂപ നിരക്കിലാണ് അംശാദായം ലഭിക്കുന്നത്. ആയതിനാൽ അംശാദായ നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. 2008-09 സാമ്പത്തിക വർഷം 41987 അംഗങ്ങളും 2009-10 സാമ്പത്തിക വർഷം 21029 അംഗങ്ങളും ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31/03/2010 വരെ ആകെ 1998520 തൊഴിലാളികളാണ് കർഷക തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പരിശോധന കൃത്യമല്ലാത്തതിനാൽ യഥാർത്ഥ തൊഴിലാളി അംഗത്വത്തിൽ നിന്നും തഴയപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. മലപ്പുറം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ എണ്ണത്തെപ്പറ്റിയുള്ള കണക്കുകൾ വ്യക്തമല്ലാത്തതിനാൽ അംഗങ്ങളുടെ എണ്ണം യഥാർത്ഥത്തിൽ ഇരട്ടിപ്പാണ്. രണ്ട് മേൽവിലാസങ്ങളിൽ അംഗത്വമുള്ളവരുടെ ഒരു അംഗത്വം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ അംഗത്വം സംബന്ധിക്കുന്ന കണക്കുകൾ കൃത്യമാക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്. അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന പാസ് ബുക്കുകളുടെ സ്റ്റോക്ക് വിതരണത്തിന്റെ വ്യക്തമായ കണക്ക് ഡിവിഷണൽ ഓഫീസർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

കോട്ടയം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങളും അംശാദായത്തിന്റെ വിവരങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് അംഗത്വവിവരവും പൂർണ്ണമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൊല്ലം ഡിവിഷണൽ ഓഫീസിൽ ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന പാസ്സ്ബുക്ക് അക്കൗണ്ടുകൾ കൃത്യമല്ലാത്തതിനാൽ നാളിതുവരെ ഓഫീസിന് ലഭിച്ച പാസ്സ്ബുക്കുകളുടെയും വിതരണം നടത്തിയവയുടെയും കൃത്യമായ

മേഖലകളിലും, വ്യത്യസ്ഥ തൊഴിലുടമകളുടെ കീഴിലും ജോലി ചെയ്യേണ്ടി വരുന്നുണ്ടെന്നും ഇതുമൂലം തന്നെ ഭൂവുടമകളിൽ നിന്നുള്ള സർട്ടിഫിക്കറ്റോ, ഏത് തൊഴിലുടമയ്ക്ക് വേണ്ടി ജോലി ചെയ്യുന്നു എന്നോ രേഖപ്പെടുത്താൻ കഴിയുന്നില്ലെന്നും ബോർഡിന്റെ ഡിവിഷൻ ഓഫീസുകളിൽ ക്ഷേമനിധി അംഗത്വത്തിനു വേണ്ടി ലഭിയ്ക്കുന്ന അപേക്ഷകളിൽ വെൽഫെയർ ഫണ്ട് ഓഫീസർ സിറ്റിംഗ് നടത്തി ആവശ്യമായ പരിശോധന നടത്തിയാണ് അംഗത്വം അനുവദിച്ചുവരുന്നതെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരിക്കുന്നു.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾ മറ്റേതെങ്കിലും ബോർഡിൽ അംഗമായിട്ടുണ്ടോ എന്നറിയുന്നതിന് അഡ്വാൻസ്ഡ് ഇന്റർഫെയ്സ് സിസ്റ്റം വഴി തൊഴിലാളികളുടെ ആധാർ കാർഡും, ബാങ്ക് അക്കൗണ്ടും അപ്‌ലോഡ് ചെയ്യുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ടെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.

തൊഴിലാളികളിൽ നിന്നുള്ള അംശാദായ വിഹിതം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

ക്ഷേമനിധി ബോർഡിൽ അംഗമായ തൊഴിലാളികളുടെ മുഴുവൻ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി ബോർഡിൽ പൂർത്തിയായി ട്ടുണ്ടെന്നും ക്ഷേമനിധിയിൽ ഒരു തൊഴിലാളിക്ക് അംഗത്വം അനുവദിയ്ക്കുമ്പോൾ അംഗത്വ രജിസ്റ്ററിലും, കമ്പ്യൂട്ടറിലും എൻട്രി നടത്തിയതിനുശേഷം മാത്രമേ അംഗത്വം അനുവദിക്കാവൂ എന്ന് വെൽഫെയർ

# കേരള നിയമസഭ - ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2014-16) – (2012-13) വർഷത്തെ സാമാഹൃത ഓഡിറ്റ് റിപ്പോർട്ട്- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനത പരിഹാര നടപടി പത്രിക

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 6.7.3 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>1994-ലെ തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ വകുപ്പ് 2 (എൽ) പ്രകാരം തയ്യൽ തൊഴിലാളി എന്നാൽ തന്റെ ഉപജീവനത്തിനായി പ്രധാനമായും തയ്യൽ അല്ലെങ്കിൽ എംബ്രോയിഡറി ജോലിയെ ആശ്രയിച്ച് കഴിയുന്ന ആളാണ്. 18 വയസ്സ് പൂർത്തിയായ മൂന്ന് വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മേൽ സൂചിപ്പിച്ച ഏതൊരു തയ്യൽ തൊഴിലാളിയും ഈ ക്ഷേമനിധിയിൽ അംഗമാകാം. അംഗത്വം എടുക്കുന്ന തൊഴിലാളിക്ക് മറ്റ് ക്ഷേമനിധികളിൽ അംഗത്വം ഉണ്ടായിരിക്കാൻ പാട്ടുള്ളതല്ല. പുതിയ അംഗങ്ങളെ ചേർക്കുന്ന സമയത്ത് മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കാത്തതിനാൽ ഓരോ വർഷവും അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അംഗങ്ങളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>വർഷം — അംഗങ്ങളുടെ എണ്ണം<br>2009 — 515971<br>2010 — 585581<br>2011 — 661025<br>അംഗങ്ങളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ തയ്യൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി അപേക്ഷിക്കുന്നവർക്ക് നിലവിലുള്ള നിയമ പ്രകാരം അംഗത്വം നൽകി വരുന്നുണ്ട്. അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കുന്നവർക്കായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ ടി അപേക്ഷകർ തയ്യൽ അറിയാവുന്നവർ തന്നെയാണോയെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രായോഗിക പരിശോധന കൂടി നടത്തുന്നു. ബോർഡ് ഇതിനാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. അന്വേഷിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രം അപേക്ഷകർക്ക് ബോർഡിൽ അംഗത്വം നൽകിയാൽ മതിയാകുമെന്ന നിർദ്ദേശം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നൽകിയിട്ടുണ്ടെന്ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.<br><br>കർഷകതൊഴിലാളി ക്ഷേമനിധിയിൽ ഒരാൾ അംഗമാകുമ്പോഴും ക്ഷേനിധിയിൽ നിന്ന് കർഷകതൊഴിലാളി ആനുകൂല്യങ്ങൾ കൈപ്പറ്റുമ്പോഴും അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ലെറ്റർ ഹെഡിൽ പ്രസ്തുത വ്യക്തി കർഷക തൊഴിലാളിയാണെന്നും ഇപ്പോഴും ഈ തൊഴിൽ ചെയ്യുന്നുവെന്നും രേഖപ്പെടുത്തി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഈ സാക്ഷ്യപത്രത്തിൽ ഒപ്പ് വയ്ക്കുന്ന സംഘടനാ ഭാരവാഹിയുടെ പേരും ഭാരവാഹിത്വവും വ്യക്തമായി രേഖപ്പെടുത്തുന്നതോടൊപ്പം ഓഫീസ് മുദ്രയും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പല സംഘടനകളും ക്ഷേമനിധി നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള സാക്ഷ്യപത്രമല്ല നൽകുന്നത്. മാത്രമല്ല ഇതിൽ ഏത് ഭൂഉടമയുടെ ഭൂമിയാണ് വേതനത്തിന് വേണ്ടി കൃഷി പണിയോ അതുമായി ബന്ധപ്പെട്ട ജോലിയോ ചെയ്തതെന്നും വ്യക്തമാക്കുന്നില്ല.<br><br>കർഷക തൊഴിലാളി സംഘടനകൾ നൽകുന്ന സാക്ഷ്യപത്രങ്ങൾക്ക് ഏകീകൃത രൂപമില്ലാത്തതിനാലും തൊഴിലാളി ജോലി ചെയ്ത ഭൂഉടമയെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്താത്തതിനാലും അംഗീകൃത സ്ഥാപനങ്ങളുടെ സാക്ഷ്യപത്രമാണോ തൊഴിലാളികൾ ഹാജരാക്കുന്നതെന്ന് വ്യക്തമല്ല. | ഫണ്ട് ഓഫീസർമാർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ടെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരിക്കുന്നു.<br><br>ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന പാസ് ബുക്കിന്റെ വ്യക്തമായ കണക്കുകൾ ഡിവിഷനുകളിൽ സൂചിപ്പിച്ചിട്ടില്ല എന്ന പരാമർശത്തിന്റെ അടിസ്ഥാന ത്തിൽ എല്ലാ ഡിവിഷനുകളിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇന്റേണൽ ഓഡിറ്റ് കാര്യക്ഷമമാക്കി ആവശ്യമായ രേഖകളും കണക്കുകളും സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. |

PRASANNAKUMARY. M.C
Joint Secretary
Labour & Skills Dept.
Govt. Secretariat, Tvpm.
Ph: 0471 - 2518244

| | | |
|---|---|---|
| | തിരിച്ചറിയാനുള്ള വ്യക്തമായ പരിശോധന ബോർഡിന്റെ ഭാഗത്തു നിന്നും നടത്തിയശേഷം പുതിയ അംഗത്വം അനുവദിക്കുന്ന രീതി നടപ്പിലാക്കേണ്ടതാണ്. ജോലിയുടെ സ്വഭാവം, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, തൊഴിലുടമയുടെ പേര് എന്നിവ അപേക്ഷാഫോറത്തിൽ കൃത്യമായി രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. ആവശ്യമായ പരിശോധനകൾ നടത്താതെ തൊഴിലാളി സംഘടനകളുടെ ഒരു സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അംഗത്വം നൽകുന്ന രീതി നിർബാധം തുടരുന്നതായാണ് കാണുന്നത്. | |

RAMLA BEEVI. A.
Joint Secretary
Labour & Reh. Dept.
Govt: Secretariat, Tvpm.
Ph: 0471 2518244

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2012-2013 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള ന്യൂനതാ പരിഹരണ നടപടി പത്രിക**

| ക്രമ നം. | സ്ഥാപനം | സമാഹൃത റിപ്പോർട്ട് വർഷം, ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | 2012-2013 / 6.7.1.5 | അവലോകന റിപ്പോർട്ട് | കേരള ക്ഷീരകർഷക ക്ഷേമനിധി ഓഫീസിൽ ലഭിക്കുന്ന എല്ലാ അംഗത്വ അപേക്ഷകളും ക്ഷേമനിധി ഓഫീസിലെ പ്രത്യേകം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ വിശദപരിശോധന നടത്തിയശേഷം ന്യൂനതകളില്ലാത്ത അപേക്ഷകൾ ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കുകയും ന്യൂനതയുള്ളവ തിരികെ ജില്ലാ നോഡൽ ഓഫീസർമാർക്ക് ന്യൂനതാപരിഹരണത്തിനായി അയച്ചുകൊടുക്കുകയും ചെയ്യുന്നു. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ മതിയായ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ അംഗത്വരജിസ്റ്ററുകളും തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയതിന്റെ രേഖകളും പരിശോധിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ക്ഷേമനിധി ബോർഡിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മേൽ അപാകതകൾ പരിഹരിക്കുന്നതാണ്. |

O.M. MOHANAN
*Joint Secretary to Government*
*Agriculture (A.H& Dairy) Department*
*Govt. Secretariat, Thiruvananthapuram*
*Phone : 0471 2518289*

## കേരള നിയമസഭ - ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മറ്റി (2013-14) വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 8.4.4 ലെ - കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച പരാമർശത്തിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക.

### തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തെ കൂടാതെ 3 റീജിയണൽ ഓഫീസുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 30 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിക്കുന്നത് പദ്ധതി പ്രകാരം തൊഴിൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരാണ്. റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബോർഡിന്റെ സാമ്പത്തിക പരാധീനത മൂലം ഇതിൽ കണ്ണൂർ റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിൽ മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തിയിട്ടുള്ളത്. കണ്ണൂർ റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനാണ് മറ്റ് രണ്ട് റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ചുമതല കൂടി നൽകിയിട്ടുള്ളത്. കൂടാതെ, ചീഫ് ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്, എന്നീ തസ്തികകളുടെ ചുമതലയും പ്രസ്തുത ഉദ്യോഗസ്ഥനാണ്. സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥനെയാണ് മേൽ ചുമതലകൾ നിർവ്വഹിക്കുവാൻ നിയമിച്ചിരുന്നത്. റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്. എന്നീ തസ്തികകളിൽ അനുവദിക്കപ്പെട്ട ശമ്പള സ്കെയിലിലും താഴ്ന്ന സ്കെയിലുള്ള ഉദ്യോഗസ്ഥനെയാണ് മേൽ ചുമതകൾ നിർവ്വഹിക്കുവാൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നത്. ഈ നിയമനം വഴി ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ളപോലെ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡിന് ഉണ്ടായിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

## കേരള നിയമസഭ - ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മറ്റി (2013-14) വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 8.4.5 ലെ -ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച പരാമർശത്തിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക.

### തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റായി നിയമനം ലഭിച്ച് ആ ജോലിയിൽ തുടർന്നു വന്ന ശ്രീമതി. കെ.ആർ. രതിയെ 2010-11 വർഷത്തിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അങ്കമാലി ഓഫീസിൽ എൽ. ഡി ക്ലാർക്കായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. താഴ്ന്ന സ്കെയിലിലുള്ള തസ്തികയിൽ ഉയർന്ന ശമ്പള സ്കെയിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുവാൻ പാടില്ല എന്ന ഉത്തരവ് ജി.ഒ(പി) നം. 580/2013/ഫിൻ പുറപ്പെടുവിച്ചത് 28.11.2013 ലാണ്. ശ്രീമതി കെ.ആർ.രതി 31.07.2012 തീയതി വരെ മാത്രമേ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലി ചെയ്തിട്ടുള്ളൂ. ആയതിനാൽ ടി ഉത്തരവിന് മുൻകാലപ്രാബല്യം ഇല്ലാത്തതുകൊണ്ട് ടി നിയമനം ക്രമവിരുദ്ധമല്ലായെന്ന് അറിയിക്കുന്നു.

S. CIRI PREM ANAND
Additional Secretary
Labour & Rehabilitation Dept.
Govt. Secretariat, Tvpm.

## കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2014-15 സാമ്പത്തിക വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രികകളിൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

| ഖണ്ഡിക | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|

**7.2 (1)**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് 10,49,548/- രൂപ മാച്ചിംഗ് ഗ്രാന്റ് അധികമായി ലഭിച്ചത്

**ഓഡിറ്റ് കണ്ടെത്തലുകൾ**

അംശാദായ വരവിന് ആനുപാതികമായി ക്ഷേമനിധി ബോർഡുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റുകളുടെ വരവ് ഓരോ ക്ഷേമനിധിയിലും വ്യത്യസ്ഥമാണ്. മാച്ചിംഗ് ഗ്രാന്റ് ചില ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികയായിരിക്കുമ്പോൾ, മറ്റു ചിലതിൽ അർഹമായതിനേക്കാൾ കൂടുതൽ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡുകളിലെ മാച്ചിംഗ് ഗ്രാന്റിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ച അംശാദായം | അർഹമായ മാച്ചിംഗ് ഗ്രാന്റ് | ലഭിച്ച മാച്ചിംഗ് ഗ്രാന്റ് | മാച്ചിംഗ് ഗ്രാന്റ് അധികം /കുറവ് |
|---|---|---|---|---|
| 2010-11 | 13,35,156 | 26,70,312 | 25,00,000 | (-) 1,70,312 |
| 2011-12 | 7,90,070 | 15,80,140 | 28,00,000 | (+) 12,19,860 |
| | അധികമായി ലഭിച്ച മാച്ചിംഗ് ഗ്രാന്റ് | | | 10,49,548 |

**സ്വീകരിച്ച നടപടി:**

7 (1) **മാച്ചിംഗ് ഗ്രാന്റ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതി 1989 ൽ നിലവിൽ വന്ന അവസരത്തിൽ ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ തൊഴിലാളി അംശദായം, തൊഴിലുടമ അംശദായം, സർക്കാർ അംശദായം, വ്യാപാരി അംശദായം എന്നിവയായിരുന്നു. വ്യാപാരി അംശദായം പിരിക്കുന്നത്, 22-02-2002 ൽ വ്യാപാരികൾ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ ബഹു കേരള ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് ബോർഡിന്റെ വരുമാനത്തിന്റെ 85% ത്തോളം വരുന്ന വ്യാപാരി അംശദായം വഴിയുള്ള വരുമാനം നിലക്കുകയും, ബോർഡ് സാമ്പത്തികമായി പ്രതിസന്ധിയിലാകുകയും ചെയ്തു. തുടർന്നിങ്ങോട്ട് ക്ഷേമനിധിയിൽ നിന്നും നൽകുന്ന പെൻഷൻ പൂർണ്ണമായും സർക്കാർ സഹായത്താലാണ് നൽകുന്നത്

ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ 2002 ലെ കോടതിവിധി മറികടക്കുന്നതിനായി, 2006 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസും, 2007 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമവും, 2008 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് പദ്ധതിയും നിലവിൽ വന്നു. ഈ നിയമ പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംസ്ഥാനത്തെ വസ്ത്ര-നൂൽ ഉല്പാദകർ, സംഭരണം നടത്തുന്നവരും വിൽക്കുന്നതും, കയറ്റുമതി ചെയ്യുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ അവരുടെ വാർഷിക വിറ്റുവരവിന്റെ 0.25% സെസ്സ് നൽകാൻ ബാദ്ധ്യസ്ഥരാണ്.

131

## ഓഡിറ്റ് ശുപാർശകൾ

1. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിൽ മാച്ചിംഗ് ഗ്രാന്റുകൾ നിർണായകമായതിനാൽ സർക്കാരിൽ നിന്നും അവ സമയബന്ധിതമായി നേടിയെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

2 മാച്ചിംഗ് ഗ്രാന്റും മറ്റു ഗ്രാന്റുകളും ഒരുമിച്ച് അനുവദിക്കുന്നതിനാൽ,
1.1 ഓരോന്നും ഇനം തിരിച്ച് അറിയാൻ കഴിയുന്നില്ല. ആയതിനാൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

## സെസ് പിരിവ് ആരംഭിച്ചിട്ടില്ല

കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസായിരുന്നു വ്യപാരികളിൽ നിന്നും പിരിച്ചെടുക്കുന്ന അംശാദായം എന്നാൽ 22.02.2002 ലെ ബഹു.ഹൈക്കോടതി ഉത്തരവിലൂടെ വ്യാപാരി അംശാദായം പിരിക്കുന്നത് തടയുകയുണ്ടായി ഇതിനെ തുടർന്ന്, ബദൽ വരുമാനമാർഗം എന്ന നിലയിൽ സർക്കാർ 2007-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമം, 2008-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടം, എന്നിവയ്ക്ക് രൂപം നൽകി. ഇതു പ്രകാരം, അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള ടെക്സ്റ്റൈൽ വ്യാപാരികൾ വിറ്റുവരവിന്റെ 0.25 ശതമാനം സെസ്സായി സർക്കാരിലേക്ക് നൽകേണ്ടതും, പ്രസ്തുത തുക ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ടതുമാണ്. എന്നാൽ സെസ് പിരിവ് ഇതുവരെ ആരംഭിക്കാത്തതിനാൽ ബോർഡിന്റെ സാമ്പത്തിക നില മോശമായി തുടരുന്നു.

സെസ്സിൽനിന്നുള്ള വരുമാനം ബോർഡിന് ഇതുവരെ ലഭിച്ചുതുടങ്ങിയിട്ടില്ല കേരളത്തിലെ പരമ്പരാഗത മേഖലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു തൊഴിൽ മേഖല എന്ന നിലയിൽ എല്ലാ കാലത്തും സർക്കാർ ഇവരുടെ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകി ധനസഹായം അനുവദിക്കാറുണ്ട്. അതുകൊണ്ടുതന്നെ ബോർഡിന് അർഹതപ്പെട്ടതിനെക്കാൾ കൂടുതൽ തുക മാച്ചിംഗ് ഗ്രാൻറായി പല ഘട്ടത്തിലും സർക്കാർ അനുവദിക്കാറുണ്ട്. എന്നാൽ എല്ലായ്പ്പോഴും പെൻഷന് ഫണ്ട് അനുവദിക്കുമ്പോൾ ഈ മാച്ചിംഗ് ഗ്രാൻറ് തുക തട്ടിക്കിഴിച്ച്, ബാക്കി തുകയാണ് സർക്കാർ പെൻഷൻ ഫണ്ടായി അനുവദിക്കാറുള്ളത്. അതുകൊണ്ടുതന്നെ മാച്ചിംഗ് ഗ്രാൻറ് ഇനത്തിൽ ലഭിക്കുന്ന തുക ബോർഡിന്റെ മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാറില്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു

### (2) സെസ്സ്

അംശദായ ഇനത്തിൽ (പ്രതിമാസം മൂന്ന് രൂപ) ലഭിക്കുന്ന തുകയാണ് കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ഇത് 20 രൂപയാക്കി വർദ്ധിപ്പിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ 2002 ലെ കോടതിവിധി മറികടക്കുന്നതിനായി, 2006 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസും, 2007 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമവും, 2008 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് പദ്ധതിയും നിലവിൽ വന്നുവെന്നും ഈ നിയമ പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംസ്ഥാനത്തെ വസ്ത്ര-നൂൽ ഉല്പാദകർ, സംഭരണം നടത്തുന്നവരും വിൽക്കുന്നതും, കയറ്റുമതി ചെയ്യുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ അവരുടെ വാർഷിക വിറ്റുവരവിൻറെ 0.25% സെസ്സ് നൽകാൻ ബാദ്ധ്യസ്ഥരാണെന്നും എന്നാൽ ബോർഡിന് ഇതുവരെ ഈ ഇനത്തിൽ വരുമാനമൊന്നും ലഭ്യമായിട്ടില്ലെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്നു

മാച്ചിംഗ് ഗ്രാന്റിനുപരിയായി ഓരോ വർഷവും സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം കൂടി ഉപയോഗിച്ചാണ് ക്ഷേമനിധി അംഗങ്ങൾക്ക് ബോർഡ് വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നത്. ഓഡിറ്റ് കാലയളവിൽ, മാച്ചിംഗ് ഗ്രാന്റിനു പുറമേ സർക്കാരിൽ നിന്നും ലഭിച്ച ധനസഹായ വിവരം താഴെ ചേർക്കുന്നു.

| വർഷം | സർക്കാർ സഹായം |
|---|---|
| 2010-11 | 3,76,63,000 |
| 2011-12 | 2,31,84,000 |

കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സാധ്യമാകുന്നത് വലിയൊരളവുവരെ സർക്കാർ ധനസഹായങ്ങൾ കൊണ്ടാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

2012-ൽ സെസ്സ് പിരിച്ചെടുക്കാനുള്ള പ്രാരംഭനടപടികൾ സർക്കാർ ആരംഭിച്ചെങ്കിലും, സെസ്സ് പിരിവിനെതിരെ വ്യാപാരികൾ ബഹു.ഹൈക്കോടതിയെ സമീപിച്ചതിനാൽ സെസ്സ് പിരിച്ചെടുക്കാനുള്ള നടപടിക്രമങ്ങൾ നിലച്ചിരിക്കുകയാണെന്നും ഇത്തരം 35 ലധികം കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

03/02/2017-ൽ കൂടിയ 151-ാ മത് ബോർഡ് യോഗ തീരുമാന പ്രകാരം കൈത്തറി മേഖലയിൽ നിന്നെങ്കിലും സെസ്സ് പിരിവ് ആരംഭിക്കണമെന്നും അതിനായി ബന്ധപ്പെട്ട കക്ഷികളുടെ ഒരു യോഗം വിളിച്ചു ചേർക്കണമെന്ന് തീരുമാനിച്ചിരുന്നു. ആയത് പ്രകാരം വിളിച്ചുകൂട്ടിയ യോഗതീരുമാന പ്രകാരം അസ്സസിംഗ് ഓഫീസർമാരായി ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ മാരെ ചുമതലപ്പെടുത്തിയിട്ടുത്തിയിട്ടുണ്ടെന്നും, സെസ്സ് പിരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.



ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518240

## ലോക്കൽ ഫണ്ട്സ് അക്കൗണ്ട് കമ്മിറ്റി 2014 -15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിലുള്ള ന്യൂനത പരിഹാര പത്രിക

| ഖണ്ഡിക | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| 2 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് (ഓഡിറ്റ് വർഷം 2010 -11)<br><br>എ) ബോർഡിന് 2010-11 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും അർഹതപ്പെട്ടതിനേക്കാൾ തുക (2,68,46,498/-) അധികമായി അംശദായ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. | തൊഴിലാളി, തൊഴിലുടമ, സംസ്ഥാന സർക്കാർ എന്നിവരിൽ നിന്നും ഈടാക്കുന്ന അംശദായമാണ് കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം. അംഗീകൃത തൊഴിലാളി പ്രവർത്തി ചെയ്ത ദിനത്തെ അടിസ്ഥാനപ്പെടുത്തി ഒരു രൂപാ ക്രമത്തിൽ 1:1:1 അനുപാതത്തിലാണ് അംശദായം ഈടാക്കുന്നത്. നിലവിൽ ഈ നിരക്കിൽ അംശദായം പിരിച്ചെടുത്താലും ബോർഡിൽ നിന്നും ക്ഷേമനിധി ആനുകൂല്യം കൈപ്പറ്റുന്നവരുടെ എണ്ണവും, ആനുകൂല്യ തുകയിലുണ്ടാകുന്ന വർദ്ധനവും, പ്രവർത്തന ദിനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന കുറവും, തൊഴിലാളികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവും കൂടി പരിഗണിക്കുമ്പോൾ അർഹതപ്പെട്ടതിലേക്കാൾ അധിക തുക ആനുകൂല്യ വിതരണത്തിനും മറ്റാവശ്യങ്ങൾക്കുമായി അംശദായ ഗ്രാന്റായി ബോർഡിന് നൽകേണ്ടി വരുന്നുണ്ട്. ഈസാഹചര്യം ഒഴിവാക്കുന്നതിനായി അംശദായം 2 രൂപയായി വർദ്ധിപ്പി ക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

134

| | | |
|---|---|---|
| | ബി) ക്ഷേമനിധി ബോർഡിന്റെ ഭരണച്ചെലവ് അനുവദനീയമായതിലും കൂടുതൽ: | ബോർഡിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിലും ആനുകൂല്യങ്ങളിലും ഓരോ വർഷവും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. കൂടാതെ ഓരോ വർഷവും പെൻഷൻ പറ്റി പിരിയുന്ന തൊഴിലാളികളുടെ എണ്ണത്തിന് അനുസരിച്ച് പുതിയ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നു വരുന്നതുമില്ല. ആയതിനാൽ അംശദായ വരവിൽ ഓരോ വർഷവും കുറവ് ഉണ്ടാകുന്നുണ്ട്. ജീവനക്കാരുടെ ആനുകൂല്യം വർദ്ധിക്കുകയും, അംശദായ വരവിൽ കുറവ് ഉണ്ടാകുന്നതും മൂലമാണ് ഭരണച്ചെലവ് അനുവദനീയമായ പരിധിയിലും കൂടുന്നത്. |
| | സി) ഇൻസ്പെക്ടർമാർ ഫാക്ടറികൾ സന്ദർശിച്ച് അംശദായം നിർണ്ണയിക്കുന്നത് തൊഴിലാളികളുടെ പേരിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല. | നിലവിൽ ക്ഷേമനിധി പെൻഷൻ വാങ്ങുന്ന തൊഴിലാളികളും, അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ ക്ഷേമനിധി കാർഡുള്ള തൊഴിലാളികളും, അന്യ സംസ്ഥാന തൊഴിലാളികളും തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലിചെയ്തു വരുന്നുണ്ട്. അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ ക്ഷേമനിധി കാർഡുള്ള തൊഴിലാളികൾ അവരുടെ പഴയ സർവ്വീസ് കാലയളവ് നഷ്ടപ്പെടുമെന്നതിനാൽ പുതിയ ഫാക്ടറി ആധാരമാക്കി ക്ഷേമനിധി കാർഡ് എടുക്കുന്നതിൽ വിമുഖത കാട്ടുന്നതിനാലും അന്യസംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ഫാക്ടറിയിൽ തന്നെ ജോലി ചെയ്യുന്ന സാഹചര്യമില്ലാത്തതിനാലും, മനുഷ്യപ്രയത്ന ദിനങ്ങൾക്കനുസരിച്ച് ഇൻസ്പെക്ടർ കണക്കാക്കുന്ന തുക പ്രസ്തുത തൊഴിലാളികളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ കഴിയുന്നില്ല. |

മഞ്ജു. എസ്
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2014-15 സാമ്പത്തിക വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഓഡിറ്റ്

## ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രികകളിൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| ഖണ്ഡിക | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| | **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്** (ഓഡിറ്റ് വർഷം - 2010-11, 2011-12) | |
| 3 | 1974-ൽ നിലവിൽ വന്ന കേരള കർഷക തൊഴിലാളി നിയമത്തിലെ 9(3) വകുപ്പിന് 28.01.2011-ലെ 21766/ലെ.ജി.സി.2/09 നമ്പർ വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തി സർക്കാർ ഗ്രാന്റ് സംബന്ധിച്ച വ്യവസ്ഥ കൂടി ഉൾപ്പെടുത്തി. ഇതനുസരിച്ച്, ഓരോ സാമ്പത്തിക വർഷവും, രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഒടുക്കുന്ന അംശാദായത്തിന് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി ലഭിക്കുവാൻ കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിന് അർഹതയുണ്ട്. ക്ഷേമനിധി ബോർഡിന് 2010-11, 2011-12 വർഷങ്ങളിൽ ലഭിച്ച മാച്ചിംഗ് ഗ്രാന്റിന്റെ വിശദാംശങ്ങൾ ഇനിപ്പറയുന്നു. | തൊഴിലാളികളിൽ നിന്നുള്ള അംശാദായത്തിനു തുല്യമായ തുക സർക്കാർ മാച്ചിംഗ് ഗ്രാന്റായി അനുവദിച്ചുകൊണ്ട് 1974-ലെ കർഷക തൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തിയിരുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2010-11 വർഷം നൽകേണ്ടിയിരുന്ന 7,61,70,906/- രൂപയ്ക്ക് പകരം 55 ലക്ഷം രൂപയും 2011-12 വർഷം നൽകേണ്ടിയിരുന്ന 6,50,45,208/ രൂപയ്ക്ക് പകരം 61 ലക്ഷം രൂപയും മാത്രമാണ് സർക്കാരിൽ നിന്നും നൽകിയിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ 2010-11, 2011-12 എന്നീ വർഷങ്ങളിലായി യഥാക്രമം 7,06,70,906/- രൂപയും 5,89,45,208/- രൂപയും ബോർഡിന് നൽകേണ്ടതുണ്ട്. എന്നാൽ, സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയായുള്ള തുക ഇപ്പോൾ അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. |

| വർഷം | അംശദായം വരവ് | അർഹതപ്പെട്ട ഗ്രാന്റ് | ലഭിച്ച ഗ്രാന്റ് | കുടിശ്ശിക |
|---|---|---|---|---|
| 2010-11 | 7,61,70,906 | 7,61,70,906 | 55,00,000 | 7,06,70,906 |
| 2011-12 | 6,50,45,208 | 6,50,45,208 | 61,00,000 | 5,89,45,208 |
| ആകെ | 14,12,16,114 | 14,12,16,114 | 1,16,00,000 | 12,96,16,114 |

2010-11, 2011-12 വർഷങ്ങളിലായി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാരിൽ നിന്നും മാച്ചിംഗ് ഗ്രാന്റായി ലഭിക്കേണ്ടിയിരുന്ന ആകെ തുകയുടെ (14,12,16,114/-) കേവലം 8.21 ശതമാനം തുക മാത്രമാണ് (1,16,00,000/-) ലഭിച്ചിട്ടുള്ളത്.

| | | |
|---|---|---|
| | **ഗ്രാന്റ് കുടിശിക കണക്കാക്കിയതിൽ അപാകത** | |
| 3.1 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയുണ്ട്. 01.01.2011 മുതൽ 31.03.2011 വരെയുള്ള അംശദായ വരവ് മാത്രം പരിഗണിച്ചുകൊണ്ട് 88,65,112/- രൂപ ആണ് ബോർഡ് കുടിശ്ശിക കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഗ്രാന്റ് സംബന്ധിച്ച ഭേദഗതി നിയമങ്ങൾക്ക് 05.01.2010 മുതൽ പ്രാബല്യം ഉള്ളതിനാൽ 2010-11 ലെ മുഴുവൻ അംശാദായ വരവിനും തുല്യമായ തുകയ്ക്കുള്ള ഗ്രാന്റിന് ബോർഡിന് അർഹതയുണ്ട്. ഇങ്ങനെ നോക്കുമ്പോൾ 2010-2011 ലെ ഗ്രാന്റ് കുടിശ്ശിക 7,06,70,906/- രൂപ ആണ്. ഇക്കാര്യം കൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മുഴുവൻ കുടിശ്ശിക ഗ്രാന്റും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. | 2010-11 വർഷത്തെ ഗ്രാന്റ് കുടിശ്ശിക കണക്കാക്കിയതിൽ അപാകതയില്ല. 2010-11 വർഷം തൊഴിലാളികളിൽ നിന്നുള്ള അംശദായം 7,61,70,906/- രൂപയാണ്. പ്രസ്തുത സാമ്പത്തിക വർഷം, സർക്കാരിൽ നിന്നും നൽകിയ 55,00,000/- രൂപ കഴിച്ചുള്ള 7,06,70,906/- രൂപ ബോർഡ് കുടിശ്ശിക കണക്കാക്കി, സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മാച്ചിംഗ് ഗ്രാന്റ് ഇനത്തിലെ കുടിശ്ശിക ഇപ്പോൾ അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണ്. |

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 251824

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2014-15 ലെ സഞ്ചിത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 7.2.5 മേലുള്ള നടപടി റിപ്പോർട്ട്**

| ഖണ്ഡിക (7.2.5) | സ്വീകരിച്ച നടപടി |
|---|---|
| **കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് (ഓഡിറ്റ് വർഷം 2010-11 മുതൽ 2012-13 വരെ)**<br><br>1989 ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 4(3), 1990 ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 4(4) എന്നിവ പ്രകാരം ക്ഷേമനിധിയിൽ തൊഴിലാളി അംശദായം നൽകിയതിന് തുല്യമായ തുക സർക്കാർ ഓരോ വർഷവും ബോർഡിന് ഗ്രാന്റായി നൽകേണ്ടതുണ്ട്. എന്നാൽ ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റിന്റെ കണക്കുകൾ പരിശോധിച്ചതിൽ 2012-13 സാമ്പത്തിക വർഷം വരെ 4,03,34,797/- രൂപ ഗ്രാന്റ് കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ഇനി പറയുന്നു. | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 2851-00-105-95 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക നിലയ്ക്കനുസരിച്ച് അധിക തുക അനുവദിക്കുന്നതാണ്. |

| സാമ്പത്തിക വർഷം | തൊഴിലാളി അംശദായം | അർഹമായ ഗ്രാന്റ് | ലഭിച്ച ഗ്രാന്റ് |
|---|---|---|---|
| 2004-05 വരെ | 2,50,16,446 | 2,50,16,446 | - |
| 2005-06 | 44,45,287 | 44,45,287 | - |
| 2006-07 | 37,50,320 | 37,50,320 | - |
| 2007-08 | 46,93,549 | 46,93,549 | 1,00,00,000 |
| 2008-09 | 52,61,791 | 52,61,791 | 1,00,00,000 |
| 2009-10 | 76,78,609 | 76,78,609 | 1,00,00,000 |
| 2010-11 | 74,46,307 | 74,46,307 | - |
| 2011-12 | 83,95,778 | 83,95,778 | 20,00,000 |
| 2012-13 | 76,46,710 | 76,46,710 | 20,00,000 |
| **ആകെ** | **7,43,34,797** | **7,43,34,797** | **3,40,00,000** |

ഗ്രാന്റ് കുടിശ്ശികയിനത്തിൽ ക്ഷേമനിധിയിനത്തിൽ ബോർഡിന് ലഭിക്കുവാനുള്ള 4,03,34,797/- രൂപ സർക്കാരിൽ നിന്നും നേടിയെടുക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

[illegible]
[illegible] സെക്രട്ടറി
വ്യവസായ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)**
**സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2014-15-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക** 7.2.6

**കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി ബോർഡ്**

| ഓഡിറ്റ് ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|
| 1. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിൽ മാച്ചിംഗ് ഗ്രാന്റുകൾ നിർണ്ണായകമായതിനാൽ, സർക്കാരിൽ നിന്നും അവ സമയബന്ധിതമായി നേടിയെടുക്കാനുള്ള നടപടികൾ കൈകൊള്ളണം.<br>2. മാച്ചിംഗ് ഗ്രാന്റും മറ്റു ഗ്രാന്റുകളും ഒരുമിച്ച് അനുവദിക്കുന്നതിനാൽ, ഓരോന്നും ഇനം തിരിച്ച് അറിയാൻ കഴിയുന്നില്ല. ആയതിനാൽ മാച്ചിംഗ് ഗ്രാന്റ് പ്രത്യേകമായ ഉത്തരവായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. | കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ്/മറ്റു ഗ്രാന്റുകൾ എന്നിവ നൽകുന്നില്ല. എന്നാൽ സംസ്ഥാന ഭാഗ്യക്കുറിയുടെ ഓരോ വർഷത്തെയും ആകെ വിറ്റുവരവിന്റെ 1% സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അംശാദായമായി നീക്കിവയ്ക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന് ആവശ്യമായ തുക യഥാസമയം സർക്കാരിനോടാവശ്യപ്പെടാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട്, ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ച് വരുന്നു. |

K. Raja Gopal
Additional Secretary
Taxes Dept

**കേരള നിയമസഭ — ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ഖണ്ഡിക 7.2.4 സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക**

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 7.2.~~4~~ 7 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങൾക്കുമായി 2012-13 ൽ 618.47 ലക്ഷം രൂപയും 2013-14 ൽ 458.64 ലക്ഷം രൂപയും സർക്കാരിൽ നിന്നും ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. എന്നാൽ മാച്ചിംഗ് ഗ്രാന്റ് ഒഴിവാക്കിയാണ് മറ്റു ഗ്രാന്റുകൾ ലഭ്യമാക്കുന്നത്. ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കിടിശ്ശികയുള്ള മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2000-2001 മുതൽ 2016-17 വരെയുള്ള കാലയളവിൽ പെൻഷൻ വിതരണത്തിനും മറ്റ് ആനുകൂല്യ വിതരണത്തിനുമായി 31,54,75,295/- രൂപ ബോർഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ 2230-01-103-71-10 സംഭാവന (NP) ശീർഷകത്തിൽ നിന്നും 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിന് 01.07.2019-ലെ സ.ഉ. (സാ.ധാ) നം. 768/2019 തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. |

A. JAMES RAJ
Addl. Secretary to Govt.
Labour & Skills Department
Govt. Secretariat Tvm
Ph: 2518377,2327013

കേരള നിയമസഭ — ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി (2014-15) – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ചുള്ള പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക.

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

| ഖണ്ഡിക നമ്പർ | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 7.2.4 | **കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (ഓഡിറ്റ് വർഷം 2011-12)**<br>1995-ലെ കേരള ബീഡി -സിഗാർ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 5-ാം വകുപ്പ്, 4(1)-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളികൾ നൽകിയ അംശാദായത്തിന് തുല്യമായ തുക ഗ്രാന്റായോ, അനുയോജ്യ അടിസ്ഥാനത്തിലോ ഓരോ വർഷവും നിധിയിലേയ്ക്ക് സർക്കാർ നൽകേണ്ടതാണ്. ഇതു പ്രകാരം സർക്കാരിൽ നിന്നുള്ള ഗ്രാന്റായി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ടിയിരുന്ന തുകയും ലഭിച്ച തുകയും ഇനിപ്പറയുന്നു.<br>വർഷം / അംശാദായ വരവ് / അർഹതപ്പെട്ട ഗ്രാന്റ് / ലഭിച്ച ഗ്രാന്റ്<br>2009-10 / 5,61,373 / 5,61,373 / 13,75,000<br>2010-11 / 4,08,431 / 4,08,431 / 15,00,000<br>2011-12 / 3,38,328 / 3,38,328 / 17,00,000<br>ബീഡി പെൻഷൻകാർക്കും മുൻകാല ബീഡി തൊഴിലാളി പെൻഷൻകാർക്കും, സിഗാർ തൊഴിലാളിപെൻഷൻകാർക്കും കാലാകാലങ്ങളിലായി വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 5-ാം വകുപ്പ് 4(1) ഉപവകുപ്പ് പ്രകാരം തൊഴിലാളികൾ നൽകിയ അംശാദായത്തിന് തുല്യമായ തുക ഗ്രാന്റായോ അനുയോജ്യ അടിസ്ഥാനത്തിലോ ഓരോ വർഷവും നിധിയിലേക്ക് സർക്കാർ നൽകാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബോർഡിന് സ്വന്തമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള വരുമാന സ്രോതസ്സ് ഇല്ലാത്തതിനാൽ ബീഡി പെൻഷൻകാർക്കും ചുരുട്ട് പെൻഷൻകാർക്കും കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോഴാണ് പെൻഷൻ വിതരണം നടത്തി വരുന്നത്. ബഡ്ജറ്റിൽ തുക വകയിരുത്തി പെൻഷൻ ഗ്രാന്റായാണ് 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലും തുടർ വർഷങ്ങളിലും ഫണ്ട് അനുവദിച്ചു വരുന്നത്. മാച്ചിംഗ് ഗ്രാന്റ് പ്രത്യേക ഉത്തരവിലൂടെ ബോർഡിന് അനുവദിച്ചിരുന്നില്ല. |

<table>
<tr><td></td><td>അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. പെൻഷൻ ഗ്രാന്റിനൊപ്പം മാച്ചിംഗ് ഗ്രാന്റ് കൂടി ഉൾപ്പെടുത്തിയാണ് സർക്കാർ ഇപ്പോൾ തുക അനുവദിക്കുന്നത്. പെൻഷനു വേണ്ടിയുള്ള പ്രത്യേക ഗ്രാന്റും ഒരേ ഉത്തരവിലൂടെ അനുവദിക്കുന്നതിനാൽ ഇവയുടെ വേർതിരിച്ചുള്ള കണക്ക് ക്ഷേമനിധി ബോർഡിൽ ലഭ്യമല്ല.</td><td></td></tr>
<tr><td>7.2.8</td><td>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2014-15<br>അംശാദായ വരവിന് ആനുപാതികമായി ക്ഷേമനിധി ബോർഡുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റുകളുടെ വരവ് ഓരോ ക്ഷേമനിധിയിലും വ്യത്യസ്ഥമാണ്. മാച്ചിഗ് ഗ്രാന്റ് ചില ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികയായിരിക്കുമ്പോൾ, മറ്റു ചിലതിൽ അർഹമായതിനേക്കാൾ കൂടുതൽ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡുകളിലെ മാച്ചിംഗ് ഗ്രാന്റിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.
<table>
<tr><th>ക്ഷേമനിധി ബോർഡിന്റെ പേര്</th><th>ഓഡിറ്റ് വർഷം</th><th>മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക</th><th>മാച്ചിംഗ് ഗ്രാന്റ് അധികമായി ലഭിച്ചത്</th></tr>
<tr><td>കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>2011-12</td><td>ലഭിച്ച തുകയായ 49, 29, 688/- രൂപ മാച്ചിംഗ് ഗ്രാന്റിലേതാണോ എന്നുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.</td><td></td></tr>
<tr><td>കേരള ഈറ്റ -തഴ- കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി</td><td>2012-13<br>2013-14</td><td>1, 98, 84, 309</td><td></td></tr>
</table></td><td><u>കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</u><br>കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റിനത്തിൽ പ്രത്യേകമായി തുക നൽകിയിട്ടില്ല. എന്നാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><u>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</u><br>ബോർഡിന് മാച്ചിംഗ് ഗ്രാന്റിനത്തിൽ 2018-19 സാമ്പത്തിക വർഷം വരെ 1,12,66,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ 2230-01-103-71-10 സംഭാവന (NP) ശീർഷകത്തിൽ നിന്നും 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിന് 01.07.2019-ലെ സ.ഉ. (സാ.ധാ) നം. 768/2019 തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. കുടിശ്ശിക വിഹിതമായ 2,46,88,978/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.</td></tr>
</table>

2.16

**സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09**

18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെയും നിയമനങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓഫീസ് നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെ അഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിനും ഐക്യരൂപമില്ല. വിവിധ ക്ഷേമനിധികളിലെ അംശാദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമനിധി ബോർഡ് | ഓഡിറ്റ് റിപ്പോർട്ട് വർഷം | അംശാദായ തുക ( കുടിശ്ശിക) |
|---|---|---|---|
| 1 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി | 2000-01 മുതൽ 2004-05 | 1.19 ലക്ഷം |

വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നതിനും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഓരോ ക്ഷേമനിധിക്കും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.

അംശാദായകുടിശ്ശിക പിരിക്കുന്നതിന് കുടിശികക്കാർക്ക് നോട്ടീസ് അയക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുവഴി ഭൂരിഭാഗം അംശാദായകുടിശ്ശികയും ഇതിനോടകംതന്നെ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

നിലവിൽ കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷൻ മാത്രമാണ് തൊഴിലുടമയായി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2000-2001 മുതൽ 2004-2005 വരെയുള്ള കാലയളവിൽ കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷൻ 1.19 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. 2000-2001 മുതൽ 2018 വരെയുള്ള കാലയളവിൽ കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷനിൽ നിന്ന് രൂപ കുടിശ്ശിക ഇനത്തിൽ 15,57,095/ രൂപയും പിഴ ഇനത്തിൽ 2,22,353/ രൂപയും ലഭിക്കാനുണ്ട്. കുടിശ്ശിക ഇനത്തിൽ ബാംബൂ കോർപറേഷനിൽ നിന്നും ലഭിക്കാനുള്ള തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. ടി മേഖലയിലെ മറ്റു തൊഴിലുടമകളേയും വ്യാപാരികളേയും കണ്ടെത്തി ബോർഡിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബോർഡിൽ അംശാദായമായി അടക്കുന്ന തുക അടുത്ത പ്രവൃത്തിദിവസം തന്നെ ക്ഷേമനിധിയുടെ ഫണ്ട് അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നമ്പർ 220-3647 ൽ നിക്ഷേപിക്കുന്നുണ്ട്.

2017-18 വർഷത്തെ വാർഷികകണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തെ

| | | |
|---|---|---|
| | | വാർഷികകണക്കുകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 8.4.1 | **സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2013-14**<br>സ്പെഷ്യൽ റൂൾ നിലവിൽ വരാത്ത ക്ഷേമനിധി ബോർഡുകളിൽ വിവിധ തസ്തികകളിൽ ഗവൺമെന്റ് വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തി വരുന്നത്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ആസ്ഥാന ഓഫീസുകളിലും ജില്ലാ/ റീജിയണൽ ഓഫീസുകളിലും വിവിധ തസ്തികകളിലായി നിരവധി ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. സമാന തസ്തികയിലും ശമ്പള സ്കെയിലിലും ഉള്ളവരെയാണ് ഡെപ്യൂട്ടേഷൻ നിയമനത്തിന് പരിഗണിക്കേണ്ടത്. എങ്കിലും ആ വ്യവസ്ഥ ലംഘിച്ച് ഉയർന്ന തസ്തികയിലും ശമ്പള സ്കെയിലിലുമുള്ള ജീവനക്കാരെ താഴ്ന്ന തസ്തികയിൽ ഉയർന്ന ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. ഈ ജീവനക്കാരുടെ ശമ്പള ഇനത്തിലും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലും വൻതുക ചെലവഴിക്കേണ്ടി വരുന്നത് ബോർഡുകൾക്ക് കടുത്ത സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. | **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത് സമാന തസ്തികയിലുള്ളവരെയാണ്.<br><br>**കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>ബോർഡിൽ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥനെയാണ് റീജണൽ എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിരുന്നത്. |

A.JAMES RAJ
Addl. Secretary to Govt.
Labour & Skills Department
Govt. Secretariat Tvm
Ph: 2518377,2327013

36/22.

## കേരള നിയമസഭ-ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19)

### കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2015-16 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 8.5 ൽ സ്വീകരിച്ച ന്യൂനത പരിഹാര റിപ്പോർട്ട്

| ഖണ്ഡിക | ശുപാർശ | സ്വീകരിച്ച നടപടി |
| --- | --- | --- |
| 8.5 | **സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ - 1.95 കോടി രൂപ പാഴായി**<br>സംസ്ഥാന ക്ഷേമനിധി ഓഡിറ്റ് വിഭാഗം, കൊല്ലം<br>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രത്യേക പരിശോധനാ റിപ്പോർട്ട് - ഖണ്ഡിക - 7<br>സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ തീരദേശ ജില്ലകളിലെ കയർ തൊഴിലാളികൾക്കായി 20 ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രീൽമാറ്റിംങ് യൂണിറ്റുകളും നിർമ്മിച്ചു നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിരുന്നു. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനായിരുന്നു ഇതിന്റെ ചുമതല.<br><br>24.01.2009 ൽ സർക്കാരിൽ നിന്നും അംഗീകരിച്ച ഈ പദ്ധതിക്കായി 322.98 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതിക്കായി കയർ സ്പിന്നിംഗ് മെഷീനറികൾ '2M എഞ്ചിനിയേഴ്സ്' എന്ന ഏജൻസിയും (ക്രീൽമാറ്റ് മെഷീനറികൾ 'മൊണാർക്ക്' എന്ന സ്ഥാപനവുമാണ് വിതരണം ചെയ്തത്. പദ്ധതി നടപ്പിലാക്കുന്നതിനായി ക്ഷേമനിധി ബോർഡിന് ആകെ 1,95,67,000/- രൂപ സർക്കാരിൽ നിന്നും വിവിധ ഘട്ടങ്ങളിലായി ലഭിച്ചിട്ടുണ്ട്.<br><br>രണ്ട് യൂണിറ്റുകൾ ഓഡിറ്റ് ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.<br>1. തീരദേശ ദൂര പരിധി ലംഘിച്ചതിനാൽ കയർ യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമായില്ല. കെട്ടിടംയന്ത്രോപകരണങ്ങൾ എന്നിവയ്ക്ക് ചെലവഴിച്ച 15 ലക്ഷം രൂപ പാഴായി :<br>ചേർത്തല തെക്ക്ഗ്രാമപഞ്ചായത്തിൽപ്പെട്ട കമീൽ വനിതാ കയർ ഉൽപ്പാദക | 2009, 2010 വർഷങ്ങളിൽ സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി ഫിഷറീസ് വകുപ്പും. കയർ വികസന വകുപ്പും കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡും വഴി കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത മേഖലകളിലെ വനിതാ കയർ തൊഴിലാളികൾക്കായി നടപ്പിലാക്കിയ " കയർ അധിഷ്ഠിത ജീവനോപാധി പദ്ധതി" പ്രകാരം 20 ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രീൽമാറ്റ് യൂണിറ്റുകളും സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതനുസരിച്ച് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടു കൂടി ആകെ പദ്ധതിചെലവിന്റെ 80% തുക സബ്സിഡിയും 5% തുക ഗുണഭോക്തൃ വിഹിതമായും 15% തുക വായ്പയുമായാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. ആയതു പ്രകാരം 2009-2010 വർഷങ്ങളിലായി 1,95,67,000/- രൂപ ഫിഷറീസ് വകുപ്പുവഴി കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ അനുവദിച്ചു നൽകിയിരുന്നു.<br>കയർ വ്യവസായത്തിലെ ആധുനികവത്ക്കരണ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരുന്നത്. തെരഞ്ഞെടുത്ത മിഷൻ കോ-ഓർഡിനേറ്റർമാരും കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ് എന്നിവർ ചേർന്ന് തെരഞ്ഞെടുക്കുന്ന 8 അംഗ വനിത ഗുണഭോക്തൃ ഗ്രൂപ്പുകളെ പഞ്ചായത്ത്തല മോണിറ്ററിംഗ് കമ്മിറ്റി കൂടിക്കാഴ്ച നടത്തി ഗ്രേഡു ചെയ്ത് തെരഞ്ഞെടുത്ത വനിതാ ഗ്രൂപ്പുകളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി സജ്ജമാക്കിയത്. ഇപ്രകാരം തെരഞ്ഞെടുത്ത ഗ്രൂപ്പ് അംഗങ്ങൾക്ക് യഥാവിധി ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകൾക്ക് പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിലും ക്രീൽമാറ്റ് യൂണിറ്റുകൾക്ക് കേന്ദ്രസർക്കാർ സ്ഥാപനമായ കയർ ബോർഡിന്റെ സി.സി.ആർ.ഐ യൂണിറ്റിലുമായി സാങ്കേതിക പരിശീലനം നൽകുകയും മാനേജിരിയൽ, അക്കൗണ്ടിംഗ്, |

സംഘത്തിന്-ന് മേൽ പദ്ധതിയിലുൾപ്പെടുത്തി 2,54,172/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും 10,90,182/- രൂപയുടെ മെഷീനറികൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ടി കെട്ടിടം തീരദേശ പരിപാലന നിയമപ്രകാരമുള്ള 200 മീറ്റർ ദൂരപരിധി പാലിച്ചിട്ടില്ലാത്തതിനാൽ കെട്ടിട നമ്പർ നൽകാനാകില്ല എന്ന് പഞ്ചായത്തധികൃതർ അറിയിച്ചതിനെതുടർന്ന് ബോർഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി, ജില്ലാ കളക്ടർ എന്നിവർക്ക് കത്തെഴുതിയെങ്കിലും തീരദേശ പരിപാലന നിയമത്തിൽ ഇളവ് വരുത്തി കെട്ടിടത്തിന് നമ്പർ അനുവദിച്ച് ഉത്തരവുണ്ടായില്ല. കെട്ടിട നമ്പർ അനുവദിക്കാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കാനും കഴിഞ്ഞില്ല.

കമീൽ വനിതാ കയർ ഉൽപ്പാദക സംഘം യൂണിറ്റിന് അനുവദിച്ച കെട്ടിടവും യന്ത്ര സാമഗ്രികളും ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 18.05.2015-ൽ നേരിട്ട് പരിശോധന നടത്തിയതിൽ സമീപത്തെ തെങ്ങ് കടപുഴകി വീണ് കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇലക്ട്രിഫിക്കേഷൻ ജോലികൾ ചെയ്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിനകത്തു സ്ഥാപിച്ച യന്ത്രസാമഗ്രികകൾ തുരുമ്പിച്ച് നശിച്ച അവസ്ഥയിലുമാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഒരു ദിവസം പോലും യൂണിറ്റ് പ്രവർത്തിച്ചില്ല.

തീരദേശ പരിപാലന നിയമം ബാധകമായ സ്ഥലത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ 2,54,172/- രൂപ ചെലവഴിച്ച് കെട്ടിടം പണിയുകയും വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്നിട്ടും 10,90,182/- രൂപയുടെ യന്ത്രസാമഗ്രികകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തത് വീഴ്ചയാണ്. ഈ യൂണിറ്റിനായി പദ്ധതി പണത്തിൽ നിന്നും 15 ലക്ഷത്തോളം രൂപ ബോർഡ് പാഴാക്കിയതായി വിലയിരുത്തുന്നു.

2. സ്ഥലവും കെട്ടിടവുമില്ലാതെ യന്ത്ര സാമഗ്രികൾ വാങ്ങി - 3.5 ലക്ഷം രൂപ പാഴായി.

ആറാട്ടുപുഴ പഞ്ചായത്തിൽ സൂതിജനി ഗ്രൂപ്പിന് ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റ് അനുവദിച്ചെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ കെട്ടിടം വ്യക്തിത്വ വികസനം എന്നിവയിൽ വ്യവസായ സംരംഭകരെ അംഗീകൃത ഏജൻസികൾ മുഖേന പരിശീലനം നൽകുകയും ചെയ്തിരുന്നു.

ഇങ്ങനെ തെരഞ്ഞെടുത്ത വനിതാ ഗ്രൂപ്പുകൾക്ക് പദ്ധതിയുടെ മിഷൻ കോർഡിനേറ്റർമാർ പദ്ധതി തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നൽകുകയും വിവിധ അനുമതികൾ തേടുന്നതിന് അവരെ സഹായിക്കുകയും ചെയ്തിരുന്നു.

സർക്കാർ അംഗീകരിച്ച സുനാമി പുനരധിവാസ കയർ അധിഷ്ഠിത ജീവനോപാധി പദ്ധതി പ്രകാരം കയർ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് പദ്ധതി നിർവ്വഹണ ചുമതലവും പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും, വിപണനവും ഉൾപ്പെടെയുള്ളവ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്, സി.സി.ആർ.ഐ. കയർ ബോർഡ് എന്നീ സ്ഥാപനങ്ങൾക്കുമാണ് ചുമതലയുണ്ടായിരുന്നത്.

പല ഘട്ടങ്ങളിലായി സമയപരിധി ദീർഘിപ്പിച്ച സുനാമി പദ്ധതികൾ 2010 സെപ്റ്റംബർ 30 നകം പൂർത്തീകരിക്കണമെന്ന സർക്കാർ അന്തിമ നിർദ്ദേശം നൽകുകയും ആയതുപ്രകാരം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയും അനുവദിച്ച തുക തിരികെ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമാണ് പദ്ധതിക്കാവശ്യമായി വന്ന മെഷീനറികൾക്ക് നടപടിക്രമങ്ങൾ പാലിച്ച് മുൻകൂർ സപ്ലൈ ഓർഡർ നൽകാനിടയായിട്ടുള്ളത് എന്നും മാർക്കറ്റിൽ റെഡി ടു പർച്ചേസ് വ്യവസ്ഥയിൽ ലഭ്യമല്ലാത്ത മെഷീനറികൾ ആയതിനാലാണ് മുൻകൂട്ടി സപ്ലൈ ഓർഡർ നൽകേണ്ടി വന്നത് എന്നും ക്ഷേമനിധി ബോർഡ് അറിയിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ചില വനിതാ ഗ്രൂപ്പുകൾക്ക് യൂണിറ്റ് നടത്തുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാതെ വന്നതിനാൽ ആലപ്പുഴ ജില്ല യിലെ രണ്ട് ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റുകൾക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇപ്രകാരം ഈ രണ്ടു ഗ്രൂപ്പുകൾക്കായി വാങ്ങിയ മെഷീനറികൾ പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിൽ സൂക്ഷിക്കുന്നതിനാണ് പദ്ധതി നിർവ്വഹണത്തിനുള്ള ടെക്നിക്കൽ കമ്മറ്റി നിർദ്ദേശിച്ചത്. ഇതിൽ ഒരു ഗ്രൂപ്പിന് പിന്നീട് സ്ഥലം ലഭിച്ചതിനെത്തുടർന്ന് (ആദി ഗ്രൂപ്പ്, പുന്നപ്ര) കെട്ടിടം നിർമ്മിച്ച് മെഷീനറികൾ സപ്ലൈ ചെയ്തിരുന്നു.

പണി നടന്നില്ല. എന്നാൽ ഈ ഗ്രൂപ്പിന് വേണ്ടി 351600/- രൂപയുടെ യന്ത്ര സാമഗ്രികൾ വാങ്ങി.

1. 3 സ്പിന്നിംഗ് മെഷീൻ (ഒന്നിന് 102200/- രൂപ നിരക്കിൽ) - 3,06,600/-
2. 2 വില്ലോയിംഗ് മെഷീൻ - 45,000/-

**ആകെ** - 3,51,600/-

യൂണിറ്റിന് സ്ഥലവും കെട്ടിടവും ലഭ്യമാകാത്ത സാഹചര്യത്തിൽ മെഷീനറികൾ ഫോം മാറ്റിംഗ്സ് ഇന്ത്യ എന്ന സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്നതിനായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യന്ത്ര സാമഗ്രികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ (എൻക്വയറി നം.7/18.5 2015) സി.ഇ.ഒ മറുപടി ലഭ്യമാക്കിയില്ല. സ്ഥലവും കെട്ടിടവും ഇല്ലാത്ത ഗ്രൂപ്പിന് വേണ്ടി 3,51,600/- രൂപ ചെലവഴിച്ച് യന്ത്ര സാമഗ്രികൾ വാങ്ങിയത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്.

സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 18 കയർ സ്പിന്നിംഗ് യൂണിറ്റുകളും 3 ക്രിൽമാറ്റ് യൂണിറ്റുകളും പ്രവർത്തനമാരംഭിച്ചതായി പറയുന്നുണ്ടെങ്കിലും നിലവിൽ ഒരു യൂണിറ്റുപോലും പ്രവർത്തിക്കുന്നില്ല എന്നാണ് അറിയുന്നത്. ആസൂത്രണത്തിലെ പാളിച്ചകൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്ന വീഴ്ച, മേൽനോട്ടത്തിന്റെ അഭാവം എന്നിവ മൂലം പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. ക്ഷേമനിധി ബോർഡ് 18 കയർ തൊഴിലാളി യൂണിറ്റുകൾക്കായി അനുവദിച്ച 2 കോടിയോളം രൂപ ബോർഡിന്റെ തന്നെ വീഴ്ച മൂലം പാഴായതായി വിലയിരുത്തുന്നു.

ആറാട്ടുപുഴ പഞ്ചായത്തിലെ സുതിജനി വനിതാ കയർ സ്പിന്നിംഗ് ഗ്രൂപ്പിന് കെട്ടിട നിർമ്മാണത്തിനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാതെ വന്നതിനാൽ യൂണിറ്റ് രൂപീകരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കമ്പനിയിൽ സൂക്ഷിച്ചിരുന്ന ഈ ഗ്രൂപ്പിനുള്ള മെഷീനുകൾ 2016 വരെ ഫോം മാറ്റിംഗ്സ് ഇന്ത്യയിൽ ഉപയോഗിച്ചു വന്നിരുന്നു. ഉൽപ്പാദന ക്ഷമത കുറവായതിനാൽ ടി മെഷീനുകൾ നിലവിൽ ഉപയോഗിക്കുന്നില്ല. (ഈ ഗ്രൂപ്പിന് കെട്ടിടം നിർമ്മിക്കാത്തതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല)

ചേർത്തല തെക്ക് പഞ്ചായത്തിൽ അനുവദിച്ച ക്രിൽ മാറ്റ് യൂണിറ്റായ കമീൽ വനിതാ കയർ ഉൽപാദക സംഘം പദ്ധതിയ്ക്കായി കണ്ടെത്തി നൽകിയ സ്ഥലത്ത് (ഗ്രൂപ്പ് പ്രസിഡന്റിന്റെ വക സ്ഥലം) കെട്ടിടം നിർമ്മിക്കുകയും മെഷീനറികൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്ത് വൈദ്യുതി കണക്ഷനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആവശ്യമായി വന്ന വേളയിൽ തീരദേശ നിയമപ്രകാരം കെട്ടിട നിർമ്മാണം അനുവദിക്കാൻ കഴിയില്ലെന്ന് പഞ്ചായത്ത് അറിയിക്കുകയും തുടർന്ന് തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി തേടുകയും ചെയ്തിരുന്നു. ആയതു വൈകുന്ന സാഹചര്യത്തിൽ സെമി ടെമ്പററി നിർമ്മാണം എന്ന നിലയ്ക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതി നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചെങ്കിലും പിന്നീട് പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച് ഗ്രൂപ്പ് പ്രസിഡന്റിന്റെ കുടുംബാംഗങ്ങൾ തമ്മിലുണ്ടായ അവകാശ തർക്കത്തിന്റെ പേരിൽ പഞ്ചായത്തിന്റെ അനുമതി ലഭിക്കാതിരുന്നതാണ് കമീൽ ഗ്രൂപ്പിന് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതിനു കാരണമായത്.

2011 ജൂലൈ മാസം വരെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികളും, തുടർ സഹായങ്ങളും ക്ഷേമനിധി ബോർഡ് നടത്തിയിരുന്നു. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനായി ഈ വനിത ഗ്രൂപ്പുകളുടെ കൺസോർഷ്യം രൂപീകരിക്കുകയും തീരമൈത്രി സംഘം എന്ന നിലയിൽ ഫിഷറീസ്, കയർ വകുപ്പുകളുടെ തുടർ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നു. ഗ്രൂപ്പുകൾക്ക് കയർഫെഡ് വഴി കുറഞ്ഞ നിരക്കിൽ റോമെറ്റീരിയൽ നൽകുകയും ഇവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കയർഫെഡ് തന്നെ സംഭരിച്ച് വില നൽകുകയും ചെയ്തിരുന്നു.

| | | |
|---|---|---|
| | | ടി പദ്ധതിയുടെ തുടർ നടത്തിപ്പിൽ 2011 ആഗസ്റ്റ് മാസത്തിനു ശേഷം പദ്ധതി നിർവ്വഹണ ഏജൻസി എന്ന നിലയിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് താൽപര്യം കാട്ടുകയോ ഗ്രൂപ്പുകളെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.നിലവിൽ ഈ ഗ്രൂപ്പുകളുടെ സ്ഥിതി പരിശോധിച്ചതിൽ കടലുണ്ടി ധനശ്രീ ഗ്രൂപ്പിന്റെ യൂണിറ്റ് കടലുണ്ടി കയർ സംഘത്തിന്റെ ഉത്തരവാദിത്തത്തിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>പദ്ധതി ഫണ്ടിൽ അവശേഷിച്ച തുക വിനിയോഗിച്ച് യൂണിറ്റുകളെ പുനർ ജീവിപ്പിക്കാനുള്ള സാധ്യതകൾ പോലും പരിഗണിക്കാതെ പദ്ധതിയിൽ അവശേഷിച്ച 8,17,010/- രൂപ 19.03.2013 ൽ ബോർഡ് സർക്കാരിലേക്ക് തിരികെ അടയ്ക്കുകയാണുണ്ടായത്.പദ്ധതി നിർവഹണത്തിലുണ്ടായ തടസങ്ങൾ നീക്കുന്നതിനാവശ്യമായ യാതൊരു ഇടപെടലുകളോ, നിർദേശങ്ങളോ, പരിഹാര നടപടികൾക്കോ ബന്ധപ്പെട്ട ഏജൻസികൾ നടപടികൾ സ്വീകരിക്കാതിരുന്നതാണ് സുനാമി പുനരധിവാസ പദ്ധതികൾ ലക്ഷ്യം നേടാതെ വന്നതെന്നും കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ക്ഷേമനിധി ബോർഡ് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ മുൻകരുതലുകൾ എടുക്കാതെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇപ്പോൾ സർവ്വീസിൽ തുടരുകയാണെങ്കിൽ വകുപ്പുതല ശിക്ഷണനടപടി എടുക്കുന്നതിന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

C.K VINODAN
Joint Secretary to Govt
Industries Department
Govt Secretariat
Thiruvananthapuram

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി - (2012-2013) സംസ്ഥാന ആഡിറ്റ് ഡയറക്ടറുടെ 2012-2013 ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6.7.1.1. മേലുള്ള നടപടി റിപ്പോർട്ട്.**

| ഖണ്ഡിക നം | ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 6.7.1.1 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രണ്ട് കലണ്ടർ വർഷത്തിനുള്ളിൽ 240 ദിവസം പൂർത്തിയാക്കിയ ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗമാകാനുള്ള തൊഴിലാളിയുടെ അർഹത സംബന്ധിച്ച തൊഴിലുടമ നൽകുന്ന സത്യവാങ്മൂലത്തിന്റെയും ബന്ധപ്പെട്ട മേഖലാ ഓഫീസ് സൂപ്രണ്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലാണ് അംഗത്വം അനുവദിക്കുന്നത്. അംഗത്വത്തിനുള്ള പ്രായം 18 വയസ്സാണ്. 18 വയസ്സിനു താഴെയുള്ളവർക്ക് അംഗത്വം നൽകുന്നത് ബാലവേലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് തുല്യമാണ്. ഇത്തരം അംഗത്വങ്ങൾ കർശനമായി ഒഴിവാക്കേണ്ടതാണ്. | കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും, കേന്ദ്ര ഖാദി കമ്മീഷന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങളിൽ ചട്ടപ്രകാരം നിശ്ചിത കാലയളവിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കാണ് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നത്. ഇപ്രകാരം അംഗത്വത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ. അപേക്ഷകന്റെ പ്രായം നിർണ്ണയിക്കുന്നതിനായി, മതിയായ രേഖകൾ സഹിതമാണ് അപേക്ഷ സ്വീകരിക്കുന്നത്. പ്രായം സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തിയ ശേഷം മാത്രമാണ് നിലവിൽ അംഗത്വം അനുവദിക്കുന്നത്. |
| | ഖാദിതൊഴിലാളികളിൽ പലരും ജോലിയിൽ പ്രവേശിച്ച് മൂന്ന്, നാല് വർഷത്തിനുശേഷമാണ് അംഗത്വത്തിന് അപേക്ഷിക്കുന്നത്. തൊഴിലാളികളുടെ അറിവില്ലായ്മമൂലവും തൊഴിലാളി തൊഴിലുടമ അംശാദായം കൃത്യസമയത്ത് ഒടുക്കുന്നതിലുള്ള സ്ഥാപനങ്ങളുടെ വീഴ്ചയുമാണ് അപേക്ഷകൾ വൈകാൻ കാരണം. അംഗത്വം വൈകുന്നതിനനുസരിച്ച് ഇവർക്കുള്ള ആനുകൂല്യങ്ങളും വൈകുന്നുണ്ട്. അംഗത്വകാര്യത്തിൽ തൊഴിലാളികൾക്ക് കൃത്യമായ ബോധവൽക്കരണം അനിവാര്യമാണ്. | ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഖാദി തൊഴിലാളികൾക്ക് അംഗത്വം ലഭിക്കുന്നതിന് ബോർഡ് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മേഖലാ തലത്തിൽ തൊഴിലാളികളുടേയും സ്ഥാപന പ്രതിനിധികളുടേയും ടി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം വിളിച്ച് തൊഴിലാളികൾക്ക് ബോധവത്ക്കരണവും നടത്തിവരുന്നു. നിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് മാത്രമാണ് ഖാദി ഗ്രാമവ്യവസായ ബോർഡിൽ നിന്ന് ഉത്സവബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ നൽകു എന്നതിനാൽ ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അർഹരായ തൊഴിലാളികൾ മാത്രമേ നിധിയിൽ അംഗത്വം എടുക്കുന്നുള്ളൂ. |

| | |
|---|---|
| ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വവും മുപ്പത് വർഷത്തെ സേവന ദൈർഘ്യവുമാണ് ഏറ്റവും കൂടിയ പ്രതിമാസ പെൻഷന്റെ അടിസ്ഥാന യോഗ്യത, പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തൊഴിലാളി മരണപ്പെട്ടാൽ അതേ നിരക്കിൽ ടിയാളുടെ അവകാശികൾക്ക് കുടുംബ പെൻഷൻ അനുവദിക്കാമെന്നും ചട്ടം 35(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഖാദി തൊഴിലാളികളായി ജോലി നോക്കിയതിന്റെയോ ക്ഷേമനിധിയിൽ അംഗത്വമെടുത്തതിന്റെയോ പെൻഷൻ അനുവദിച്ചതിന്റെയോ രേഖകൾ പരിശോധിക്കാതെ രണ്ടുപേരുടെ അവകാശികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. നിധിയിൽ അംഗമല്ലാത്ത തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് കുടുബ പെൻഷൻ നൽകിയ നടപടി ഗുരുതരമായ ചട്ടലംഘനമാണ്. | 1990-ൽ ക്ഷേമനിധി ബോർഡ് നിലവിൽ വന്ന അവസരത്തിൽ ബോർഡിന്റെ പ്രവർത്തന ഉദ്ഘാടനത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പയ്യന്നൂർ ഖാദി കേന്ദ്രത്തിൽ ഖാദി തൊഴിലാളികളായി ജോലി ചെയ്തിരുന്ന 10 തൊഴിലാളികൾക്ക് പെൻഷൻ അനുവദിയ്ക്കുകയും, ഇതിൽ രണ്ട് തൊഴിലാളികൾ മരണമടഞ്ഞതിനാൽ ഇവരുടെ അനന്തരാവകാശികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്ന് 28/09/2005-ൽ കുടുംബപെൻഷൻ നൽകിയതായി പെൻഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ രണ്ട് കുടുംബപെൻഷനുകളും നൽകുന്നില്ല. |

C.K VINODAN
Joint Secretary to Govt
Industries Department
Govt. Secretariat
Thiruvananthapuram

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2013-14)-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 4.12-ാം ഖണ്ഡികയിലെ (കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - കമ്പ്യൂട്ടറൈസേഷൻ - സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനിൽ പാളിച്ച , 26,42,860/- രൂപയുടെ പാഴ്ച്ചെലവ് ) പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016 - 19) മുമ്പാകെ സമർപ്പിക്കുന്ന ഇടക്കാല മറുപടി**

---

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 2013-14 | 4.12 | **4.12-കമ്പ്യൂട്ടറൈസേഷൻ - സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനിൽ പാളിച്ച, 26,42,860/- രൂപയുടെ പാഴ്ച്ചെലവ്.**<br><br>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായ സ്വീകരണം, ആനുകൂല്യ വിതരണം തുടങ്ങിയ എല്ലാ ജോലികളും കാര്യക്ഷമമായും, കൃത്യമായും ചെയ്യുന്നതിലേയ്ക്കായി 13/08/2003-ലെ 47(2) നമ്പർ യോഗ തീരുമാനപ്രകാരം ചീഫ് ഓഫീസും, 8 ജില്ലാ ഓഫീസുകളും കമ്പ്യൂട്ടവത്കരിക്കാനും സ്വന്തമായി ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുവാനും തീരുമാനിച്ചു. ഇതനുസരിച്ച് 2003-ൽ നടത്തിയ, പഠനത്തിന്റെ അടിസ്ഥാനത്തിൽ സി-ഡാക് നിർമ്മിച്ച സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഹാർഡ് വെയറുകൾ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ നല്കുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായി. | 18/05/2006-ലെ ജി.ഒ.(എം.എസ്) 37/2006/എൽ.ബി.ആർ. പ്രകാരം സി-ഡാകമായി സഹകരിച്ച് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും സി-ഡാകിന്റെ സ്പെസിഫിക്കേഷൻ പ്രകാരം കെൽട്രോണിൽ നിന്ന് ഹാർഡ് വെയറുകൾ വാങ്ങുന്നതിനും ഭരണാനുമതി നൽകി സർക്കാർ ഉത്തരവായതായതിനെ തുടർന്ന് 02.06.2006 ലെ കെൽട്രോണിന്റെ പ്രൊപ്പോസൽ പ്രകാരം ചീഫ് ഓഫീസിനും തിരുവനന്തപുരം ജില്ലാ ഓഫീസിനുമായി ഹാർഡ് വെയർ വാങ്ങുകയും 11.12.2006 മുതൽ തിരുവനന്തപുരം ജില്ലാ ഓഫീസിലെ രജിസ്ട്രേഷൻ നടപടികൾ ടി സോഫ്റ്റ് വെയർ മുഖേന നിർവ്വഹിച്ചിരുന്നതുമാണ്. സി-ഡാക് നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമാണ് ചീഫ് ഓഫീസിനും തിരുവനന്തപുരം ജില്ലാ ഓഫീസിനും വേണ്ടുന്ന ഹാർഡ് വെയറുകൾ കെൽട്രോൺ ലഭ്യമാക്കിയത്. തുടർന്ന് അടുത്ത ഘട്ടത്തിൽ 24.07.2007 ൽ എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലാ ഓഫീസുകളിലേയ്ക്ക് ആവശ്യമായ ഹാർഡ് വെയറുകളും ഇതേ സ്പെസിഫിക്കേഷൻ പ്രകാരം തന്നെ കെൽട്രോൺ |

ലിനക്സ് പ്ലാറ്റ് ഫോമിലുള്ള ഫെഡോറയിലാണ് സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഫെഡോറ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഹാർഡ് ഡിസ്കുകളല്ല ബോർഡ് സ്ഥാപിച്ചത്.

സി-ഡാക്ക് 21/08/2003-ൽ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്ലാറ്റ്ഫോം തയ്യാറാക്കി നല്കേണ്ടതും, ഹാർഡ് വെയർ, അക്സസറീസ് തുടങ്ങിയവ വാങ്ങേണ്ടതും ബോർഡിന്റെ ചുമതലയാണ്. സി-ഡാക്ക് കൺസൾട്ടൻസിയായി മാത്രം പ്രവർത്തിക്കുന്നതാണ്.

സി-ഡാക്കുമായി കരാറിൽ ഏർപ്പെട്ടപ്പോൾ ആന്വൽമെയിൻറനൻസ് വ്യവസ്ഥ ഇല്ലാതിരുന്നതിനാൽ സോഫ്റ്റ് വെയർ അപ്ഡേഷൻ, മെയ്ന്റനൻസ് എന്നിവ നടക്കാതിരുന്നതും ഫെഡോറ സപ്പോർട്ട് ചെയ്യുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം നല്കണമെന്ന സി-ഡാക്ക് നിർദ്ദേശം ബോർഡ് പാലിക്കാതിരുന്നതും സോഫ്റ്റ് വെയറിന്റെ പെർഫോർമൻസിനെ ബാധിച്ചു. നാളിതുവരെ പ്രസ്തുത സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ് വെയർ ഇൻസ്റ്റലേഷനായി 26,42,860/- രൂപ വിവിധ ഘട്ടങ്ങളിലായി സി-ഡാക്കിന് നല്കിയിട്ടുണ്ട്. വിവിധ തീയതികളിൽ തുക നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ലഭ്യമാക്കുകയും സി-ഡാക് വികസിപ്പിച്ച Fedora എന്ന സോഫ്റ്റ് വെയർ പ്രസ്തുത ഹാർഡ് വെയറുകളിൽ പ്രവർത്തിച്ചു വന്നിരുന്നതുമാണ്. ജൂലൈ 2008 ൽ മറ്റ് 4 ജില്ലകൾക്കു വേണ്ടി നൽകിയ പ്രൊപ്പോസൽ പ്രകാരം കെൽട്രോൺ ലഭ്യമാക്കിയ ഹാർഡ് വെയറുകൾ Fedora എന്ന സോഫ്റ്റ് വെയറിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാതെ വരികയുണ്ടായി. സി-ഡാകിന്റെ സ്പെസിഫിക്കേഷനിൽ പറഞ്ഞിരുന്ന ഹാർഡ് വെയറുകൾക്ക് പകരം, സാങ്കേതിക വിദ്യയിൽ വന്ന upgradation കാരണം പുതിയ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഹാർഡ് വെയറുകളാണ് കെൽട്രോൺ ലഭ്യമാക്കിയത്. തുടർന്ന് ഇവ മാറ്റി സ്ഥാപിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകുകയും കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ Fedora സപ്പോർട്ട് ചെയ്യുന്ന ഹാർഡ് വെയറുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

മുൻപ് സ്ഥാപിച്ച ഹാർഡ് വെയറുകൾ കാലപ്പഴക്കം കൊണ്ട് തകരാറിലാവുകയും നന്നാക്കി ഉപയോഗിക്കാൻ പറ്റാത്ത വിധം ടി ഹാർഡ് വെയറുകളുടെ സ്പെയർപാർട്ടുകൾ ലഭിക്കാതെയുമായി. തുടർന്ന് മാർക്കറ്റിൽ ലഭ്യമായ പുതിയ ഹാർഡ് വെയറുകൾ ബോർഡിൽ വാങ്ങിയിരുന്നു. എന്നാൽ, പുതുതായി വാങ്ങിയ ഹാർഡ് വെയറുകളിൽ പഴയ സാങ്കേതിക വിദ്യയിൽ നിർമ്മിച്ച 'ഫെഡോറ' എന്ന സോഫ്റ്റ് വെയർ ശരിയായ രീതിയിൽ പ്രവർത്തിക്കാതെ വരികയും, സാങ്കേതിക വിദഗ്ധരുമായി ബന്ധപ്പെട്ട് ടി തകരാർ പരിഹരിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ടി സോഫ്റ്റ് വെയറുകൾ ആധുനിക സാങ്കേതിക വിദ്യയിലേയ്ക്ക് മാറ്റിയാൽ മാത്രമേ ടി

| നം. | തീയതി | ചെക്ക് നമ്പർ | തുക (രൂപ) | |
|---|---|---|---|---|
| 01 | 13/04/04 | 074251 | 2,90,000/- | |
| 02 | 03/08/06 | 222900 | 2,17,500/- | |
| 03 | 06/07/07 | 173203 | 2,00,000/- | |
| 04 | 24/05/08 | 163981 | 80,000/- | |
| 05 | 18/08/08 | 163982 | 1,00,000/- | 15,87,500/- രൂപ |
| 06 | 15/12/08 | 173369 | 3,00,000/- | |
| 07 | 22/07/09 | 068882 | 1,00,000/- | |
| 08 | 29/07/09 | 068891 | 1,00,000/- | |
| 09 | 29/09/09 | 068908 | 2,00,000/- | |
| 10 | 22/08/05 | 344852 | 61,410/- | 10,55,360/- രൂപ |
| 11 | 07/03/07 | 162518 | 4,41,800/- | |
| 12 | 28/01/08 | 155560 | 2,46,040/- | |
| 13 | 29/09/09 | 068907 | 3,06,110/- | |
| ആകെ | | | 26,42,860/- | |

ബോർഡിന്റെ കെടുകാര്യസ്ഥതമൂലം 26,42,860/- രൂപ പാഴായി. ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ (2004-2010) പേരു വിവരം ചുവടെ ചേർക്കുന്നു.

സോഫ്റ്റ് വെയർ കാര്യക്ഷമമായി പ്രവർത്തിക്കുകയുള്ളവെന്ന് അറിയിച്ചതിൻ പ്രകാരം 01/02/2016-ലെ സ.ഉ (സാധാ) നമ്പർ 139/2016/തൊഴിൽ ഉത്തരവിന്റെ അനുമതിയ്ക്ക് വിധേയമായി നിലവിലുണ്ടായിരുന്ന സോഫ്റ്റ് വെയറിനെ ആധുനിക സാങ്കേതിക വിദ്യയിയിലേയ്ക്ക് മാറ്റി പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടെന്നും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും അക്ഷയ കേന്ദ്രങ്ങൾ മുഖേനയും അപേക്ഷ സമർപ്പിക്കുന്നതിനും, അംശദായം ബാങ്ക് മുഖേനയും ഓൺലൈനായും അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഒടുക്കുന്നതിനും കഴിയും. കൂടാതെ, ബോർഡിന്റെ സോഫ്റ്റ് വെയറിനെ ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ഹോസ്റ്റ് ടു ഹോസ്റ്റ് ഇന്റഗ്രേഷൻ സംവിധാനം ഉപയോഗിച്ച് പരസ്പരം ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുമൂലം പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്കിൽ പോകാതെ തന്നെ ഓഫീസിൽ നിന്നും നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് മിനിട്ടുകൾക്കുള്ളിൽ നല്കുന്നതിന് കഴിയും. തൊഴിലാളികൾ ഒടുക്കുന്ന അംശദായത്തിനും , അപേക്ഷ സമർപ്പണത്തിനും, ആനുകൂല്യ വിതരണത്തിനും എസ്.എം.എസ് വഴിയുള്ള അറിയിപ്പുകളും നല്കുന്നുണ്ട്. ബോർഡിൽ നിലവിലുണ്ടായിരുന്ന സോഫ്റ്റ് വെയറിനെ പരിഷ്കരിച്ച് പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കിയതിലൂടെ ബോർഡിൽ നിന്നും നല്കുന്ന സേവനങ്ങൾ വളരെ വേഗത്തിലും തൊഴിലാളികളുടെ പരമാവധി സമീപത്തായും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നും ആയതിനാൽ, 2013-

| | | |
|---|---|---|
| 01 | ശ്രീ. കെ. രാജശേഖരൻ നായർ | (10-10-2001 മുതൽ 26-10-2005 FN വരെ) |
| 02 | ശ്രീ. പി. എം. രഘുകുമാർ (സി.ഇ.ഒ യുടെ അധിക ചുമതല) | (26-10-2005 മുതൽ 31-03-2006 വരെ) |
| 03 | ശ്രീ. വി. എ. അനിൽ-കുമാർ | (01-04-2006 മുതൽ 05-08-2006 വരെ) |
| 04 | ശ്രീ. എൻ. രാജൻ പിള്ള | (06-08-2006 മുതൽ 20-04-2007 വരെ) |
| 05 | ശ്രീ. വി. എ. അനിൽ-കുമാർ | (21-04-2007 മുതൽ 07-04-2008 FN വരെ) |
| 06 | ശ്രീ. അബ്ദുൾ നിസ്സാർ | (07-04-2008 AN മുതൽ 17-05-2010 വരെ) |

(ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ മേൽ വിലാസം ലഭ്യമാക്കിയിട്ടില്ല)

14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട 4.12 ഖണ്ഡിക ഒഴിവാക്കണമെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) മുൻപാകെ സവിനയം അഭ്യർത്ഥിക്കുന്നു.

കൂടാതെ, ഓഡിറ്റ് റിപ്പോർട്ടിലെ 4.12 ഖണ്ഡികയിന്മേലുള്ള സർക്കാർ നിർദ്ദേശപ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള തുടർന്നടപടികൾ സ്വീകരിച്ചുവരുന്നതായും, റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ബോർഡിന്റെ മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനാൽ ഉദ്യോഗസ്ഥരുടെ നിലവിലെ മേൽ വിലാസം ലഭ്യമാക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭിക്കുമ്പോൾ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പരാമർശങ്ങളും ഇതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശവും ബന്ധപ്പെട്ടവർക്ക് രേഖാമൂലം നൽകുന്നതും ഇതിന്മേലുള്ള തുടർനടപടി റിപ്പോർട്ട് സമർപ്പിക്കുന്നതുമാണെന്നും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) മുൻപാകെ സവിനയം അറിയിക്കുന്നു.

ഡി. ലാൽ
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ 0471 - 2518240

**കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2013-14 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 8.4.2 -ാം ഖണ്ഡികയിലെ (ഡെപ്യൂട്ടേഷൻ നിയമനവും സാമ്പത്തിക ബാധ്യതയും - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ) പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട് .**

| ഖണ്ഡിക 8.4.2 - ഓഡിറ്റ് പരാമർശം | നടപടി റിപ്പോർട്ട് |
|---|---|
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ജില്ലാ ഓഫീസിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലുള്ള രണ്ട് ജീവനക്കാരും കൊല്ലം ജില്ലാ ഓഫീസിൽ ഒരാളും പാലക്കാട് ജില്ലാ ഓഫീസിൽ സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള വ്യക്തിയുമാണ് 2010-11 ൽ എൽ.ഡി ക്ലാർക്കായി ജോലി നോക്കിയത്. എൽ. ഡി. ക്ലാർക്കിനെ നിയമിച്ചിരുന്നുവെങ്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹ 89,892/- അടച്ചാൽ മതിയായിരുന്നു. എന്നാൽ ടി ജീവനക്കാർക്ക് വേണ്ടി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹ 1,42,344/- ബോർഡ് ഫണ്ടിൽ നിന്ന് അടച്ചു. ആയതിനാൽ ₹ 52,452/- പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ മാത്രം ബോർഡിന് അധികച്ചെലവുണ്ടായി. അതുപോലെ പാലക്കാട്, കൊല്ലം എന്നീ ജില്ലാ ഓഫീസിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് നിലവിലെ സ്കെയിലിൽ നല്കിയ ശമ്പളവും ടി തസ്തികയിൽ നല്കേണ്ടിയിരുന്ന ശമ്പളവും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയപ്പോൾ ₹ 2,08,776/- ബോർഡിന് ശമ്പളമിനത്തിൽ അധികം ചെലവു വന്നതായി കാണുന്നു. | 2014 ജൂൺ മാസത്തിലാണ് ബോർഡിന്റെ കാസർഗോഡ് ജില്ലാ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നത്. അക്കാലയളവ് വരെ ബോർഡിന്റെ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് കാസർഗോഡ് ജില്ലയിലെ തയ്യൽ തൊഴിലാളികളുടെ ക്ഷേമനിധി സംബന്ധമായ കാര്യങ്ങൾ ചെയ്തിരുന്നത്. ഓഫീസിലെ ദൈനംദിന ജോലികളായ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അംശദായം സ്വീകരിക്കൽ, അപേക്ഷകൾ തീർപ്പാക്കൽ എന്നിവ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയും ബോർഡിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് സമാന തസ്തികയിലുള്ള ജീവനക്കാരുടെ അപേക്ഷകൾ ലഭിക്കാത്തതുമായ സാഹചര്യത്തിലാണ് സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരുടെ അന്യത്രസേവന അപേക്ഷകൾ ബോർഡ് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്യത്രനിയമനം നൽകുകയും ചെയ്തത്.<br><br>തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ പരിധിയിലുള്ള പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ അനുവദിച്ചിട്ടുള്ള ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സെക്രട്ടറിയേറ്റ് ടൈപ്പിസ്റ്റിന്റെ അപേക്ഷയിലും മേൽ ഖണ്ഡികയിൽ വ്യക്തമാക്കിയ സാഹചര്യത്തെ തുടർന്നാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.<br><br>ബോർഡിന്റെ കീഴിൽ ഏറ്റവും കൂടുതൽ തൊഴിലാളികളും ആനുകൂല്യ അപേക്ഷകളും |

| | |
|---|---|
| | പ്രോസസ്സ് ചെയ്യുന്നത് കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലാണ്. കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാര പരിധിയിലുള്ള പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തിക അനുവദിച്ചിട്ടില്ല. ടി ഓഫീസിലെ തൊഴിലാളികളുടെ ക്ഷേമനിധി സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടിയുള്ള ക്രമീകരണത്തിന് വേണ്ടി കൂടിയാണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റ് അസിസ്റ്റന്റിന് അന്യത്രസേവന നിയമനം നൽകിയിട്ടുള്ളത്.<br>നിലവിൽ ബോർഡിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായി വരുന്ന ഘട്ടത്തിൽ സമാന തസ്തികയിലേയ്ക്കുള്ള അന്യത്ര സേവനത്തിനുള്ള അപേക്ഷകൾ മാത്രമാണ് ബോർഡ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് വരുന്നത്. ജീവനക്കാരെ ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ നിർവഹിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. |

നിഷ. എസ്.
അഡീഷണൽ സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ. 2518348